[illegible]

# നക്ഷത്രരാജ്യം

## മാസിക



- [illegible] - [illegible]
- [illegible] - [illegible]
- അറിയുന്നതും അറിയാത്തതും - [illegible]
- [illegible] - [illegible]
- [illegible] - [illegible]



മുഖചിത്രം: ലളിതാംബിക അന്തർജനം


**NAKSHATHRA RAJYAM**
(Monthly Magazine)
2009 April 30 – May 29
Reg. No. 2008/11/2718/D/
Issue 2 Volume 4

*Chief Editor, Publisher & Own by*
**E. Radhakrishnan Kommeri**



**Nakshathra Rajyam**
24/1704 A, Raj Building,
Byepass Road,
Mankave, Kozhikode - 07
Kerala, India.
Mob : 9744233997
9847649567



*Inside Art:*
**Rakesh**

**Price Rs. 5.00**



**നക്ഷത്ര രാജ്യം തപാലിൽ ലഭിക്കാൻ വരിക്കാരാവുക.**


## എഡിറ്റോറിയൽ

# അച്ചടി മാധ്യമങ്ങളും - ദൃശ്യമാധ്യമങ്ങളും

**വാ**യന ഏറെക്കുറെ പിറകോട്ടുപോകുന്ന കാലഘട്ടത്തിലൂടെയാണ് ഭാരതീയരായ നമ്മുടെ സഞ്ചാരപഥം. വിദ്യാഭ്യാസപരമായി ഉയർന്നു നിൽക്കുന്ന നമ്മുടെ കൊച്ചുകേരളത്തിലെ മലയാള ഭാഷയിലും, ഈ വായന അലംഭാവം മൂലം ഉടലെടുക്കുന്ന പ്രതിസന്ധികൾ ധാരാളം ഉണ്ട്. ഏറെക്കുറെ ഉള്ള എല്ലാ ഭാഷകളിലും ഇത്തരം വായനാ അലംഭാവം മൂലമുള്ള പ്രതിസന്ധികൾ ഭാരതത്തിൽ നമുക്ക് കാണാൻ കഴിയാറുണ്ട്. ദൃശ്യമാധ്യമങ്ങളുടെ കടന്നുകയറ്റമാണ് ഈ വായന അലംഭാവം മൂല മുള്ള പ്രതിസന്ധിക്ക് കാരണമെന്ന് അത് ശരിയായിരുന്നാലും തെറ്റാ യിരുന്നാലും വേണമെങ്കിൽ നമുക്ക് സമർത്ഥിക്കാൻ കഴിയും. ചില ദൃശ്യ മാധ്യമ സഹവർത്തികളുടെ കണ്ടെത്തലുകളിൽ നിന്നുള്ള കാരണമാകാം അത്. വെടക്കാക്കി നശിപ്പിക്കാനുള്ള കപടബുദ്ധി. എന്നാൽ വായനയും ദൃശ്യവും ആർഷഭാരതസംസ്കാരത്തിന് ശരീരത്തിന്റെ ഇടംകയ്യും വലം കയ്യും തന്നെയാണെന്നതിൽ ബുദ്ധിക്ക് സംശയമില്ല. അതെന്തായിരു ന്നാലും അച്ചടിമാധ്യമങ്ങളാണ് ഇത്തരം പ്രതിസന്ധികളിൽ പെട്ട് ഞെരി ഞ്ഞമരുന്നതെന്ന കാര്യത്തിൽ തർക്കമില്ലാത്ത ഒരു വസ്തുതയായി നമുക്ക് കണക്കാക്കാം. അച്ചടി മാധ്യമങ്ങളുടെ മുൻപന്തിയിൽ പ്രധാന മായും പത്രമാധ്യമങ്ങളും അതിൽ ഉൾപ്പെടുന്ന മാഗസിനുകളുമാണു ള്ളത്. അതുകൊണ്ട്തന്നെ വായന അലംഭാവം മൂലമുണ്ടാകുന്ന പ്രതി സന്ധികൾ പത്രമാധ്യമങ്ങളെയും ചെറുകിട മാഗസിനുകളെയുമാണ് പ്രതിസന്ധിയിലാക്കുന്നതെന്ന് നമുക്ക് നിസ്സംശയം പറയാൻ കഴിയും.

നക്ഷത്രരാജ്യം മാഗസിനും കേരളത്തിലെ ഒരു ചെറുകിട മാസി കയാണ്. ഏപ്രിൽ മാസം മുപ്പതാം തീയ്യതി ആറാം ലക്കം പ്രസിദ്ധീക രിക്കുന്ന നക്ഷത്രരാജ്യം മാസിക ഈ കാലഘട്ടത്തിനിടയിൽ ഒരു മാഗ സിൻ നടത്തിപ്പിനിടയിലെ പ്രതിസന്ധികൾ തൊട്ടറിഞ്ഞനുഭവിച്ചവരാ ണ്. അതുകൊണ്ട് തന്നെ പിറകോട്ടു തിരിഞ്ഞുനോക്കിയാൽ മാസികാ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് നന്ദിപൂർവ്വം സ്മരിക്കാൻ കടപ്പാ ടുള്ള വരെ ഹൃദയത്തിന്റെ ഭാഷയിൽ സ്മരിക്കുവാനുള്ള ഒരു അവസര മായി കൊണ്ടാണ് ഈ എഡിറ്റോറിയൽ ചേർക്കുന്നതെന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്.

മലയാളത്തിലെ പ്രഗൽഭരായ പല സാഹിത്യകാരന്മാരുടെയും കവികളുടെയും സാഹിത്യങ്ങൾ നക്ഷത്രരാജ്യം മാസികയിൽ പ്രസി ദ്ധീകരിക്കുവാൻ ഈ ആറുമാസകാലയളവിനുള്ളിൽ ഞങ്ങൾക്ക് സാധിച്ചിട്ടുണ്ട്. അതൊരു ഭാഗ്യമായി ഞങ്ങൾ കണക്കാക്കുകയാണ്. അതുപോലെ പ്രശസ്ത സാഹിത്യകാരൻ യു.എ. ഖാദർ സാറിനെ സ്മരി ക്കുമ്പോൾ അദ്ദേഹത്തിന്റെ വിനയത്തെക്കുറിച്ചാണ് ഓർമ്മ വരുന്നത്. ഏപ്രിൽ ലക്കം മാഗസിൻ ഒന്നുകൂടി നന്നാക്കാൻ ഒരു കൃതിവേണമെന്ന് ഡി.ടി.പി. അവസാനനാൾ ഇരുപത്തേഴാം തീയ്യതി രാത്രി ചെന്ന് അദ്ദേ ഹത്തിനോട് ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം ഇരുപത്തേഴാം തീയ്യതി രാത്രി നക്ഷത്രരാജ്യം മാഗസിനുവേണ്ടി എഴുതിതന്ന "വൻമരങ്ങൾ വീഴ്ത്തരുത്" എന്ന കൃതി പിറ്റേന്ന് ഉച്ചയ്ക്ക് അദ്ദേഹം തന്നെ ഡി.ടി.പി. പ്രൂഫ് നോക്കി "നന്മ മരങ്ങൾ" എന്നാക്കി ടൈറ്റിൽ തിരുത്തിതരുകയും ചെയ്ത അദ്ദേഹത്തോടുള്ള നന്ദിയും കടപ്പാടും (അദ്ദേഹത്തിന്റേതായി മൂന്ന് കൃതികൾ നക്ഷത്രരാജ്യത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്) അതു പോലെ നക്ഷത്രരാജ്യവുമായി ഏറെ സഹകരിച്ച കേരളത്തിലെ പ്രശസ്ത സാഹിത്യകാരി കെ.പി. സുധീര (മേഡത്തിന്റേതായി മൂന്നു കൃതികൾ നക്ഷത്രരാജ്യം മാഗസിൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്) ബഹു: പി.

*(ശേഷം പേജ് 29 ൽ)*




# നന്മമരങ്ങൾ



യു.എ. ഖാദർ


കാറ്റത്ത് ഇളകിയാടുന്ന തളിരിലകൾ നിറയേ പേറി ചുറ്റിലും തണൽ തൂവി ആ അരയാൽ ബജാറിന്റെ വടക്കേത്തലയ്ക്കൽ ഇപ്പോഴും ശാന്തയായി അങ്ങനെ നിൽപ്പുണ്ട്. മുനിസിപ്പാലിറ്റി കെങ്കേമമാക്കി നാട് നഗരമാക്കാൻ ഒരുങ്ങിപ്പുറപ്പെട്ടവരുടെ കണ്ണും കോടാലികളും അതിന്റെ കടയ്ക്കൽ ഇതുവരെ പതിയാതിരുന്നത് മുമ്പുള്ളവരുടെ സുകൃതം. നൂറ്റാണ്ടുമുമ്പ് പൊതുനിരത്താവാൻ ഇടയുള്ള ഇടത്തിൽ ഏതോ പുണ്യാത്മാവ് കുഴിച്ചിട്ടതാവാം അതല്ലെങ്കിൽ കാരമുളച്ചതുമാവാം.

ഞാൻ കാണുന്ന കാലംതൊട്ടേ അത് നിരത്തോരത്തിൽ പടർന്ന് പന്തലിച്ച് നിഴലും തണലും കാറ്റും സമൃദ്ധമായി കനിഞ്ഞ് നില്ക്കുന്ന വൻമരം തന്നെയായിരുന്നു. മരച്ചുവട്ടിന്നല്പം പടിഞ്ഞാറ് മാറി ശിവരാമകൃഷ്ണയ്യരുടെ ഉടമസ്ഥതയിൽ ബർമ്മാ ഷെൽ കമ്പനി വക നാട്ടിലെ ആദ്യത്തെ പേട്രോൾ പമ്പ് വന്നപ്പോൾ ഞങ്ങൾ കുട്ടികൾക്ക് അതൊരു കൗതുകക്കാഴ്ചയായി. അരയാലിന്റെ തൊട്ടുവടക്കേ ദിശയിലായിരുന്നു പണ്ടു ടൂറിംഗ് ടാക്കീസുകാർ വന്ന് തമ്പടിച്ച് ചുറ്റും വേലികെട്ടി മറച്ചു ജനറേറ്റർ പ്രവർത്തിപ്പിച്ച്, ഇല്ട്രിക് വിളക്കുകൾ കത്തിച്ചു, അലങ്കാരങ്ങൾ നടത്തി സിനിമകൾ പ്രദർശിപ്പിക്കാറുണ്ടായിരുന്നത്.

അരയാൽ ചുവട്ടിൽ നിലയുറപ്പിയ്ക്കുന്ന കുട്ടികൾക്ക് ജനറേറ്ററിന്റെ ചക്രങ്ങൾ കറങ്ങുന്നതും പുകക്കുഴലിലൂടെ പുകതുപ്പുന്നതും വിളക്കുകാലുകളിൽ ബൾബുകളെരിയുന്നതും കണ്ടു എത്രനേരം വേണമെങ്കിലും നിൽക്കാം. സിനിമാക്കമ്പനിക്കാർ ടെന്റും പൊളിച്ചു വേറെ ദിശകളിലേക്ക് പോയാൽ ആ പുറമ്പോക്കിൽ കൂടണയുക കാബൂൾക്കാരും ആനമയിലൊട്ടകം കളിക്കാരും പരദേശികളുമാണ്. രാത്രിയായാൽ ആ കൂട്ടക്കാരുടെ അന്തിയടുപ്പുകൾ എരിയുന്നതും അവർ ബഹളംവച്ച് വർത്തമാനം പറയുന്നതും അരയാൽ ചുവട്ടിലന്തിപായ വിരിയ്ക്കുന്നതും കണ്ടുരസിക്കാൻ കുട്ടികളെ ആരും ആ പ്രദേശത്ത് പറഞ്ഞയക്കുകയില്ല.

പെട്രോൾ പമ്പിലേക്ക് ചീറിപാഞ്ഞ്‌വരുന്ന ഏതെങ്കിലും ലോറിക്കാരുടെ വെട്ടത്തിൽ അരയാൽ ചുവട്ടിലെ ''വകയല്ലാ കാഴ്ചകൾ'' കൺമുന്നിൽ പെട്ടാൽ അന്നേരം അവിടെ പോലീസുകാർ എത്തി നാടോടി കൂട്ടത്തെ ആട്ടിയോടിക്കാറുണ്ടത്രെ.

തൊട്ടപ്പുറത്തേ ഓവുചാലിന്റെ മറുകരയിൽ കോടതി വളപ്പാണ്. അരയാലിന്റെ വടക്ക് വശത്തേ പുറമ്പോക്കിന്നപ്പുറത്ത് മതിൽ കെട്ടിന്നകത്ത് മുൻസീഫ് കോടതിയും മജിസ്ട്രേറ്റു കോടതിയും, പോലീസു സ്റ്റേഷനും എല്ലാം ഒന്നിച്ചുനില്ക്കുന്നു. മൂന്ന് കെട്ടിടങ്ങളും ഒരേ മേൽപ്പുരയ്ക്ക് കീഴിലാണെന്ന ഊറ്റവും പറയാം അതിനാൽ ചുറ്റുവട്ടത്തൊരിടത്തും വേണ്ടാകൂട്ടുകെട്ടുകൾ ഒന്നും നടക്കുകയില്ലായെന്നുറപ്പാണ്. എല്ലാം കണ്ടും നോക്കിയും, കുളിരും തണലും പകർന്നും. ആ അര





## കാർട്ടൂണുകൾ - ഗിരീഷ് മൂഴിപ്പാടം







യാൽ മരം അങ്ങിനെ എത്രകാലമായി തലയുയർത്തി പച്ചപ്പോടെ നിൽക്കുന്നു. പണ്ടുള്ളവരുടെ പുണ്യംപോലെ കാലത്തിന്റെ സാക്ഷിക്കൂട്ടിൽ നിൽപ്പുറപ്പിച്ച മാപ്പുസാക്ഷിയേപ്പോലെ....

അരയാലിന്റെ വടക്ക് പുറത്ത് സർക്കാർ പുറമ്പോക്കിൽ ടൗണിലെ ബസ്സ്സ്റ്റാന്റ് വന്നത് പിന്നീടാണ്. അതിനുമുമ്പ് സ്കൂൾ ഫൈനൽ കഴിഞ്ഞ് ഇനിയെന്ത് പരിപാടിയെന്നാശങ്കപ്പെട്ടു കഴിയുന്ന കാലത്ത് ഞാൻ തങ്ങുന്നതും കൂടുന്നതും കുഞ്ഞിരാമേട്ടന്റെ പ്രിന്റിംഗ് പ്രസ്സിലായിരുന്നു. എസ്.ആർ. ബ്രദേഴ്സ് പ്രിന്റിംഗ്പ്രസ്സ്. അരയാൽ നിൽക്കുന്ന നിരത്ത് വക്കിന്റെ തൊട്ടു കിഴക്കേയതിരിലായിരുന്നു കുഞ്ഞിരാമേട്ടന്റ പ്രസ്സ്. അവിടെയിരുന്നാൽ അരയാൽ കാറ്റിൽ എല്ലാ ക്ഷീണവും ആറിതണുക്കും. കുഞ്ഞിരാമേട്ടന്റെ വകയായുള്ള ശ്ലോകങ്ങൾ കേട്ടാസ്വദിച്ചാൽ മനസ്സിലെ സകലഭാരവും ആവിയായിപ്പോകും.

കുമാരനാശാനും, ഉള്ളൂരും, വള്ളത്തോളും കുഞ്ഞിരാമേട്ടന്ന് ഹൃദിസ്ഥമായിരുന്നു. കുഞ്ഞിരാമേട്ടന്റെ പ്രസ്സിൽ വൈകുന്നേരങ്ങളിൽ ആഘോഷിക്കുന്ന അക്ഷരശ്ലോക സദസ്സിൽ പങ്കാളികളാവാൻ പലരും ഒത്തുകൂടാറുണ്ടായിരുന്നു. പെട്രോൾ പമ്പിന്റെ വടക്ക് വശത്തേ പീടിക, താഴെ വൈദ്യശാലയും, മുകളിൽ അരുണോദയം പ്രസ്സും ആയ കെട്ടിടം. ഒരു വേനൽക്കാലത്ത് തമ്പടിച്ച ടൂറിംഗ് ടാക്കീസുകാരുടെ ജനറേറ്ററിന്റെ ശബ്ദം കേട്ടു കുലുക്കം സംഭവിച്ചിട്ടോ എന്തോ തകർന്ന് വീണു. മൂസ്സക്കുട്ടി മാപ്പിളയുടെ മരപ്പാണ്ടികശാലയായിരുന്നു തൊട്ടു പിന്നാമ്പുറം പടിഞ്ഞാറായി നിലനിന്നിരുന്നത്. പാണ്ടികശാലയുടെ ചുമരും ഇടിഞ്ഞു വീണു. പെട്ടെന്നുണ്ടായ ആഘാതങ്ങളിലും നഷ്ടങ്ങളില്ലും മനസ്സുതകരാതെ നിന്ന അരുണോദയം പ്രസ്സിന്റെ ഉടമസ്ഥൻ കുറിയ സ്വാമിക്കുട്ടിയും അക്ഷരശ്ലോക സദസ്സിലെ നിത്യപങ്കാളിയായിരുന്നു. അരുണോദയം പ്രസ്സ് പിന്നീട് കൊണ്ടുനടന്നതും അച്ചടി മെഷിൻ ഉപയോഗിച്ചതും, ടൈപ്പുകൾ കമ്പോസുചെയ്യാൻ പാകത്തിൽ ഒരുക്കിയെടുത്തതും സഖാവ് ചാത്തുകുട്ടിയും സഹായി കൃഷ്ണനുമായിരുന്നു. പൊളിഞ്ഞ് വീണകെട്ടിടത്തിന്റെ താഴത്തേനില പുതുക്കിപ്പണിത് വൈദ്യശാലയും പ്രസ്സും പങ്കിട്ടെടുത്തു. "കുറിയസാമികുട്ടി"യെന്ന് സകലരും വിളിക്കുന്ന പ്രസ്സുടമ മാത്രം എല്ലാറ്റിൽ നിന്നും വിട്ടു നിന്നു, അക്ഷരശ്ലോക സദസ്സിലെ നിത്യംഗം മാത്രമായി. ഒരിക്കൽപോലും ശ്ലോകത്തിന്റെ മൂന്നാം വരിയിലെ ആദ്യാക്ഷരത്തിന്ന് പാകമുള്ള ശ്ലോകം ഓർത്ത് കണ്ടുപിടിച്ചു ചൊല്ലാൻ കുറിയസാമിക്കുട്ടി വിഷമിക്കാറില്ല. നെറ്റി ചുളിക്കാറുമില്ല. ചിലപ്പോഴോക്കെ ഓർമ്മയിൽ നിന്ന് ചികഞ്ഞെടുത്ത് ഉറക്കെ ചൊല്ലുന്നതിന്ന് പകരം സ്വന്തം കൃതിയായ ശ്ലോകം മുറതെറ്റാതെ ഇരു

തിയിരുത്തി ചൊല്ലി തന്റെ ദ്രുതകവനസിദ്ധി തെളിയിക്കാറുമുണ്ടായിരുന്നു.

കുഞ്ഞിരാമേട്ടനാണ് അത് കണ്ടുപിടിക്കാറ്. കുഞ്ഞിരാമേട്ടൻ പരാതിയുന്നയിക്കും, സ്വന്തം രചന പാടില്ല. ലക്ഷണമൊത്ത ശ്ലോകം സ്വന്തം രചന അവതരിപ്പിയ്ക്കുന്നത് തെറ്റാണെങ്കിൽ വേറൊന്ന് ഇതാ പിടിച്ചോ എന്ന മട്ടിൽ ഭാഷയിലെ ഒരു ശ്ലോകം തൽക്ഷണം ഓർമ്മിച്ചെടുത്ത് ചൊല്ലി അടുത്ത ഊഴക്കാരന്റെ നേരെ നോക്കി ഒരു വിജയിയുടെ മട്ടിൽ ചിരിയ്ക്കുവാനും കൊഞ്ഞനംകാണിക്കാനും കുറിയ സാമികുട്ടിയ്ക്ക് സാധിക്കും.

കുഞ്ഞിരാമേട്ടന്റെ അക്ഷരശ്ലോകസദസ്സിൽ വന്നിരുന്ന് ശ്ലോകങ്ങൾ ഉറക്കെച്ചൊല്ലി പാടവം തെളിയിക്കുന്ന വിരുതന്മാരെ മറക്കുവാൻ പറ്റില്ല. അക്ഷരശ്ലോകങ്ങൾ കാണാപാഠമാക്കിയ അവരെല്ലാവരും ഇപ്പോൾ അരയാൽചുവട്ടിലെത്തിപ്പെട്ടാൽ എങ്ങിനെയുണ്ടാവുമെന്ന് പെട്ടെന്ന് ഞാനോർത്തു. ചിത്രകാരനും ഫോട്ടോഗ്രാഫറുമായ ശങ്കരേട്ടൻ, വിക്ടറി പ്രസ്സുടമയും ഡിപ്പോറാക്ക് ഷാപ്പ് കോൺട്രാക്ടറുമായ വേലായുധേട്ടൻ. നെറ്റിയിൽ മുഴയുള്ള കുഞ്ഞിക്കണ്ണേട്ടൻ. പിൽക്കാലത്ത് ബസ്സ്റ്റാന്റിലെത്തുന്ന വാഹനങ്ങളുടെ ചുങ്കം പിരിവുകാരനായ രാരിച്ചകുട്ടി. എല്ലാവരും അരയാൽചുവട്ടിന്റെ കിഴക്കേദിശയിലെ പീടികകോലായയിൽ നിത്യേനയെന്നോണം സന്ധിയ്ക്കുമ്പോൾ കാഴ്ചക്കാരനായെത്തുന്ന ചെറുപ്പക്കാരന്റെ ഭാഷാപരിമിതി. ഒരുദിവസം വേലായുധേട്ടൻ പറഞ്ഞു: "ഖാദർ എന്റെ കൂടെ ഇപ്പോ വീടുവരെ വരണം. അത് മസ്റ്റാണ്-"

വേലായുധേട്ടനെ അന്നേരം കുടിച്ച റാക്കിന്റെ മണം ചൂഴ്ന്നു നിന്നിരുന്നു. കുഞ്ഞിരാമേട്ടനെ നോക്കി ഒരു വെല്ലുവിളിയുടെ സ്വരത്തിൽ പറയുന്നതുകേട്ടു: "അക്ഷരശ്ലോകം കേട്ടിരുന്നാൽ മാത്രം പോരാ. ഖാദർ കുറേ വായിക്കണം. മലയാളം മാത്രം പോരാ, എന്റെ ചെറിയ ലൈബ്രറിയൊന്ന് കാട്ടിത്തരാം-"

കൂടെ ചെല്ലണമെന്നവാശി കുടിച്ച പാനീയത്തിന്റെ ലഹരിയായിരുന്നില്ല. വേലായുധേട്ടൻ വീട്ടിന്റെ സ്വീകരണമുറിയിലെ അലമാരകൾ നിറച്ച പുസ്തകങ്ങളും അകമുറിയിലെ അലമാരയിലുള്ള പുസ്തകശേഖരവും കാണിച്ചുതന്നു. പിന്നെ മദ്യത്തിന്റ ചെറിയ ഒരു താളയിടറലുകളോടെ പറഞ്ഞു: "ഇതാണെന്റെ ലൈബ്രറി. ഖാദറിന്ന് എപ്പോഴും സ്വാഗതം. വരാം. പുസ്തകം എടുക്കാം. വായിച്ചുതിരികെ കൊണ്ടുവന്നുവയ്ക്കാം. പുസ്തകം തിരിച്ചുതരണം. അതെന്റെ മക്കളാണ് - എന്റെ ഇത്രയും നാളത്തേ സമ്പാദ്യം-"



അന്നാദ്യമായി ഞാനാ ഗ്രന്ഥശേഖരം കാണുകയായിരുന്നു. ഗ്രന്ഥകാരന്മാരുടെ നിര അമ്പരപ്പോടെ ഞാൻ നോക്കി. വില്യംസരോയൻ. എഡ്ഗാർവാലസ്, എഡ്ഗാർ അല്ലെൻപോവ്, പേൾ എസബക്ക്, ഹോമർ, ബൽസാക്ക്, ഏണസ്റ്റ് ഹെമ്മിംഗ്വേ, സോമർസെറ്റ് മോം, വുഡ്ഹെനിസ് എമിലിസോള...... അപരിചിതഗ്രന്ഥകാരന്മാരുടെ ആൾക്കൂട്ടത്തിൽ ആരെ നോക്കണമെന്നും കാണണമെന്നുമുള്ള അന്ധാളിപ്പിൽനിൽക്കേ രണ്ടു ചെറിയ പുസ്തകങ്ങൾ ആദ്യമായി എനിക്ക് നേരെ വേലായുധേട്ടൻ നീട്ടി. രണ്ടു ചെറിയ പുസ്തകങ്ങൾ. "എക്രോസ് ദി റിവർ ആന്റ് ഇൻ ടു ദി ട്രീസ്", മൈ നേം ഈസ് ആരാം-"

രണ്ടുപുസ്തകങ്ങൾ കൈയിൽ പിടിപ്പിച്ച് അല്പം മദ്യത്തിന്റെ ലഹരിയിൽ വേലായുധേട്ടൻ പറഞ്ഞത് ഓർമ്മയുണ്ട്. 'ഹെമ്മിംവേയേയും മോമിനേയും വായിക്കാതെ വിട്ടുകളയരുത്. ചെക്കോവിനേയും മോപ്പസാങ്ങിനേയും കഥയെഴുത്തുകാർ ഗുരുക്കന്മാരായി കാണണം എന്നു പറയുംപോലെയുള്ള ഒരു പറച്ചിലാണെന്ന് കൂട്ടിക്കോ മലയാളത്തിൽ നമ്മുടെ കാരൂർസാറും-"

രണ്ടുപുസ്തകങ്ങളും കയ്യോടെ ഏറ്റുവാങ്ങിയ ഞാൻ ആ ചിരിയുടെ മുഴക്കം ഇന്നും കേൾക്കുന്നു. ഗ്രൗണ്ടിന്റെ വടക്കേയതിരിലെ അരയാൽമരം മുഴത്തെഴുപ്പോടെ ഇന്നും നിൽക്കുന്നത് പോലെ വേലായുധേട്ടനും കുഞ്ഞിരാമേട്ടനും ശങ്കരേട്ടനും മനസ്സിൽ പൊരിഞ്ഞുവീഴാതെ, വീഴ്ത്താതെ നിലനിൽക്കുന്നുണ്ട

*(ശേഷം പേജ് 20ൽ)*

യാത്രാവിവരണം



# മൗറീഷ്യസ് ഒരു ഏഴാം സ്വർഗ്ഗം



കെ.പി.സുധീര

യാത്രയുടെ തുറസ്സിൽ ആത്മാവ് അനുഭവിക്കുന്ന ശാന്തിയും, ആനന്ദപ്രാപ്തിയും അനിർവചനീയമാണ്. ജലസത്തയും പച്ചച്ച ഗാഢമൗനത്തിന്റെ സൗന്ദര്യം അനുഭവിച്ചത് ഇന്ത്യൻ എഴുത്തുകാരികൾക്കൊപ്പം കടൽ കടന്ന് മൗറീഷ്യൻ ദ്വീപിലെത്തിയപ്പോഴാണ്. ഗോപ്യോ ഇന്റർനാഷണൽ (Gopio International) എന്ന ആഗോളസംഘടനയും, മൗറീഷ്യസ് സർക്കാരും ചേർന്നൊരുക്കിയ ഡിയസ്പോറ ഫെസ്റ്റിവലിൽ പങ്കെടുക്കാനായിരുന്നു യാത്ര.

ഇന്ത്യൻ സമുദ്രത്തിൽ തെക്ക് വടക്കായി കിടക്കുന്ന ഉപഭൂഖണ്ഡമാണ് മൗറീഷ്യസ്. 1833ൽ ബ്രിട്ടീഷ് കോളനി അടിമകളായി, ചരക്കുകളെയെന്നവണ്ണം ഒന്നേകാൽ കോടി ബീഹാറികളെ, മറ്റ് ഭാരതീയരെ കടൽ കടത്തികൊണ്ട്പോയ ദ്വീപ്. 1842 മുതൽ 1912 വരെ ഒരു കൂട്ടർ വെറുംകയ്യോടെ ഹതാശരായി തിരിയെ ഇന്ത്യയിലേക്ക് പോയപ്പോൾ, അരക്കോടിയോളം പേർ താവളമുറപ്പിച്ച സ്ഥലം. ആരുടെ കണ്ണുനീരും രക്തവും, വിയർപ്പുമാണോ, മൗറീഷ്യസിനെ, മൗറീഷ്യസാക്കിയത്, അതേനാട്ടുകാരുടെ ബന്ധുക്കളായ ഇന്ത്യക്കാർ ഞങ്ങൾ, കരിമ്പിൻ തോട്ടങ്ങളുടേയും, ഇന്ത്യൻ സംസ്കാരത്തിന്റേയും കളിത്തൊട്ടിലായ ദ്വീപിലേക്ക് യാത്രയായി. ഉത്തരേന്ത്യയിൽ നിന്ന് ഞാനെന്ന എളിയ ഒരേയൊരു എഴുത്തുകാരി മാത്രം.

ദില്ലിയിൽ നിന്ന് ഏഴുമണിക്കൂർ യാത്രയുണ്ട്, മൗറീഷ്യസ്സിലേക്ക്. വിമാനത്തിന്റെ സീറ്റിന് മുമ്പിലായുള്ള കൊച്ചു സ്ക്രീനിൽ, അതിന്റെ ഗതി, സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരം ഇവ രേഖപ്പെടുത്തിക്കൊണ്ടിരുന്നു. 2246 ആൾട്ടിറ്റ്യൂട് ഉയരം 94°c താപം ഇങ്ങനെയിങ്ങനെ. കേരളം കടന്ന് വിമാനം അറബിക്കടലിലേക്ക് പ്രവേശിച്ചാൽ പിന്നെ വിമാനയാത്ര സാഗരോപരി മാത്രമാണ്- ദുരന്തമെങ്ങാനും സംഭവിച്ചാൽ ലൈഫ് ജാക്കറ്റ് ധരിച്ച് കടലിലേക്ക് ചാടാനുള്ള വിധം സീറ്റ് സ്ക്രീനിൽ ഇടയ്ക്കിടെ പ്രത്യക്ഷപ്പെട്ടു. മോശപ്പെട്ട കാലാവസ്ഥ കാരണം ആരും എഴുന്നേല്ക്കരുത് എന്ന ഓർമ്മപ്പെടുത്തൽ വേറേയും.

'എയർ മൗറീഷ്യസ് എന്ന കൂറ്റൻ വിമാനം കടലിന് കുറുകെ പറക്കുകയാണ്. ഉച്ചവെയിലിൽ ഉഗ്രമായി ജ്വലിക്കുന്ന സൂര്യന്റെ ചെഞ്ചോര കണ്ണുകൾ. അലസഗമനം നടത്തുന്ന മേഘങ്ങൾ- ദീർഘയാത്രയ്ക്കിടയിൽ ചെയ്യേണ്ടുന്ന ലഘു വ്യായാമ മുറകളും സ്ക്രീനിൽ തെളിഞ്ഞുകൊണ്ടിരുന്നു. അറബിക്കടലിൽ നിന്ന് ഇന്ത്യൻ സമുദ്രത്തിലേക്ക് വിമാനം കടന്നതിന്റെ സൂചന കിട്ടുമ്പോൾ സൂര്യൻ സന്ധ്യയുടെ മടിത്തട്ടിലേക്ക് തലചായ്ച്ചു കഴിഞ്ഞിരുന്നു- ഇടയ്ക്കിടെ വിമാനം ഞങ്ങളെ പരിഭ്രമിപ്പിച്ചുകൊണ്ട് ഉലയുകയും ചെയ്തു.

ഗോപ്യോ ഇന്റർനാഷണലിന്റെ ആളുകൾ ഞങ്ങളെ മൗറീഷ്യസ് വിമാനത്താവളത്തിൽ കാത്തുനിന്നിരുന്നു. തങ്ങളുടെ സംഘടനയുടെ ജീവമന്ത്രം തന്നെ ഒന്നിപ്പിക്കലാണ്, ഭിന്നിപ്പിക്കലല്ല എന്ന് സ്വീകരിക്കാൻ വന്ന ആതിഥേയൻ ഓർമ്മിപ്പിച്ചു. കാശ്മീർ മുതൽ കന്യാകുമാരി വരെയുള്ള ഞങ്ങൾ എഴുത്തുകാരികളെ അദ്ദേഹം പരിചയപ്പെട്ടു. ഹരിയാന, ഹൈദ്രാബാദ്, ഖുർജ(യു.പി), ദില്ലി ഉത്തരാഖണ്ഡ്, ജാർഖാ, ഗുജറാത്ത്, ബീഹാർ, സൂറത്ത്, കോലാപ്പൂർ, ദില്ലി, പഞ്ചാബ്, മാതൃഭാഷ തെലുങ്കോ, തമിഴോ ഉർദുവോ, മറാത്തിയോ, ഹിന്ദിയോ എന്നാൽ ഹൃദയങ്ങളിൽ, സംസ്കാരങ്ങളിൽ

ഞങ്ങളൊന്നായിരുന്നു.

കേരളത്തിലെ കർക്കിട മഴയിൽ നിന്നും മൗറീഷ്യസിലെത്തിയപ്പോൾ സന്ധ്യയുടെ തുടുതുടുത്ത കവിളത്തേക്ക് ഇറുന്നുവീഴുന്ന മഴത്തുള്ളികൾ. കറുത്ത സുന്ദരിയെപ്പോലെ രാത്രി. ഞങ്ങൾക്കായി ഒരുങ്ങിനിന്ന വാഹനം നീങ്ങി- അരണ്ട വെളിച്ചത്തിൽ ഭൂപ്രകൃതി കണ്ട ഞങ്ങൾ അമ്പരന്നു. ഇന്ത്യൻ ഭൂപ്രകൃതി തന്നെ- കേരളക്കാരിയായ ഞാൻ അതിലേറെ അമ്പരന്നു. മറ്റൊരു കേരളത്തിലെത്തിപ്പെട്ടതു പോലെ!

കടൽക്കരയിലുള്ള ഒരു റിസോർട്ടിലായിരുന്നു ഞങ്ങൾക്ക് താമസമൊരുക്കിയത്. അലയടിച്ചാർക്കുന്ന തീരമല്ല, കടലിനപ്പുറത്തേക്കാണ് തിരകൾ. തീരം ശാന്തം. വൃത്തിയുള്ള കടൽക്കര പഞ്ചാരമണൽ.

പകൽവെളിച്ചത്തിൽ മൗറീഷ്യൻ ജനതയെ അടുത്തുകണ്ടപ്പോൾ നമ്മിൽ ചിലർ തന്നെ. ആകെ രണ്ടുകോടി ജനങ്ങളിൽ എഴുപതു ശതമാനവും ഇന്ത്യൻ വംശജരാണ്- ഈ സൗഹൃദം ഊട്ടിയുറപ്പിക്കാനാണത്രെ ഇത്തരമൊരു സംഗമം അവിടെ ഒരുക്കിയത്. ഗാന്ധിജിയുടേയും, വിവേകാനന്ദന്റേയും, ഇന്ദിരാഗാന്ധിയുടേയും മറ്റും പേരിലുള്ള വിവിധ യൂണിവേഴ്സിറ്റികളും, കൾച്ചറൽ സെന്ററുകളും. ഉൽഘാടന പരിപാടിയിലേക്കുള്ള യാത്രയിൽ കണ്ടു. പഞ്ചാരപ്പാടങ്ങൾക്ക് നടുവിലുള്ള റോഡുകളിലൂടെയുള്ള യാത്ര.

പല ദിവസങ്ങളിലായി പല വിചിത്രമായ കാര്യങ്ങൾ അവിടെ ഞങ്ങൾ കണ്ടുപിടിച്ചു. അവിടെ പശുവില്ല, പാലില്ല, വെണ്ണയും ഇല്ല. എന്നാൽ തക്കാളിയും മത്തനും എല്ലാ പാടങ്ങളിലും കണ്ടു. നമ്മുടെ നാട്ടിൽ നെൽവയലുകൾ ഉള്ളതുപോലെ അവിടെ സർവ്വത്ര കരിമ്പിൻ വയലുകളാണ്. മൗറീഷ്യസിലെ പഞ്ചസാര ഫാക്ടറി ഒരത്ഭുതകാഴ്ചയാണ്- അവിടെ നിന്ന് ലോകത്തെമ്പാടുമുള്ള രാജ്യങ്ങളിലേക്ക് പഞ്ചസാര കയറ്റി അയയ്ക്കുന്നു." വെളുത്ത പഞ്ചസാരയല്ല, ബ്രൗൺ പഞ്ചസാര. ഫാക്ടറികളിൽ, കരിമ്പിൻ നീര് സംസ്ക്കരിച്ച് പഞ്ചസാരയുണ്ടാക്കുന്നത് വിവരിച്ചു തരുന്ന ഷുഗർ മ്യൂസിയത്തിലെ തരുണികൾ പറഞ്ഞത്, 10%



സർക്കാരും ബാക്കി സ്വകാര്യ കുത്തകകളും കൊണ്ടു നടക്കുന്ന നാനൂറ് ഷുഗർ ഫാക്ടറികൾ അവിടെയുണ്ടെന്നാണ്. മൗറീഷ്യൻ സ്ത്രീകൾ അഭിമാനത്തോടെ ജോലിചെയ്തു ജീവിക്കുന്നവരെന്ന്, വിമാനത്തിൽ എന്റെ സഹയാത്രികൻ നീളൻ ജുബ്ബ ധരിച്ച ഉന്നതഗാത്രനായ മുസ്ലീം യുവാവ് പറഞ്ഞു തന്നിരുന്നു. ഒരു കോടീശ്വരന്റെ പ്രതാപം കാണിച്ച അയാൾ ഒരു ഹെയർകട്ടിങ്ങ് സലൂൺ നടത്തുന്നുവത്രെ. അവിടെ തലമുടി മുറിക്കാൻ പ്രത്യേക റേറ്റില്ല. പല തട്ടുകളിലുള്ളവർ പല കൂലികൊടുക്കും. ഒരേ സലൂണിന്റെ ഒരു ഭാഗത്ത് ഭർത്താവും, മറ്റേ ഭാഗത്ത് ഭാര്യ കുട്ടികൾക്കും കുഞ്ഞുങ്ങൾക്കും തലമുടി മുറിക്കുന്നു!

ഇന്ത്യൻ വംശജകളായ സ്ത്രീകൾക്ക് പുറമേ, നീഗ്രോകളേയും അറബി, ഫ്രഞ്ച്, ചൈനീസ് കാരികളേയും തെരുവുകളിൽ കണ്ടു. ഏത് തരം ഓഫീസിലും തൊഴിൽ മേഖലയിലും സ്ത്രീയുണ്ട്. മൗറീഷ്യസിലെ കടകളും ഓഫീസുകളും കാലത്ത് 9.30 മുതൽ വൈകീട്ട് നാല് വരെയാണ്. ഭാര്യയും ഭർത്താവും ഒന്നിച്ച് വീട്ടിലെത്തുന്നു. കുട്ടികളെ വളർത്തുന്ന ജോലി മിക്കപ്പോഴും അച്ഛനായിരിക്കുമത്രെ. വീട്ടുജോലികൾ ഭാര്യചെയ്യുമ്പോൾ ഭർത്താവ് കണിശമായും കുഞ്ഞുങ്ങളെ നോക്കും. മൗറീഷ്യൻ സ്ത്രീകൾ തുണിവ്യവസായത്തിലും ഷുഗർ ഫാക്ടറികളിലും സജീവം. സ്വയം പര്യാപ്തതയുടെ പ്രതീകമാണവർ എന്നത് ഞങ്ങൾ സ്ത്രീകൾക്ക് അഭിമാനമായി.

ഗോപ്യോ ഇൻർ നാഷണൽ ഡിയസ്പോറ (dicespara) ഫെസ്റ്റിവലിന്റെ ഉൽഘാടനം സ്വാമി വിവേകാന്ദ ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ എന്ന കൂറ്റൻ കെട്ടിടത്തിലുള്ള വലിയൊരു ഹാളിലായിരുന്നു. ബീഹാറിൽ നിന്നെത്തിച്ചേർന്ന അവിടുത്തെ മുഖ്യമന്ത്രി ശ്രീ. നിധീഷ് കുമാറായിരുന്നു മുഖ്യാതിഥി. മൗറീഷ്യൻ പ്രധാനമന്ത്രി ഇന്ത്യൻ വംശജനായ നവീൻചന്ദ്ര രാംഗുലാം, ഹൈക്കമ്മീഷണർ മൂഖേശ്വർ ചുന്നി, ഗോപ്യോ പ്രസിഡന്റ്

മഹേന്ദ്ര ഉച്ച്നാഥ്, മലേഷ്യയിൽ നിന്ന് വന്ന ഡോ. കമൽ നാഥൻ സപ്പാനി ഇവരായിരുന്നു ഉൽഘാടനവേദിയിൽ. ഉൽഘാടനച്ചടങ്ങിനുശേഷം ഭോജ്പ്പുരി കൾച്ചറൽ ഷോ. മൗറീഷ്യൻ 'രസിക' ഡാൻസ് അക്കാദമിയുടെ വക മൗറീഷ്യൻ നൃത്തം, സൗത്ത് ആഫ്രിക്കയിലെ ബിജൻ ഗ്രൂപ്പിന്റെ വക കലാരൂപം, അങ്ങനെ മൗറീഷ്യൻ മണ്ണിന്റെ സംസ്കാരവും കലയും മാത്രമല്ല, ബീഹാറിന്റെ ഭോജ്പുരി കലാരൂപങ്ങളും അരങ്ങുതകർത്ത് ഇന്ത്യക്കാർക്ക് കലയുടെ വിരുന്നൊരുക്കി.

പിറ്റേന്ന് ഹെലികോപ്ടറിൽ മൊറീഷ്യൻ സൗന്ദര്യം കാണാൻ കഴിഞ്ഞപ്പോൾ, ബ്ലൂ സഫാരി സ്വിമ്മിൽ കുളിച്ചു രസിക്കുമ്പോൾ നാടുവിട്ടുപോന്നതിന്റെ ഗൃഹാതുരത്വം ആർക്കും തോന്നിയില്ല. കാരണം തികച്ചും ഇന്ത്യൻ സംസ്കാരവും, ഇന്ത്യൻ ജനതയും പിന്നെ ഇന്ത്യൻ ഭൂപ്രകൃതിയും! ബോട്ടാണിക്കൽ ഗാർഡനിലെ അപൂർവ്വ ചെടികൾക്കിടയിലും ധാരാളം ഇന്ത്യൻ ചെടികൾ.

മൗറീഷ്യൻ യൂണിവേഴ്സിറ്റിയിൽ വെച്ച് വനിതാ സമ്മേളനം– അവിടെ വനിതാ വികസന ശിശുക്ഷേമ മന്ത്രി സീബൻ ഇന്ത്യക്കാരികളായ ഞങ്ങൾക്ക് പാരിതോഷികങ്ങൾ നല്കി. ഞങ്ങളിവിടെ കഥയും, കവിതയും അവതരിപ്പിച്ചു. മഹാത്മാഗാന്ധി സെന്റർ ഫോർ ഇന്ത്യൻ കൾച്ചർ എന്ന കെട്ടിടത്തിൽ വെച്ച് നടന്ന ചടങ്ങിൽ കേരളത്തെ അവതരിപ്പിക്കാൻ ഈ വിനീതയ്ക്ക് അവസരം ലഭിച്ചു. കേരളത്തിന്റെ പാരമ്പര്യം, കലാകാരന്മാർ, സാഹിത്യകാരന്മാരാൽ സമ്പന്നമാക്കപ്പെട്ട അതിന്റെ സംസ്ക്കാരം, പുരാതന ശില്പങ്ങളും, ചരിത്ര സ്മാരകങ്ങളും മനോഹരമായ കായലുകളും നിറഞ്ഞ നാടെന്ന വിശേഷണം. കേരളമെന്നാൽ പലരും കരുതുപോലെ ആനയോ കഥകളി രൂപമോ മാത്രമല്ല എന്ന അവകാശവാദം. ആയുർവേദത്തിന്റെയും, തൃശ്ശൂർ പൂരത്തിന്റേയും, പ്രകൃതി സൗന്ദര്യത്തിന്റെയും എല്ലാറ്റിലുമുപരി നിഷ്കളങ്കമായ മനുഷ്യസ്നേഹത്തിന്റേയും നാടെന്ന അഭിമാനം. ഇത്രയും കേട്ടപ്പോൾ കേരളം കാണണമെന്ന മോഹം പലർക്കും തീവ്രമായ അഭിലാഷമായി പലരും പ്രകടിപ്പിച്ചു.




ഗ്രാന്റ് ബേയിലെ കോൺഫറൻസ് സെന്ററിലും ഇന്ദിരാഗാന്ധി സെന്റർ ഫോർ ഇന്ത്യൻ കൾച്ചറൽ സെന്ററിൽ വെച്ചും പല ചർച്ചകൾ അരങ്ങേറി, ആര്യസമാജത്തിലെ പച്ചക്കറി സദ്യയും, ഇസ്ലാം കൾച്ചറൽ സൊസൈറ്റിയിലെ ഉപദംശങ്ങളില്ലാത്ത കോഴിബിരിയാണിയും ബിരിയാണിക്കൊപ്പം സാലഡ്, അച്ചാർ, ചട്ടിണിയൊന്നുമില്ല നാക്കിന് മറക്കാനാവാത്ത രുചിഭേദങ്ങളായി.

ചാമറീൻ സീലെ വെള്ളച്ചാട്ടം ഒരത്ഭുതക്കാഴ്ചയായിരുന്നു. പിന്നീട് തൊട്ടടുത്ത ചെറുദ്വീപുകളിലേക്ക് സ്പീഡ് ബോട്ടിൽ യാത്ര. ഗോൾഡൻ സാന്റൽ ബീച്ചിലെ പാരാഗ്ലൈഡിങ്ങ്, ലാബെല്ലാ ബീച്ചിലെ അണ്ടർഗ്രൗണ്ട് സ്കൂട്ടർ– ഇതെല്ലാം അവിസ്മരണീയതയുടെ അനുഭവങ്ങൾ.

ഞങ്ങളുടെ ഗൈഡ് അൽ മുഹമ്മദ് പറഞ്ഞു: 'ബീഹാറിൽ നിന്ന് മെച്ചപ്പെട്ട ജീവിതം കൊതിച്ചാണ്, ഞങ്ങളുടെ മുതുമുത്തശ്ശന്മാർ ഈ ദ്വീപിലെത്തിയത്. അവർ ബ്രിട്ടീഷുകാരുടെ അടിമകളായിരുന്നു. കടൽ താണ്ടി വന്നപ്പോൾ,

*(ശേഷം പേജ് 12ൽ)*



വൈശാഖൻ

രണ്ടുദേശങ്ങളുടെയും ഇടയിൽ ഒരു മുനമ്പുപോലെ നീണ്ടുകിടന്ന കായലിന്റെ ഇരുകരകളിലും ആളുകൾ തടിച്ചുകൂടി. കേട്ടവർ കേട്ടവർ കായൽക്കരയിലേക്ക് ഓടുകയായിരുന്നു. മേലാലത്തൂരിലും കീഴാലത്തൂരിലും അടക്കിയ ശബ്ദത്തിൽ വാർത്ത സഞ്ചരിച്ചു. കണ്ണുകൾ വിടർന്നു. നെറ്റികൾ ചുളിഞ്ഞു. ഇടവഴികളിൽക്കൂടി ദ്രുതമായി നീങ്ങുന്ന കാലടികൾ കേട്ട് പെണ്ണുങ്ങൾ വേലികൾക്കരികിൽ കുതികാലിൽനിന്ന് എത്തിനോക്കി.

കാലവർഷം പെയ്യാൻ മറന്നതുകൊണ്ട് അസാധാരണമായ തെളിച്ചമുള്ള പുലരി. മേഘവിന്യാസമില്ലാത്ത നീലാകാശം. കഴുകിത്തുടച്ച് നീട്ടിയ ഇലകളിൽ പക്ഷഭേദമില്ലാത്ത ഇളവെയിൽ പാർന്ന് ആകാശം ചിരിക്കുന്നു.

കഷ്ടം.

ഛേ. ഇത്രേം നല്ല ഒരു വെളുപ്പാൻ കാലത്ത് ഇങ്ങിനെയൊന്നോണല്ലോ കാതില് വീണത്.

കായൽക്കരയിലേക്ക് ധൃതിയിൽ നീങ്ങിയവർ ആരോടെന്നില്ലാതെ പറഞ്ഞു: രണ്ടു ദേശക്കാരും അവരവരുടെ കരയിൽ സൗകര്യമുള്ള സ്ഥാനങ്ങളിൽനിന്നുകൊണ്ട് കായലിലേക്ക് ആകാംക്ഷയോടെ നോക്കി. കായലിൽ, ചിറ്റോളങ്ങൾ ഇളകുന്ന ജലപ്പരപ്പിൽ ഒരു സ്ത്രീയുടെ ശവം പൊങ്ങിക്കിടന്നു. കായലിന്റെ ആഴത്തിൽ എന്തോ നോക്കിക്കാണുന്നതുപോലെ കമിഴ്ന്ന് കിടന്ന ശവം ചിലപ്പോഴൊക്കെ ഓളങ്ങളിൽ ചാഞ്ചാടി. ഉലഞ്ഞുപരക്കുന്ന മുടിയുടെ കറുപ്പ്‌രാശി കരയിൽനിന്ന് വ്യക്തമായി കാണാമായിരുന്നു. കൂടുതൽ വ്യക്തമായി കണ്ടാലേ തൃപ്തിയാകു എന്നു തോന്നിയപ്പോൾ ചിലർ മരക്കൊമ്പുകളിൽ കയറിക്കൂടി. എങ്ങിനെയോ വിവരം അറിഞ്ഞ് ഇരുദേശത്തേയും പോലീസുകാരും എത്തിയിരുന്നു. കായൽ ഒരു ദേശക്കാരുടെയും സ്വന്തമല്ല. ശവം ഏതു ദേശക്കാരിയുടെതാണെന്ന് ഒരു നിശ്ചയവും ഇല്ലാത്തതിനാൽ രണ്ട് ദേശങ്ങളിലെയും നിയമപാലകർ വെറുതെ നിന്നതേയുള്ളു. കാറ്റടിച്ച് ശവം ഏതു ഭാഗത്ത് വന്നടിയുന്നുവോ ആ ഭാഗത്തെ പോലീസുകാർ എഫ്.ഐ.ആർ തയ്യാറാക്കി ഏറ്റെടുക്കട്ടെ എന്ന ഒരു ന്യായത്തിൽ ഇരുകൂട്ടരും സമാധാനം കണ്ടെത്തി.

കൂടിനിന്നവരിൽ ഇരുഭാഗത്തും ധാരാളം ചെറുപ്പക്കാരും ഉണ്ടായിരുന്നു. സ്ത്രീയെ കണ്ടാൽ ഒന്ന് നന്നായി നോക്കുക എന്ന സഹജമായ സ്വഭാവം കൊണ്ട് അവർ അവിടെ തങ്ങി നിന്നു എന്നുമാത്രം. കമിഴ്ന്നുകിടന്ന ശവത്തിന്റെ പിന്നിൽ വിടർന്നുപോയ ജാക്കറ്റിനുള്ളിൽ പൊട്ടിനിന്ന നാടൻ ബ്രാസിയറിന്റെ ഭാഗം പുതിയ സിനിമാപോസ്റ്ററുകളെ അനുസ്മരിപ്പിച്ചു. എന്നാൽ നിറഭംഗിയുള്ള സാരിയോ മിഡ്ഡിയോ ഒന്നും ധരിച്ചിരുന്നില്ലല്ലോ ഈ സ്ത്രീ. തന്നെയല്ല പ്രധാനമായും അവളുടെ ശരീരത്തിലെ ജീവചലനത്തിന്റെ അഭാവവും ചെറുപ്പക്കാരെ മടുപ്പിച്ചു. മഴവില്ലുകൾ വിരിയേണ്ട കണ്ണുകൾ നിർജ്ജീവങ്ങളായിരിക്കും എന്നു മാത്രമല്ല അവ ലോകത്തിന്റെ നേരെ ഒട്ടും തിരിഞ്ഞിരുന്നുമില്ല. വിരസതയെ ബദ്ധപ്പെട്ട് ചെറുക്കുന്നതിനിടയിൽ ഒരു ചെറുപ്പക്കാരൻ പറഞ്ഞു:

"ഇവൾ ആ ഗോപാലക്കുറുപ്പിന്റെ മോളാണ്. ആരുടെ നേരെയും അബദ്ധത്തിൽ പോലും നോക്കൂല്ല എന്ന് ശപഥം ചെയ്ത് ആണുങ്ങളെ കണ്ടാൽ പുറം തിരിഞ്ഞോടുന്നവൾ. ആരെങ്കിലും പറ്റിച്ചുകാണും പണി."

അയാളുടെ കൂട്ടുകാരൻ തിരുത്തി:

"അയ്യോ ചെങ്ങാതി, ഇല്ലാത്തതു പറയല്ലേ, അവൾ സ്കൂളിലേക്ക് പോകുന്നതു കണ്ടേച്ചാ ഞാൻ വരുന്നത്. കെളവൻ തന്തയ്ക്കും നാലഞ്ച് പിള്ളേർക്കും ചെലവിന് കൊടുക്കേണ്ടവളാ ആ പാവം പെണ്ണ്."

"ആങ്ഹാ. ഇത് അവളുടെ ശവമല്ലെങ്കിൽ അവളെ പ്പോലുള്ള

വെറെ ഏതെങ്കിലും ശീലാവതിടെ ശവമാ..”


അല്പം ശക്തിയാർജിച്ച കാറ്റിൽ കായലിലെ നീലജലം ഒന്ന് പിടഞ്ഞു. ശവം ഒന്ന് ഇളകി. നീണ്ട മുടിയിഴകൾ അല്പം അകലേക്ക് നീന്തി വീണ്ടും തങ്ങളെ എണ്ണയിട്ടു മിനുക്കിയിരുന്ന കൈകളിൽ പറ്റിച്ചേർന്നു.

മുഷിഞ്ഞ വസ്ത്രങ്ങൾ ധരിച്ച ഒരു മീശ പറഞ്ഞു:

“ഇതോ, ഇത് മറ്റാരുടേതുമല്ല, ആ കള്ളക്കടത്തുകാരി കള്ളിച്ചിമോളുടെ ശവമാ. കള്ളച്ചാരായം ചുമന്നോണ്ട് ഒളിച്ചുകടന്നപ്പോൾ പോലീസുകാരെ പേടിച്ച് വെള്ളത്തിൽ ചാടീതാവും.”

അടുത്തുനിന്നയാൾ ചോദിച്ചു:

“പോലീസുകാരെ അവളെന്തിനാ പേടിക്കുന്നെ? പോലീസുകാർക്ക് അവളെയാ പേടി. ഇതിന്റെയൊക്കെ ഒരു പങ്ക് അങ്ങ് ഉന്നതങ്ങളിൽ കൊടുത്തേച്ചാ അവര് ബിസിനസ്സ് നടത്തുന്നത്. അവള് ഒറ്റയ്ക്കാന്നാണോ നിങ്ങള് ധരിച്ചത്. ഒരു വൻ സംഘത്തിന്റെ ആളാ അവള്.”



“പങ്ക് കൊടുക്കേണ്ട കാര്യമൊന്നും അവൾക്കില്ലടോ. അവൾ വിദഗ്ധമായി ഒരു രാത്രിയങ്ങ് ചെലവഴിക്കും. പോലീസുകാർക്ക് അവളോട് കടുത്ത വിരോധമായിരുന്നു. കാരണം ഒരു നക്കാപ്പിച്ചയും അവള് കൊടുക്കൂലായിരുന്നു.”

ഒരു പോലീസുകാരൻ ചെവി വട്ടം പിടിച്ചു:

“ആരാ എന്തുവാ പറേന്നത്? ഇവൾ ആരുടെ സ്വന്തക്കാരിയാന്നാ പറഞ്ഞെ? ഇങ്ങോട്ടു വരിൻ, ഒരു മൊഴിയങ്ങ് കൊടുത്തേച്ച് പൊയ്ക്കോളിൻ ബാക്കി ഞങ്ങള് നോക്ക്യോളാം.”

പിന്നെ അല്പനേരത്തേക്ക് ആരും ഒന്നും മിണ്ടിയില്ല. എവിടെ നിന്നോ കുറെ കാക്കകൾ കായലിന് മേൽ പറന്ന് ദേശങ്ങളെ ബന്ധിപ്പിക്കാൻ ശ്രമിച്ചു. അവയുടെ അലമുറ ശവത്തിന്മേൽ പൊഴിഞ്ഞ് അടങ്ങി.

ഒരു മേലാലത്തൂരുകാരൻ ഉറക്കെ പറഞ്ഞു:

“ഇത് കീഴാലത്തൂരുകാരി ഒരു പെണ്ണിന്റെ ശവമാ, ഇവിടെ നമ്മുടെ സ്കൂളിൽ ഒരു ജോലികിട്ടാൻ വേണ്ടി കുറെ നാളായി ഇവളും തന്തേംകൂടി അലയുന്നു. പലർക്കും കൈക്കൂലി കൊടുത്തതായും അറിയാം. ഇന്നലെ ബോർഡ് ചെയർമാന്റെ വീട്ടിലേക്ക് ഇവൾ കയറിപ്പോകുന്നത് കണ്ടവരുണ്ട്.”

“എന്നാൽ പിന്നെ പറയണ്ട: അയാള് പെഴയാ. പെഴപ്പിച്ചു കൊന്നതു തന്നെയാവും.”

“ എടോ കഴിഞ്ഞ തെരഞ്ഞെടുപ്പിന്റെ വൈരാഗ്യം ഇങ്ങിനെയുള്ള സമയത്തല്ല കാണിക്കേണ്ടത്. അതും ഈ വിധത്തിൽ. ഇത് അങ്ങേപ്പുറത്തെ കോളേജ് ഹോസ്റ്റലിൽ താമസിക്കുന്ന ഏതെങ്കിലും പെൺകുട്ടിയായിരിക്കും. അവിടത്തെ പെൺകുട്ടികളെല്ലാം തന്നെ ആൺകുട്ടികളോട് ചേർന്ന് കഞ്ചാവടിച്ച് തുടങ്ങീട്ടൊണ്ടു.”

കീഴാലത്തൂരുകാർ പലതരത്തിലും പ്രതിഷേധം രേഖപ്പെടുത്തി. ഒരാൾ വിളിച്ചു പറഞ്ഞു:

“നിങ്ങളുടെ കരേൽ ക്രമസമാധാനം ഇല്ലാണ്ടായിട്ട് നാളെത്രയായി. പാടത്ത് വേലചെയ്യുന്ന ആമ്പ്രേന്നോന് ചോറും കൊണ്ട് പോയ ഏതെങ്കിലും പാവപ്പെട്ട സ്ത്രീയുടെ ശവമാവും ഇത്. അവളെ ഒളിഞ്ഞിരുന്ന് പിടികൂടുന്ന മനുഷ്യക്കടുവകൾ മേലാലത്തൂരിലുണ്ടെന്ന് ആർക്കാ അറിഞ്ഞുകൂടാത്തത്.”

കായൽ ചിറ്റോളങ്ങളിൽ വെയിൽ ഏറ്റുവാങ്ങി കരകളിലേക്ക് എത്തിച്ചുകൊണ്ടേയിരുന്നു. ഓളപ്പാത്തിയിൽ തല മെല്ലെ കുലുക്കി ശവം എങ്ങോട്ടും നീങ്ങാതെ കിടന്നു. ശവത്തിന്റെ ഈ നിലപാട് രണ്ട് ദേശക്കാരെയും ഒരുപോലെ അലോസരപ്പെടുത്തി.

തിരക്കിനിടയിൽ ഒരുവൻ അടക്കിയ സ്വരത്തിൽ സുഹൃത്തിനോട് പറഞ്ഞു:

“ചെങ്ങായീ, ഈ പെണ്ണ് ഏതാണന്നറിയോ? നമ്മുടെ ചക്കാലൻ മാധവന്റെ ഭാര്യടെ അനിയത്തിയില്ലേ? ആ ഊമ. അവൾക്ക് അതിരാവിലെ അമ്പലക്കുളത്തിൽ ഒരു കുളിയുണ്ട്. മുമ്പൊരിക്കൽ കുളിക്കാനിറങ്ങിയ ഊമപ്പെണ്ണിന്റെ വല്ലാത്ത ഒച്ചകേട്ട് ഞാൻ ഓടിച്ചെന്നു മാടനെക്കണ്ട് പേടിച്ചതുപോലിരുന്നു അതിന്റെ മൊഖം കഴിഞ്ഞ ദിവസം ആരോ പറയുന്നതു കേട്ടു. ഊമയ്ക്ക് വയറ്റിലുണ്ടെന്ന്. പാവം വേറെന്താ ചെയ്ക. അല്ലേ?”

കാറ്റിന് ശക്തിയേറുന്നു എന്ന് ആർത്തുവിളിച്ചുകൊണ്ട് വൃക്ഷത്തലപ്പുകൾ തലയറഞ്ഞു. എല്ലാവരും പ്രതീക്ഷയോടെ നോക്കി. ഒന്നു സംഭവിച്ചില്ല. കാറ്റ് വൃക്ഷതലകളിൽ മാത്രമായിരുന്നു.

“എന്നാൽ എന്റെ ഒരു സംശയം പറയാം. നമ്മുടെ രാമന്നായരില്ലേ. പെൻഷൻ പറ്റിയ ക്ലാർക്ക്. അങ്ങോർ മൂത്ത മോളെ അയയ്ക്കാൻ അന്തോണി മൊതലാളിയോട് കൊറെ കടം കൊണ്ടിരുന്നു. പലിശതന്നെ വലിയ തുകയായി വളർന്നു. കഴിഞ്ഞതവണ അവധി ചോദിക്കാൻ രണ്ടാമത്തെ മോളെയാണത്രേ പറഞ്ഞയച്ചത്. അങ്ങോര് ദീനം വന്ന് കിടപ്പാ. പോയിട്ടു വന്ന പെണ്ണ് തന്തേടെ കാല്ക്കൽ വീണ് കരഞ്ഞത്രേ. ആ പെണ്ണ് പിന്നെ പുറത്തിറങ്ങീട്ടില്ല.

പാവം ദേ കെടക്കുന്നു."

"ഓ അവള് അത്ര പരിശുദ്ധയൊന്നുമല്ല. ആ ബീഡി തെറുപ്പുകാരന്റെ ഭാര്യയാകാൻ തുടങ്ങീട്ട് കാലം കുറെയായി."

"ഭാര്യയൊന്നുമല്ല. അവന്റെ പ്രേമഭാജനമാണത്രേ. അവന് താലികെട്ടാൻ നിന്നോളാന്ന് വാക്ക് കൊടുത്തേക്കുകാണെന്ന് അവള് എന്നോട് പറഞ്ഞിട്ടുണ്ട്. പാവം ബീഡിതെറുപ്പുകാരൻ ഇനി എന്തു ചെയ്യുമോ ആവോ?"

വൈകിയെത്തിയ ഒരു മദ്ധ്യവയസ്കൻ തിരക്കിൽ തുഴഞ്ഞ് മുന്നിലെത്തി. അയാളുടെ മുഖത്ത് സത്യം കണ്ടറിഞ്ഞ ഒരുവന്റെ ഭാവമുണ്ടായിരുന്നു. അയാളുടെ കിതപ്പിന്റെ ശക്തി കണ്ടറിഞ്ഞവർ പ്രതീക്ഷയോടെ അയാളുടെ കിതപ്പടങ്ങാൻ കാത്തുനിന്നു. ഒടുവിൽ നിസ്സംഗതയോടെ കായലിന് നേരെ നോക്കി അയാൾ പറഞ്ഞു:

"ഇത് ഈ രണ്ടു കരയിലും പെട്ട ആരുടെയും ഭാര്യയോ മകളോ അല്ല. മൂന്നാംകരയിലെ ഗോവിന്ദന്റെ ഭാര്യയുടേതാണ് ശവം. ഗോവിന്ദൻ മരത്തേന്ന് വീണ് ചത്തത് എല്ലാവർക്കും അറിയാമല്ലോ. പാവം തള്ള കുട്ടികളെ പട്ടിണിക്കിടാതിരിക്കാൻ വീടുപണി ചെയ്ത് കുറെ തള്ളിനീക്കി. രാത്രികളിൽ ഈ മൂന്ന് ദേശത്തെയും വമ്പന്മാർ അവളെ കിടത്തിയൊറക്കൂല്ലന്നായി. മാനം വിൽക്കാതെ പിള്ളേർക്ക് കഞ്ഞികൊടുക്കാൻ കഴിയൂല്ലെന്നു നിശ്ചയമായപ്പോൾ അവൾ പിള്ളർക്ക് വിഷം കൊടുത്ത് കൊന്നു. അവളും വിഷം കഴിച്ച് പരവേശം സഹിക്കാഞ്ഞ് വെള്ളത്തിൽ ചാടി. എന്നും വിശന്ന് കരയാറുള്ള പിള്ളേരുടെ നെലവിളി രണ്ടുമൂന്ന് ദിവസമായി കേൾക്കാത്തതുകൊണ്ട് അയൽപക്കക്കാർ പെരയിൽ കയറിച്ചെന്ന് നോക്കിയപ്പോഴല്ലേ സംഗതി മനസ്സിലായത്.

കായൽ വാത്സല്യത്തോടെ ഗോവിന്ദന്റെ ഭാര്യയെ നെഞ്ചിൽ താങ്ങി ആകാശം നോക്കി കിടന്നു.

മേലാലത്തൂരുകാർ സഹിക്കാനാവാതെ മൂക്കിൽ വിരൽ വച്ചു.

"ഹൊ. ഭയങ്കരീ."

കീഴാലത്തൂരുകാരും ഞെട്ടിപ്പോയി.

"എന്നാലും ഒരുമ്പെട്ടോളുടെ മനസ്സ് കടുപ്പംതന്നെ."

"പാവം. ആ പിള്ളാരുടെ തലേലെഴുത്ത്."

ആളുകൾ മെല്ലെ പിരിയാൻ തുടങ്ങി. എല്ലാരും പൊയ്ക്കഴിഞ്ഞിട്ടും രണ്ടു കരയിലെയും പോലീസുകാർ കുറെ നേരം കൂടി കാത്തു. ശവത്തെ നീക്കാൻ മാത്രം ശക്തി കാറ്റിനുണ്ടായതേയില്ല. പോലീസുകാർക്കും മടുപ്പ് തോന്നി. മൂന്നാം കരക്കാരൻ ഒരുത്തനേം കണ്ടില്ലല്ലോ. പോലീസുകാർ തൊപ്പിയൂരി വിയർപ്പ് തുടച്ചു. അക്ഷമയോടെ ശവത്തിനെ ഒന്ന് നോക്കിയിട്ട് അവരും പിരിഞ്ഞു.

ഇരുവശത്തെയും തെങ്ങിൻതലപ്പുകളിൽനിന്ന് കാക്കകൾ കൂട്ടത്തോടെ പറന്നു വന്നു. ഗോവിന്ദനും മക്കളും കാക്കകളായി എത്തിയപ്പോൾ ഗോവിന്ദന്റെ ഭാര്യ ആത്മാവ് ഒഴിഞ്ഞുപോയ ശരീരത്തിൽ നിറഞ്ഞ സംതൃപ്തിയോടെ കായലിൽ കിടന്ന് അവരെ ഊട്ടി. കായൽ കൈകൾ നീട്ടി കരയിലെ കാൽപാടുകൾ മായ്ക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. ●

# മൗറീഷ്യസ് ഒരു ഏഴാം സ്വർഗ്ഗം

*(പേജ് 9 തുടർച്ച)*

വേദനിപ്പിക്കുന്ന ആയിരം അനുഭവങ്ങളും അവരെ അനുഗമിച്ചു. പിന്നീടവർ, പരുക്കൻ പറമ്പുകൾ കിളച്ചുമറിച്ച് പഞ്ചസാരവയലുകൾ ഉണ്ടാക്കി. ഇന്നും കരിമ്പിൻ തോട്ടങ്ങളിൽ കാറ്റ് വീശുമ്പോൾ, അവരുടെ ദീർഘനിശ്വാസങ്ങളുടെ ചൂടറിയാം. അവർ അത്യധ്വാനം ചെയ്താണ്, ഈ മണ്ണിൽ പൊന്നുവിളയിച്ചത്. അവരുടെ രക്തവും മാംസവും കൊടുത്താണ് കരിമ്പിൻ തൈകളെ പൊക്കം വെപ്പിച്ചത്. അവർ വിശ്രമത്തിന്റെ അർത്ഥമെന്തെന്ന് അറിഞ്ഞില്ല. പത്തൊമ്പതാം നൂറ്റാണ്ടിൽ അവർ അടിമകളായിരുന്നു. മൗറീഷ്യൻ മണ്ണു കുഴച്ച് അവർ കൊച്ചുകൂരകളാക്കി. ആഹാരവും നീഹാരവും അവർക്ക് മുമ്പിൽ വലിയ സമസ്യകളായിരുന്നു–!

അൽ മുഹമ്മദിന്റെ ശബ്ദം അല്പം ചിലമ്പിച്ചു. ' നിങ്ങൾക്കപ്പോൾ സ്വന്തമായി പാർപ്പിടമില്ലെന്നോ?'. ഞങ്ങളിലാരോ ചോദിച്ചു.

'ബ്രിട്ടീഷ്കാർ കരകടത്തിക്കൊണ്ടുവന്ന നാലുലക്ഷത്തി അമ്പതിനായിരം കൂലികളാണ് മൗറീഷ്യസിനെ മൗറീഷ്യസാക്കിയത്. ഞങ്ങളുടെ പ്രപിതാക്കളുടെ പ്രയത്നം ഞങ്ങളിന്നും ഹൃദയത്തിൽ മുത്തുപോലെ സൂക്ഷിക്കുന്നു. 1901ലാണ് ഇവിടെ ഞങ്ങൾ വസന്തത്തിന്റെ ഇടിമുഴക്കം കേട്ടത്. അപ്പോഴാണ് മഹാത്മജി ഇവിടെ വന്നത്. ആ മഹാത്മാവ് ഇന്ത്യക്കാരായ പ്രവാസികൾക്ക് ഓരോ തുണ്ട്ഭൂമി കൊടുക്കാൻ സർക്കാറിനോട് അപേക്ഷിച്ചു. ചെറിയ ചെറിയ തുകയ്ക്ക് പകരം അങ്ങനെ ഞങ്ങൾക്ക് ഒരോ ചെറു സാമ്രാജ്യങ്ങൾ കിട്ടി. ഞങ്ങൾക്കുറങ്ങാനും പിന്നെ അവിടെ കരിമ്പ് വിളയിക്കാനും.

അഭിമാനവും, ആകാംക്ഷയും നിറഞ്ഞ ആ വാക്കുകൾ ഞങ്ങളുടെ കരളലിയിക്കുന്നതായിരുന്നു.

കടൽതാണ്ടി വന്ന ഇന്ത്യക്കാർ മൗറീഷ്യസിനെ ഇന്ത്യൻ സംസ്ക്കാരത്തിന്റെ കളിത്തൊട്ടിലാക്കുന്നു! മൗറീഷ്യസിൽ രാമായണവും വിശുദ്ധ ഖുർആനും പാരായണം ചെയ്യപ്പെടുന്നു! ക്രിയോളിനും, ഇംഗ്ലീഷിനും, മറ്റു സങ്കര ഭാഷകൾക്കുമൊപ്പം അവിടെ ഇന്ത്യയുടെ ഭോജ്പുരി ഭാഷ സംസാരിക്കപ്പെടുന്നു! കപ്പയും വാഴയും അവിടെ കൃഷി ചെയ്യുന്നു!

അവിടുത്തെ ഇന്ത്യൻ വംശജരായ ജനതയ്ക്ക് വേണ്ടി ഹൃദയത്തിൽ ഒരു തുള്ളി കണ്ണുനീർ സൂക്ഷിക്കേണ്ടതുണ്ട് എന്ന് ഞങ്ങൾക്ക് തോന്നി. കാരണം ഭൂതകാലത്തിന്റെ ഭാരം ചുമക്കുന്ന മനസ്സല്ല അവരുടേത് തങ്ങളിലേക്ക് തന്നെ പെയ്തിറങ്ങുന്ന അവരുടെ ഓജസ്സുറ്റ മുഖങ്ങൾ എന്നും ഹൃദയത്തിൽ മുത്തുപോലെ സൂക്ഷിക്കുന്നു. ●

ലേഖനം




# തൃശ്ശൂർ പൂരം- പന്തലാനയും പക്ഷവും

പന്തലായനിയിലേക്കൊരു യാത്രയെന്നോ മറ്റോ ഉള്ള യു.ഏ. ഖാദറിന്റെ ഒരു പുസ്തകത്തെപ്പറ്റി അറിയാം. എന്നാൽ എന്താണീ പന്തലാന? അങ്ങനെയൊന്നുണ്ടോ?

ഇല്ലേയില്ല. പന്തൽ + ആന. അതു ലോപിച്ച് പന്തലാനയായതാണ്. തൃശൂർപൂരം പ്രമാണിച്ച് അതൊരു സൗകര്യമാണെന്നും കൂട്ടിക്കോളൂ.

ദേവേന്ദ്രകുമാർസിങ്ങ് എന്ന ബീഹാറി ചെറുപ്പക്കാരൻ IAS ലഭിച്ച് തൃശ്ശൂരിൽ സബ്ബ് കളക്ടറായി വന്നത് 1991 ഒടുവിലാണ്. അടുത്ത വർഷത്തെ പൂരത്തിന് പ്രദക്ഷിണ വഴിയിൽ തിരുവമ്പാടി - പാറേമേക്കാവ് ദേവസ്വങ്ങളുടെ പന്തലുകൾ ഉയർന്നു കണ്ടപ്പോൾ അദ്ദേഹം അസ്വസ്ഥനായി. അധികാരം കയ്യിലുണ്ടായിട്ടും പൊതുവഴി തടസ്സപ്പെടുത്തുന്നത് കയ്യും കെട്ടി നോക്കിയിരിക്കാനാവില്ലെന്ന ധാർമ്മിക രോഷമായിരുന്നു അദ്ദേഹത്തിന്. ഉടനെ പന്തലുകൾ പൊളിച്ചു മാറ്റിയേ പറ്റൂ എന്നദ്ദേഹം ശഠിച്ചു.

പൊതുവഴി തടസ്സപ്പെടുത്തൽ, സ്വൈര്യ ജീവിതത്തിന് ഭംഗം വരുത്തൽ തുടങ്ങി എത്രയോ കുറ്റകൃത്യങ്ങൾക്കെതിരെ ക്രിമിനൽ നടപടിനിയമം 133, 142 വകുപ്പുകൾ പ്രകാരം വിപുലമായ അധികാരങ്ങളുണ്ട് സബ്ബ് ഡിവിഷണൽ മജിസ്ട്രേട്ടു കൂടിയായ സബ്ബ് കളക്ടർക്ക്. പുതുതായി സിവിൽ സർവ്വീസിൽ വരുന്ന ചെറുപ്പക്കാരന്റെ (റോഡുകൾ ഏറെ മോശമായ ബീഹാറിൽ നിന്നുള്ള ആളാ



യാൽ പ്പോലും) ആത്മാർത്ഥതയും ജനസേവന തല്പരതയും എല്ലാം ആ ആത്മരോഷത്തിനു പിറകിലുണ്ടായിരുന്നു. നോക്കണേ! എന്നിട്ടും പന്തൽ പൊളിക്കാനുള്ള ഉത്തരവൊന്നും ഇറങ്ങിയില്ല അദ്ദേഹം പോകുന്നതു വരെയും! അതിനു കാരണം താഴെ പറയുന്ന കാര്യങ്ങൾ മനസ്സിലാക്കിയതാവണം.

ഏതാണ്ട് 200 വർഷമായി പൂരം ഇതുപോലെ നടക്കുന്നു.

പന്തലുകൾക്ക് പൂരം സംബന്ധിച്ച ചടങ്ങുകളുമായി ബന്ധമുണ്ട്.

1949-50 കാലത്ത് സ്വരാജ് റൗണ്ട് അഥവാ പ്രദക്ഷിണ വഴി കോൺക്രീറ്റു ചെയ്തപ്പോൾ പന്തൽ കാലുകളുടെ കൃത്യമായ സ്ഥാനം നിർണ്ണയിച്ച് അവിടങ്ങളിൽ എടുത്തുമാറ്റാവുന്ന കോൺക്രീറ്റ് സ്ലാബുകൾ ഇട്ടിരുന്നു.


ആവശ്യം വരുമ്പോഴൊക്കെ സ്ലാബുകൾ എടുത്തുമാറ്റി അവിടെ കാലുകൾ നാട്ടി പന്തലുയർത്തുകയും പൂരം കഴിഞ്ഞാൽ എല്ലാം അഴിച്ചുമാറ്റി പൂർവ്വസ്ഥിതിയിലാക്കുകയുമാണ് ചെയ്തുവരുന്നത്. ഇനി പന്തലാനയുടെ രണ്ടാം


ഭാഗം.

വന്യമൃഗങ്ങളെ സംരക്ഷിക്കുന്നതിനും അവയുടെ ഉന്മൂലനാശം തടയുന്നതിനും ബദ്ധശ്രദ്ധമാണ് നമ്മുടെ രാജ്യം. പൂരത്തിന് എഴുന്നള്ളിക്കുന്ന ആനയും ഒരു വന്യമൃഗം തന്നെ. ഈ വന്യമൃഗത്തെ നാട്ടിലെത്തിച്ച് മെരുക്കി മനുഷ്യനുവേണ്ടി ഉപയോഗിക്കാൻ തുടങ്ങിയ രീതിയ്ക്കും നൂറ്റാണ്ടുപഴക്കം കാണും. പോകെപ്പോകെ സർക്കാർ തലത്തിൽ ജന്തുപീഡനം ഗൗവരമായി കാണുകയും ആനകളെ എഴുന്നള്ളിപ്പാവശ്യങ്ങൾക്കും മറ്റും ഉപയോഗിക്കുന്നതിന് ഒട്ടേറെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു.

ആനയെ വഴി നടത്തുന്നതിനു ദൂരപരിധി നിശ്ചയിച്ചു. 11 മുതൽ 3 മണിവരെ എഴുന്നള്ളിക്കരുതെന്നു നിർദേശിച്ചു. ചരിഞ്ഞ പ്രതലത്തിലോ വെയിലത്തോ നിർത്തരുതെന്നും കല്പിച്ചു. എന്നുപറഞ്ഞാൽ കാട്ടുമൃഗമായ ആന കാട്ടിലൊക്കെ കിലോമീറ്റർ എണ്ണിയാവും നടപ്പെന്ന്! കാലത്ത് 11മണി മുതൽ 3വരെ വാച്ചു നോക്കിയാവും പുള്ളിക്കാരന്റെ വിശ്രമമെന്ന്!

അതെന്തുമാവട്ടെ– 1991 വരെ തിരഞ്ഞെടുപ്പു കമ്മീഷന്റെ പക്കലുള്ള 45 സ്വതന്ത്ര ചിഹ്നങ്ങളിൽ ഏറിയ പങ്കും മൃഗങ്ങളായിരുന്നു എന്നറിയാമല്ലൊ. മൃഗങ്ങളെ തിരഞ്ഞെടുപ്പു ചിഹ്നങ്ങളാക്കുന്നത് അവയോടുള്ള ക്രൂരത വർദ്ധിപ്പിക്കുകയേ ഉള്ളൂ എന്ന മൃഗസ്നേഹികളുടെ വാദത്തെതുടർന്ന് മൃഗങ്ങളെയൊന്നും ചിഹ്നങ്ങളാക്കേണ്ടതില്ലെന്ന് കമ്മീഷൻ തീരുമാനിച്ചു. എന്നിട്ടും ബി.എസ്.പി





ഫോർവേഡ് ബ്ലോക്ക് എന്നീ കക്ഷികളുടെ തിരഞ്ഞെടുപ്പു ചിഹ്നങ്ങൾ ഇപ്പോഴും 'ആന' തന്നെയാണ്. ഇക്കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ പ്പോലും പരവൂർ താന്നി സി.വി.എം. എൽപി സ്കൂളിലെ പോളിങ്ങ് സ്റ്റേഷനു സമീപം ഒരു സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പു ചിഹ്നം ജീവനോടെ നിലയുറപ്പിച്ചിരുന്നു– ബിഎസ്പിയുടെ ചിഹ്നമായ ആന! വോട്ടെടുപ്പ് ആരംഭിക്കാറായപ്പോൾ ചെവിയാട്ടി, തുമ്പിക്കൈ നീട്ടി



വീശി അതാനിൽക്കുന്നു ബൂത്തിനു സമീപത്തായി അവൻ സാക്ഷാൽ ഗജകേസരി! വോട്ടർമാരുടെ സന്തോഷം പറയാനുണ്ടോ –!

തൃശ്ശൂർപൂരം പോലെ സുപ്രധാനമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ആഘോഷങ്ങൾക്കെങ്കിലും ആനയെഴുന്നെള്ളിപ്പിന്, ഈ രാഷ്ട്രീയ കക്ഷികൾക്കനുവദിച്ചുകൊടുത്ത പോലെ ഇളവനുവദിച്ചുകൊടുക്കാവുന്നതേയുള്ളൂ. അല്ലേ?

പന്തലാനയിൽ പെടാതെ പോയ അവസാനത്തെ ഒരിനമാണ് ഇനി വെടിക്കെട്ട്.

തേക്കിൻ കാടു മൈതാനത്തു നടത്തിവരുന്ന പൂരം വെടിക്കെട്ട് വിദൂരസ്ഥമായ ഏതെങ്കിലും പാടശേഖരത്തേയ്ക്ക് മാറ്റണമെന്നും മൈതാനത്തിനു ചുറ്റും പണ്ടത്തെ വിജനതയല്ല, തിങ്ങി ഞെരുങ്ങുന്ന കെട്ടിടങ്ങളാണ് അപകടം ക്ഷണിച്ചു വരുത്തി ക്കൊണ്ടു നിൽക്കുന്നതെന്നും കാണിച്ച് മനുഷ്യാവകാശക്കമ്മീഷനുമുമ്പിൽപ്പോലും പരാതി പ്രളയമത്രെ. ഒരു വൃക്ഷശിഖിരം അടുത്ത വീടിന്റെ മുകളിലേക്ക് അപകടകരമായി തൂങ്ങി നിൽപ്പത് കുറ്റം തന്നെ. ക്രിമിനൽ നടപടി നിയമം 133ഉം 142ഉം വഴി സത്വരമായി അതു വെട്ടിമാറ്റാനും പറ്റും. എന്നാൽ തൂങ്ങി നിൽക്കുന്ന വൃക്ഷശിഖിരത്തിനു ചോടെ കൊണ്ടുചെന്ന് വീടു കെട്ടിയിട്ട് വൃക്ഷം മുറിക്കണമെന്ന് പറഞ്ഞല്ലോ? അതിലൊരു നീതികേടില്ലേ?


വെടിക്കെട്ടുനടക്കുന്ന മൈതാനം മുമ്പും ഇതുപോലെയൊക്കെത്തന്നെ നീണ്ടുപരന്നു കിടന്നിരുന്നതാണ്. സമീപസ്ഥമായ ചില്ലു കൊട്ടാരങ്ങളൊക്കെ പിന്നീടെപ്പോഴോ കെട്ടിപ്പൊക്കിയതും. ആരോടായാലും വേണ്ടെ ഇത്തിരി മര്യാദയൊക്കെ!

നീക്കിബാക്കി: സിംഹവും എലിയും തമ്മിലുള്ള തർക്കത്തിൽ ദുർബ്ബലനായ എലിയുടെ പക്ഷത്താവും ഭൂരിപക്ഷം അതുന്യായവുമാണ്. എന്നാൽ വെറുമൊരു ജന്തു തന്നെയായ സിംഹം, സിംഹമായത് അതു സ്വയം വിചാരിച്ചിട്ടാണോ–? സിംഹത്തിന്റെ ഭാഗത്തും ഇത്തിരി ന്യായമുണ്ടങ്കിലോ–? അതിന്റെ പക്ഷം പറയാനും ആരെങ്കിലുമൊക്കെ വേണ്ടേ?!

●

ലേഖനം





കെ.വിഷ്ണുനാരായണൻ

# നാടൻ പാട്ടുകൾ നമ്മുടെ അമൂല്യസാംസ്കാരിക സമ്പത്ത്

പ്രിയപ്പെട്ട കൂട്ടുകാരേ!

സങ്കടം തോന്നുമ്പോൾ, സന്തോഷം തോന്നുമ്പോൾ, ഒന്നും തോന്നാതെയിരിക്കുമ്പോൾ ചിലപ്പോളെങ്കിലും ഒരു മൂളിപ്പാട്ടു പാടാത്തവരുണ്ടാകില്ലല്ലോ!

മനസ്സിൽ അപ്പപ്പോൾ തോന്നുന്നതനുസരിച്ച് അറിയാതെ മൂളുന്ന (പാടുന്ന) പാട്ടോ, മുൻപു ആരിൽനിന്നോ ചൊല്ലിക്കേട്ട പാട്ടോ അവ്യക്തമായി താളബോധത്തോടെ ചൊല്ലുന്നതിനാണല്ലോ മൂളിപ്പാട്ടു പാടുകയെന്നു പറയുന്നത്.

നാം മാത്രമല്ല; നമ്മുടെ മുൻഗാമികളായ അച്ഛൻ, മുത്തച്ഛൻ, മുതുമുത്തച്ഛൻമാർ, അമ്മ-മുത്തശ്ശിമാർ എല്ലാവരുംതന്നെ മൂളിപ്പാട്ടു പാടി സ്വയം ആശ്വാസം കണ്ടെത്തിയവരാണ്.

അവരിൽ എഴുതുവാനും വായിക്കുവാനും അറിയാത്തവരും ഉണ്ടായിരുന്നുവെന്ന് പറയാതെ അറിയാമല്ലോ!

ഇങ്ങനെ സന്ദർഭത്തിനനുസരിച്ചു പാടിയപാട്ടുകൾ കേട്ടവരിൽ നിന്നു കേട്ട് തലമുറകളിൽ നിന്നു തലമുറകളിലേക്ക് പകർന്നുകിട്ടിയ പാട്ടുകൾ എല്ലാ ഭാഷകളിലും ഉണ്ടായിട്ടുണ്ട്. ഇത്തരത്തിലുള്ള കവിതകൾ മലയാളത്തിലും ധാരാളം ഉണ്ടായിട്ടുണ്ട്. അവ ആരൊക്കെ എഴുതിയതാണെന്നു ആർക്കും അറിയില്ല.

മലയാളഭാഷയിലുണ്ടായ ആദ്യകാല കവിതകൾ ഇങ്ങനെ ഉണ്ടായതാണ്. എഴുതി സൂക്ഷിക്കാത്തതുകൊണ്ടും കേട്ടവർ അവരവരുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് വാക്കുകളേയും വരികളേയും മാറ്റിയതുകൊണ്ടും കേരളത്തിന്റെ പല ഭാഗങ്ങളിലും സാദൃശ്യമുള്ള ഇത്തരം കവിതകളെ നമുക്കു കേൾക്കാനും കണ്ടെത്തുവാനും കഴിയും.

ഇത്തരത്തിലുള്ള അജ്ഞാതകർതൃകളായ കവിതകളാണ് നാടൻ പാട്ടുകൾ എന്ന പേരിൽ അറിയപ്പെടുന്നത്.

ഇവയിൽ അക്കാലത്തെ ജീവിതരീതിയുടെ, ജീവിതക്ലേശങ്ങളുടെ, അവകാശബോധത്തിന്റെ, പരമ്പരാഗതമായി ആചരിച്ചുപോന്ന കർമ്മങ്ങളുടെ, ചികിത്സാസമ്പ്രദായങ്ങളുടെ, വിവിധതരം കളികളുടെ ഉൾത്തുടിപ്പുകൾ കണ്ടെത്താനാകും.

ഭാഷയോട് അത്യധികം സ്നേഹമുള്ളവരും പണ്ഡിതന്മാരുമായ ഗുരുജനങ്ങൾ നിരന്തരമായ ഗവേഷണത്തിലൂടെ ഇവയെ കൃഷിപ്പാട്ട്, അനുഷ്ഠാനപ്പാട്ട്, തെക്കൻ പാട്ട്, വടക്കൻ പാട്ട് ഓണപ്പാട്ട്, എന്നീ രൂപത്തിൽ തരംതിരിച്ചിട്ടുണ്ട്. വളരുന്ന തലമുറയ്ക്കു നമ്മുടെ ഭൂതകാലത്തെ ഓർത്തെടുക്കുവാനും അവയിൽനിന്ന് ഊർജ്ജം സമ്പാദിക്കുവാനും ഇതുപകരിക്കുമെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ! ഈ രംഗത്ത് ഇനിയും ഏറെ പഠിക്കുവാനുണ്ട്. താല്പര്യമുള്ള കൂട്ടുകാർക്ക് അല്പം ഗവേഷണം ഇക്കാര്യത്തിലാകാം.

ഇനി നമുക്കു നാടൻപാട്ടുകളിലൂടെ വെറുതെ ഒരല്പനേരം കണ്ണോടിക്കാം. കൂട്ടുകാർക്ക് അതിഷ്ടമാകുമെന്നു കരുതുന്നു. തുടക്കം നിങ്ങളിൽ പലരും കേട്ടിട്ടുള്ള ഒരു നാടൻ പാട്ടിൽ നിന്നുതന്നെയാകട്ടെ! കഴിയുമെങ്കിൽ കൂട്ടുകാർ ചേർന്ന് ഉറക്കെ പാടൂ.

വാ പൈങ്കിളി പോ പൈങ്കിളി
പച്ചപൈങ്കിളി പാറിപ്പോ
പാറിപ്പോ പാറിപ്പോ
പാറിപ്പോ പാറിപ്പോ

ഈ വരികൾ കുഞ്ഞുകുട്ടികളെ ഒക്കെത്തിരുത്തി നമ്മുടെ അമ്മമാർ പാടാറുള്ളതാണ്.

അതോടൊപ്പം അവർ ഒരു പ്രത്യേക താളത്തിൽ കൈവിരലുകളെ മടക്കുകയും നിവർത്തുകയും ചെയ്യും. ഇങ്ങനെ കുറെപ്രാവശ്യം ചെയ്യുമ്പോൾ അമ്മയെ അനുകരിച്ച് കുട്ടിയും കൈവിരലുകളെ മടക്കുകയും നിവർത്തുകയും ചെയ്യും.

കുട്ടിയുടെ കൈവിരലുകൾക്കു വേണ്ടത്ര ചലനശേഷി ഉണ്ടോ എന്നറിയാൻ ഇതുപകരിക്കുന്നു. അങ്ങനെയാണ് നാടൻപാട്ടുകൾ ചികിത്സയുടെ ഭാഗമായി ത്തീർന്നത്.

കുട്ടികളെ പാട്ടുപാടി ഉറക്കുവാനും നാടൻ പാട്ടുകളുണ്ട്. കേട്ടോളൂ:

കുട്ടീടമ്മ എങ്ങട് പോയി
കുട്ടീടമ്മ കൊട്ടാട്ടയ്ക്കുപോയി
കുട്ടിയ്ക്കെന്തല്ലാം വെച്ചോണ്ടുപോയി?
അമ്മിക്കുട്ടി ചുട്ടതും
കണ്ണൻചെരട്ടേലെ വെള്ളോം
അമ്മിക്കുട്ടി ചുട്ടത്
നായ കടിച്ചോണ്ടും പോയി
കണ്ണൻ ചെരട്ടേലെ വെള്ളം
പൂച്ച കുടിച്ചോണ്ടും പോയി
കുട്ടീടമ്മ വന്നതുമില്ല
കാട്ടിലെ കട്ടുറുമ്പേ...
കുട്ടിക്കുറക്കം വര്ണൊറക്കം വര്ണു
ഉറക്കം വരണൂ....

ഈ പാട്ടിന്റെ ആശയം ഉൾക്കൊണ്ട് ഇതുപോലെയല്ലാതയും നാടൻ പാട്ടുകളുണ്ടായിട്ടുണ്ട്.
ഇനി മറ്റൊരു പാട്ട് കേട്ടോളൂ:

കീര്യേ! കീര്യേ! കിണ്ണം താ
കിണ്ണത്തിലിട്ടു കിലുക്കിത്താ
കല്ലും മുള്ളും നീക്കിത്താ
കല്ലായ്പ്പാലം കടത്തിത്താ!

കൊച്ചുകുട്ടിയുടെ ഇളകിയ പല്ല് പറിച്ചെടുക്കുവാൻ അമ്മമാർ ഉപയോഗിച്ചുകണ്ടിട്ടുള്ള ഒരു സൂത്രപ്പാട്ടാണിത്. പാട്ടിൽ ശ്രദ്ധിക്കുന്ന കുട്ടിയുടെ പല്ല് പറിക്കാൻ അമ്മമാർക്കുള്ള വിരുത് ഒന്നുവേറെത്തെന്നെ.

ഇന്നത്തെ അമ്മമാർ ദന്തഡോക്ടറെ കാണിച്ചാലോ എന്നും ആലോചിക്കാറുണ്ട്. അന്ന് അമ്മമാരാണ് കുട്ടിയുടെ ആദ്യ ഡോക്ടർ.

കുട്ടിയുടെ ഭാവനയെ വികസിപ്പിക്കുന്ന രീതിയിലുള്ള ധാരാളം നാടൻ പാട്ടുകളുണ്ട്. കേട്ടോളൂ:


ചക്കരച്ചേട്ടനു കുട്ട്യോളില്ലാഞ്ഞിട്ട്
ചക്കക്കുരുവിനെ ദത്തെടുത്തു.
ചക്കരചേട്ടനു കുട്ട്യോളുണ്ടായപ്പൊ
ചക്കക്കുരുവിനെ ചുട്ടുതിന്നു.

അയ്യപ്പന്റെമ്മ നെയ്യപ്പം ചുട്ടു
കാക്ക കൊണ്ടോയ്ക്കടലിലിട്ടു
തട്ടാകുട്ട്യേളു തട്ടിയെടുത്തു
മുക്കുവക്കുട്ട്യോ മുങ്ങിയെടുത്തു
നിയ്ക്കു മാത്തറം കിട്ടീല

വളരെ ചെറിയ കുട്ടികളെ കളിപ്പിക്കാനും രസിപ്പിക്കാനും ധാരാളം പാട്ടുകളുണ്ട്. ഒരെണ്ണം ശ്രദ്ധിക്കൂ:

തപ്പോ തപ്പോ തപ്പാണീ
തപ്പുകുടുക്കേലെന്തുണ്ട്?
നാഴ്യരി മൂഴ്യരി മാമൂണ്ട്
നാരേണി വെച്ച കറിയുണ്ട്
നാരേണൻ കാച്ചിയ മോരുണ്ട്
പിന്നെ വരുമ്പോളെന്തുണ്ട്?
ചട്ടകം വെച്ചൊരു കൊത്തുണ്ട്.

നിങ്ങൾക്ക് കബഡി കളി അറിയില്ലേ? ഈ കളി ചില പ്രദേശങ്ങളിൽ തകുതുകുതു എന്ന പേരിൽ അറിയ



പ്പെട്ടിരുന്നു. ശ്വാസം പോകുന്നതുവരെ തകുതുകുതു തകുതുകുതു എന്ന് പാടുന്നതാകാം ഇങ്ങനെയൊരു പേരുണ്ടാവാൻ കാരണം.

തകുതുകുതുവിനു പകരം പാടിക്കേട്ട രണ്ടുവരി കേട്ടോളൂ:

എന്താ ലീലേ! ചുണ്ടത്ത്
പി.കെ. ലക്ഷ്മി കുത്ത്യേത്...
കുത്ത്യേത്.. കുത്ത്യേത്
കുത്ത്യേത്... കുത്ത്യേ......

ഇതുപോലെ കുട്ടികൾ രണ്ടുസംഘമായി തിരിഞ്ഞ് മുന്നോട്ടും പിന്നോട്ടും താളബോധത്തോടെ നടന്ന് പാടുന്ന ഒരു പാട്ട് കേട്ടോളൂ. ഇതിൽ അഭിനയത്തിനും വകയുണ്ട്. കൂട്ടുകാർ സംഘം ചേർന്നു പാടുക. അഭിനയിക്കുക. ഇക്കാര്യത്തിൽ വേണമെങ്കിൽ മുതിർന്നവരുടെ സഹായവും തേടാം.



അശുകൊശലേ! പെണ്ണുണ്ടോ
കോശാലും പെണ്ണുണ്ടോ?
അശുകോശലേ പെണ്ണില്ല
കോശാലും പെണ്ണില്ല.
ഇഞ്ചിത്താരേ! പെണ്ണുണ്ടോ
ഇരുമ്പിച്ചിത്താരേ പെണ്ണുണ്ടോ?
ഇഞ്ചിത്താരേ പെണ്ണില്ല
ഇരുമ്പിച്ചിത്താരേ പെണ്ണില്ല.
ഒരു കുടുക്ക പൊന്നുതരാം
പെണ്ണിനെത്തരുമോ നാത്തൂനേ!
ഒരു കുടുക്ക പൊന്നും വേണ്ട മിന്നും വേണ്ട
പെണ്ണിനെത്തരൂല്ല മച്ചാനേ
രണ്ടുകുടുക്ക പൊന്നു തരാം
പെണ്ണിനെത്തരുമോ നാത്തൂനേ
രണ്ടുകുടുക്കപൊന്നും വേണ്ട മിന്നും വേണ്ട
പെണ്ണിനെത്തരൂല മച്ചാനേ!
മൂന്നു കുടുക്ക പൊന്നു തരാം
പെണ്ണിനെത്തരുമോ നാത്തൂനേ
മൂന്നു കുടുക്ക പൊന്നും വേണ്ട മിന്നും വേണ്ട
പെണ്ണിനെത്തരൂല മച്ചാനേ
നാലുകുടുക്ക പൊന്നു തരാം
പെണ്ണിനെത്തരുമോ നാത്തൂനേ
നാലുകുടുക്ക പൊന്നും വേണ്ട മിന്നും വേണ്ട
പെണ്ണിനെത്തരൂല മച്ചാനേ
അഞ്ചുകുടുക്ക പൊന്നു തരാം
പെണ്ണിനെത്തരുമോ നാത്തൂനേ
അഞ്ചുകുടുക്ക പൊന്നും വേണ്ട മിന്നും വേണ്ട
പെണ്ണിനെത്തരൂല മച്ചാനേ
ആറുകുടുക്ക പൊന്നു തരാം
പെണ്ണിനെത്തരുമോ നാത്തൂനേ
ആറു കുടുക്ക പൊന്നും വേണ്ട മിന്നും വേണ്ട
പെണ്ണിനെത്തരൂല മച്ചാനേ
ഏഴുകുടുക്ക പൊന്നു തരാം
പെണ്ണിനെത്തരുമോ നാത്തൂനേ
ഏഴു കുടുക്ക പൊന്നും വേണ്ട മിന്നും വേണ്ട
പെണ്ണിനെത്തരൂല മച്ചാനേ
എട്ടുകുടുക്ക പൊന്നു തരാം
പെണ്ണിനെത്തരുമോ നാത്തൂനേ
എട്ടു കുടുക്ക പൊന്നും വേണ്ട മിന്നും വേണ്ട
പെണ്ണിനെത്തരൂല മച്ചാനേ
ഒമ്പതു കുടുക്ക പൊന്നു തരാം
പെണ്ണിനെത്തരുമോ നാത്തൂനേ
ഒമ്പതു കുടുക്ക പൊന്നും വേണ്ട മിന്നും വേണ്ട
പെണ്ണിനെത്തരൂല മച്ചാനേ
പത്തുകുടുക്ക പൊന്നു തരാം
പെണ്ണിനെത്തരുമോ നാത്തൂനേ
പത്തു കുടുക്ക പൊന്നും വേണ്ട മിന്നും വേണ്ട
പെണ്ണിനെത്തരൂല മച്ചാനേ
നൂറുകുടുക്ക പൊന്നു തരാം
പെണ്ണിനെത്തരുമോ നാത്തൂനേ
നൂറു കുടുക്ക പൊന്നും വേണ്ട മിന്നും വേണ്ട
പെണ്ണിനെത്തരൂല മച്ചാനേ
തട്ടാനറിഞ്ഞീല താലി പണിതീല
പിന്നെന്തിനിത്തറ വെപ്പറാളം

ഇതുപോലെ കൊച്ചനുജന്മാരെയും അനുജത്തിമാരെയും രസിപ്പിക്കുവാനുള്ള ധാരാളം നാടൻപാട്ടുകളുണ്ട്. കൂട്ടുകാർ അവയെ സ്വയം കണ്ടെത്തുവാൻ ശ്രമിക്കൂ.

ഇനി ഒരു ഫലിതം നിറഞ്ഞ നാടൻ പാട്ടാവട്ടെ! കൂട്ടുകാർ ചേർന്നു പാടിനോക്കൂ


*(ശേഷം പേജ് 38ൽ)*

സിനിമ



# സി. ആറിന്റെ ക്യാമറക്കാഴ്ചകൾ

**കുഞ്ഞിക്കണ്ണൻ വാണിമേൽ**



**സി**നിമ സ്വത്വമുദ്രകളുടെ പാഠപുസ്തകമാണ്. അത് നിവർത്തി നോക്കുമ്പോൾ, ഓരോ കാലഘട്ടത്തിലും, ദേശത്തും സിനിമയെ പാകപ്പെടുത്തിയത് വ്യത്യസ്ത സാംസ്കാരിക- രാഷ്ട്രീയ പരിസ്ഥിതികളാണെന്ന് കാണാം. എഴുപതുകളിൽ മലയാളസിനിമയിൽ രൂപപ്പെട്ട നവതരംഗത്തിന്റെ അടിസ്ഥാനധാരയും മറ്റൊന്നല്ല. പാശ്ചാത്യ ചലച്ചിത്ര കൃതികളും സമീപനങ്ങളും മലയാളത്തിന്റെ തിരഭാഷയിലുണ്ടാക്കിയ മാറ്റത്തിന്റെ പ്രതിഫലനമായിരുന്നു ന്യൂസ് പേപ്പർബോയ്, ഓളവും തീരവും, സ്വയംവരം, ഉത്തരായണം, കബനിനദി ചുവന്നപ്പോൾ, സ്വപ്നാടനം, അതിഥി തുടങ്ങിയ ചിത്രങ്ങൾ. ജീവിതത്തിന്റെ താളഭംഗവും മൃദുലഭാവങ്ങളും അതിജീവനത്തിന്റെ കുതിപ്പും സ്വത്വാവബോധത്തിന്റെ തീക്ഷ്ണതയും ഉൾക്കൊള്ളുന്ന ചലച്ചിത്ര സംസ്കൃതി മലയാളത്തിലും തളിർത്തു. സിനിമയുടെ പ്രമേയ സ്വീകരണത്തിലും ആവിഷ്കരണത്തിലും നിലനിന്ന പരമ്പരാഗത രീതിയെ വെല്ലുവിളിച്ചവരുടെ നിരയിലാണ് എഴുത്തുകാരനായ സി. രാധാകൃഷ്ണൻ ഇടം കണ്ടെത്തിയത്. പാരമ്പര്യവും കാലികവുമായ ജീവൽസന്ധികളിലേക്ക് ക്യാമറ ഉറപ്പിച്ചു നിർത്തണമെന്ന് സി. ആറിന്റെ ആദ്യകാല ചിത്രങ്ങൾ തന്നെ വ്യക്തമാക്കിയിരുന്നു. എഴുപതിന്റെ ഉത്തരാർദ്ധത്തിൽ രണ്ടു ധാരകളായിരുന്നു മലയാളത്തിൽ സജീവസാന്നിദ്ധ്യമായത്. ജീവിതത്തിനു നേരെ ക്യാമറ പിടിക്കുന്നവരും, ജീവിതത്തിന് പുറംതിരിഞ്ഞു നടക്കുന്നവരും കാഴ്ചയുടെ തലത്തിൽ വേറിട്ടവഴികളിലേക്ക് സഞ്ചരിച്ചുകൊണ്ടിരുന്നു. ഈ രണ്ടു ധാരകളോടും ഇണങ്ങിയും പിണങ്ങിയും നിൽക്കാൻ തയ്യാറായ സംവിധായകനാണ് രാധാകൃഷ്ണൻ.

അക്ഷരത്തിൽ അഗ്നി കടഞ്ഞെടുക്കുന്ന രാധാകൃഷ്ണൻ ചലച്ചിത്രകലയെ തന്റെ വരുതിയിലേക്ക് വലിച്ചടുപ്പിക്കുകയായിരുന്നു. അറുപതുകളിൽ മലയാളത്തിലെ എഴുത്തുകാർ സിനിമയുമായി അടുത്ത ചങ്ങാത്തം പുലർത്തിയത് സ്വന്തം കൃതികൾക്ക് തിരക്കഥകളൊരുക്കിയായിരുന്നു. സി. രാധാകൃഷ്ണനും ഇതേ വഴി തന്നെയാണ് സ്വീകരിച്ചത്. പക്ഷേ, തന്റെ പഠന മേഖലയിലും ഔദ്യോഗികതലത്തിലും ചലച്ചിത്രവും അതിന്റെ സാങ്കേതികവശങ്ങളും രാധാകൃഷ്ണന് അന്യമായിരുന്നില്ല. പൂന ഫിലിം ഇൻസ്റ്റിറ്റ്യൂട്ടും പി. കെ. നായരുമായുള്ള പരിചയവും സി. ആറിന്റെ ചലച്ചിത്രവീക്ഷണത്തിന് കരുത്തു പകർന്നു. ലോക ക്ലാസ്സിക്കുകളും സംവിധായകരും അനുഭവപ്പെടുത്തിയ ദൃശ്യസംസ്കൃതി സി. ആറിന്റെ തിരഭാഷാ സമീപനം വിപുലപ്പെടുത്തിക്കൊണ്ടിരുന്നു. തന്റെ ആശയങ്ങളും ഉള്ളുരുക്കങ്ങളും ദൃശ്യപഥത്തിലേക്ക് പകർത്തിയപ്പോൾ പ്രതിലോമപരമായ ചിന്താഗതികളേയും സംസ്കാരത്തേയും പ്രതിരോധിക്കാൻ രാധാകൃഷ്ണന് സാധിച്ചത് സിനിമയെ കുറിച്ചുള്ള ആഴക്കാഴ്ചകൾ തന്നെയാണ്.

ലോകസിനിമ മുന്നോട്ടുവയക്കുന്ന സൗന്ദര്യശാസ്ത്രവും പ്രത്യയശാസ്ത്രവും മലയാളിയുടെ ജീവിതവുമായി എങ്ങനെ പൊരുത്തപ്പെടുത്താൻ കഴിയുമെന്ന അന്വേഷണം സി.ആറിന്റെ തിരക്കഥകളിലും ചിത്രങ്ങളിലും പതിഞ്ഞുനില്പുണ്ട്. നടൻ മധുവിന്റെ പ്രേരണയും സഹകരണവുമാണ് രാധാകൃഷ്ണന്റെ സിനിമാ

പ്രവേശത്തിന് സഹായകമായത്. 'തേവടിശ്ശി' എന്ന തന്റെ നോവലിന് തിരക്കഥയൊരുക്കിയാണ് രാധാകൃഷ്ണൻ ചലച്ചിത്രലോകത്തേക്ക് പ്രവേശിച്ചത്. മധു സംവിധാനം ചെയ്ത 'പ്രിയ' എന്ന (1970) ചിത്രത്തിന് ഒട്ടേറെ പുതുമകളുണ്ട്. മധുവിന്റെ സംവിധാനകലയും രാധാകൃഷ്ണന്റെ തിരക്കഥയും ചലച്ചിത്രഗാന രംഗത്ത് ബാബുരാജ്, പി. ലീല, എസ്. ജാനകി, യൂസഫ് അലി തുടങ്ങിയ പ്രഗൽഭ നിരയും 'പ്രിയ'യെ ശ്രദ്ധേയമാക്കി. പിന്നീട് തുലാവർഷം, പിൻനിലാവ്, പാൽക്കടൽ, അവിടുത്തെപോലെ ഇവിടെയും തുടങ്ങിയ സിനിമകൾക്ക് തിരക്കഥ രചിച്ചത് രാധാകൃഷ്ണനായിരുന്നു. അക്കാലത്ത് മലയാളസിനിമയിൽ വേറിട്ട പ്രതിഭകളായി നിറഞ്ഞുനിന്ന അഭിനേതാക്കളായിരുന്നു രാധാകൃഷ്ണന്റെ തിരഭാഷക്ക് ജീവൻ നൽകിയത്.


തിരക്കഥാകാരനായി സിനിമാരംഗത്തെത്തിയ രാധാകൃഷ്ണൻ ആദ്യമായി സംവിധാനം ചെയ്ത ചിത്രം 'അഗ്നി' (1978) ആണ്. അഗ്നി എന്ന തന്റെ നോവലാണ് ഈ സിനിമയ്ക്ക് ആധാരമാക്കിയത്. മുസ്‌ലിം സമുദായത്തിന്റെ ആചാരങ്ങളും അനുഷ്ഠാനങ്ങളും അവതരിപ്പിക്കുന്ന ഈ ചിത്രത്തിൽ പ്രണയത്തിന്റെയും കണ്ണീരിന്റെയും മാനുഷികതയുടെയും നിറദീപ്തിയിലാണ് സംവിധായകൻ ക്യാമറ ഉറപ്പിച്ചുനിർത്തിയത്. ഇറച്ചിവെട്ടുകാരനായ പിതാവിന്റെ ക്രൗര്യവും വേപഥും ബാലൻ കെ. നായരിലൂടെ ശക്തമായി വെള്ളിത്തിരയിലെത്തിക്കാൻ സി. ആറിന്റെ സംവിധാനശൈലിക്ക് കഴിഞ്ഞു. ചലച്ചിത്രഗാന രചനയിൽ ശകുന്തളാ രാജേന്ദ്രന്റെ സാന്നിദ്ധ്യവും 'അഗ്നി'യിൽ ശ്രദ്ധേയമാക്കി. നവീനഭാവുകത്വവും പുതിയ യാഥാർത്ഥ്യങ്ങളും ഇഴചേർത്ത് രൂപപ്പെടുത്തിയ 'അഗ്നി' എന്ന സിനിമയെ നമ്മുടെ നിരൂപകരും സിനിമയെ ഗൗരവപരമായി സമീപിക്കുന്നവരും വേണ്ടത്ര ഗൗനിച്ചില്ല. ആ ചിത്രത്തിൽ പ്രയോജനപ്പെടുത്തിയ സംജ്ഞകളുടെ ഇഴപിരിക്കൽ ഒരു ചലച്ചിത്രകാരനെന്ന നിലയിൽ രാധാകൃഷ്ണന്റെ ജാഗരൂകത അടയാളപ്പെടുത്തുന്നുണ്ട്.

കനലെരിയുന്ന മനസ്സുകളും മുമ്പേപറക്കുന്ന പക്ഷികളും ശാസ്ത്രദീപ്തിയും കൊണ്ട് ഭാവനയുടെ ആഴക്കടലും ആകാശവിതാനവും അനുഭവിപ്പിക്കുന്ന രാധാകൃഷ്ണൻ സിനിമകളിലും പുതുമയുടെ അന്വേഷണാത്മകതക്ക് പ്രാധാന്യം നൽകി. സമകാലിക കേരളീയ പരിസരത്തിലേക്കാണ് 'കനലാട്ടം' എന്ന (1979) സിനിമയിലൂടെ ഈ സംവിധായകൻ പ്രേക്ഷകരെ നടത്തിച്ചത്. സ്ത്രീശാക്തീകരണവും സ്ത്രീപക്ഷ ചിന്തയുമാണ് 'കനലാട്ട'ത്തിന്റെ അന്തർധാര. വാര്യസ്യർകുട്ടിയുടെ ജീവിതഖണ്ഡത്തിലൂടെ, അവളുടെ ദു:ഖങ്ങളിലൂടെ സഞ്ചരിക്കുന്ന ക്യാമറ മനുഷ്യന്റെ ഉള്ളുരുക്കങ്ങളിലേക്കും വികാരവിചാരങ്ങളിലേക്കും ഇറങ്ങിനിൽക്കുന്നു. തന്റെ സ്വത്വം സമൂഹത്തിനു മുമ്പിൽ വരച്ചുചേർക്കാനുള്ള ഒരു സ്ത്രീയുടെ തയ്യാറെടുപ്പുകളാണ് 'കനലാട്ട'ത്തിന്റെ കടുത്ത ഫ്രെയിമുകളിൽ നിറഞ്ഞുനിൽക്കുന്നത്.

ജാത്യാചാരങ്ങളുടെ വേലിക്കെട്ടുകൾ തകർത്തൊഴുകിയ പ്രണയം 'കനലാട്ട'ത്തിലെ മുഖ്യ വിഷയമാണ്. ഉയർന്ന ജാതിക്കാരിയായ നായികയുടെ അനുരാഗം ചെന്നുപതിച്ചത് കീഴ്ജാതിക്കാരനായ യുവാവിൽ. അവരുടെ അനുരാഗനദിക്ക് വിഘ്നം തീർത്തത് ജാതിയും. യുവാവ് നാട്ടുകാരാൽ കൊലചെയ്യപ്പെടുന്നു. മൂകനായ ഏട്ടന്റെ ജീവിതവും തകർന്നതോടെ യുവതിയുടെ ജീവിതം സമൂഹത്തിന്റെ മുമ്പിൽ ചോദ്യചിഹ്നമായി. ആ സ്ത്രീയുടെ കാഴ്ചകളിലൂടെയാണ് 'കനലാട്ട'ത്തിന്റെ ക്യാമറ ചലിക്കുന്നത്. സംഗീതത്തിലും പരിചരണത്തിലും കേരളീയത്തനിമ പുലർത്തിയ ചിത്രമാണ് 'കനലാട്ടം'. സാങ്കേതികമായി ഈ സിനിമയുടെ മറ്റൊരു സവിശേഷത ആറുദിവസം ഇരുപതു മണിക്കൂർ വീതം ചിത്രീകരിച്ചാണ് പൂർത്തിയാക്കിയത്.

കനലാട്ടത്തെ തുടർന്ന് രാധാകൃഷ്ണൻ സംവിധാനം ചെയ്ത സിനിമ 'പുഷ്യരാഗ'മാണ്. മനുഷ്യബന്ധങ്ങളുടെ അടിയൊഴുക്കുകളും നീർച്ചോലകളും ഭംഗിയായി അവതരിപ്പിക്കുകയാണ് ഈ ചിത്രത്തിൽ. ചേച്ചിയും അനുജത്തിയും തമ്മിലുള്ള ബന്ധവും സംഘർഷങ്ങളും ജീവിതത്തിന്റെ കയറ്റിറക്കങ്ങളിലൂടെ ആവിഷ്ക്കരിക്കുകയാണ് സംവിധായകൻ. സാമൂഹികവും സാംസ്കാരികവുമായ ചില ധാരകൾ ഈ സിനിമയിൽ കാത്തുസൂക്ഷിക്കാൻ രാധാകൃഷ്ണന് സാധിച്ചു. മധു, ജയൻ, കെ. പി. ഉമ്മർ, ശാരദ തുടങ്ങിയവർ വേഷപ്പകർച്ച നടത്തിയ പുഷ്യരാഗം ഹൃദയനൊമ്പരങ്ങളുടെ ദൃശ്യാഖ്യാനമാണ്.

സി. രാധാകൃഷ്ണൻ എന്ന



സംവിധായകന്റെ ചലച്ചിത്ര സമീക്ഷയാണ് 'ഒറ്റയടിപ്പാതകൾ' എന്ന സിനിമ. 1998-ൽ പുറത്തിറങ്ങിയ ഈ ചിത്രം ഒരു എഴുത്തുകാരന്റെ അകംകാഴ്ചയുടെ ദീപ്തി പ്രസരിപ്പിച്ചു. ജീവിതത്തിന്റെ ആഴങ്ങളിൽ നിന്നും കണ്ടെടുത്ത വൈകാരിക മുഹൂർത്തങ്ങൾ കൊണ്ട് സമ്പന്നമാണ് ഒറ്റയടിപ്പാതകൾ. രാധാകൃഷ്ണൻ രചനയും സംവിധാനവും നിർവ്വഹിച്ച ഈ സിനിമയും കുടുംബങ്ങളുടെയും വ്യക്തിമനസ്സുകളുടെയും വൈവിധ്യമാർന്ന ദൃശ്യപംക്തികളാണ്. റിട്ടേർഡ് ജഡ്ജിയുടെ മകൾ സുന്ദരിയും സുശീലയുമാണ്. അവളുടെ അനുജൻ വൈകല്യംബാധിച്ച കുട്ടിയും. പ്രണയത്തിനുവേണ്ടി ജീവിതം നീക്കിവെച്ച മുറച്ചെറുക്കനും. കഥയുടെ കുഴമറിച്ചിലിൽ മകളുടെ ഭാവി സുരക്ഷിതമാക്കാൻ വേണ്ടി പിതാവ് തന്നെ അനുജനെ കൊല്ലുന്നു. ഇക്കാര്യം തിരിച്ചറിഞ്ഞ മകൾ കാമുകനെയും തന്റെ പ്രണയത്തെയും ഉപേക്ഷിക്കുന്നു. അച്ഛനെ വെറുക്കുന്നു. നിറഞ്ഞ സ്നേഹവും വറ്റിപ്പോകുന്ന സ്നേഹവും തമ്മിലുള്ള ഏറ്റുമുട്ടലാണ് ഒറ്റയടിപ്പാതകളിലെ പ്രതിപാദ്യം. മാനസികാപഗ്രഥനത്തിന് നിരവധി നീക്കിയിരിപ്പുകൾ നൽകുന്ന മലയാളസിനിമകളിലൊന്നാണ് സി. രാധാകൃഷ്ണന്റെ 'ഒറ്റയടിപ്പാതകൾ'.

സിനിമ ജീവിതത്തിന്റെ കണ്ണാടിയായി കാണാനാഗ്രഹിക്കുന്ന എഴുത്തുകാരനാണ് സി. രാധാകൃഷ്ണനെന്ന്, അദ്ദേഹത്തിന്റെ ചിത്രലോകം പ്രതിഫലിപ്പിക്കുന്നു. വാക്കിന്റെ തിരമാലകൾക്കുള്ളിൽ തെളിയുന്ന വെളിച്ചവും മധുരിമയും സംഗീതവും മാനവീയതയും സാഹിത്യകൃതികളിലെന്നപോലെ ദൃശ്യപഥത്തിലും അനുഭവപ്പെടുത്താൻ രാധാകൃഷ്ണന് സാധിക്കുന്നു. ചലച്ചിത്രകലയിൽ തന്റേതായ ഒറ്റയടിപ്പാതയുടെ അമരത്തുനിൽക്കാൻ ഈ പ്രതിഭാശാലിക്ക് കഴിയുന്നത് മാധ്യമങ്ങളിൽ നിവർത്തിക്കുന്ന ആത്മസമർപ്പണത്തിന്റെ അഗ്നിസ്പർശം കൊണ്ടാണ്. അക്ഷരങ്ങളായി, ദൃശ്യാംശങ്ങളായി വഴിമാറുന്ന കലാത്മകഭൂമികയാണത്. ●




*(പേജ് 6 തുടർച്ച)*

ല്ലോ. വീഴാത്ത വന്മരങ്ങൾ തലയുയർത്തി നിൽക്കുന്നു.

ഞാൻ കുഞ്ഞിരാമേട്ടന്റെ പ്രസ്സ് നിന്നേടത്തേക്ക് നോക്കി. ഇല്ല, അവിടെയുണ്ടായിരുന്ന ഒരു കെട്ടിടവും ഇപ്പോഴവിടെയില്ല. പുതിയ ബസ്സ്സ്റ്റാന്റിലേക്കു വെട്ടിയനിരത്തിന്റെ ആവശ്യത്തിനായി പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ കൂട്ടത്തിൽ ശിവരാമകൃഷ്ണയ്യരുടെ ഇംഗ്ലീഷ് മരുന്ന് പീടികയും പഴയ റേഷൻകടയും എല്ലാം പൊളിച്ചുമാറ്റി.

അരയാലിന്റെ തൊട്ടുവടക്കുണ്ടായിരുന്ന പുറമ്പോക്കിലെ ബസ്സ്റ്റാന്റ് വിപുലീകരിക്കുന്നതിനുപകരം പുതിയ വലിയ ബസ്സ്റ്റാന്റാവശ്യമായി വന്നപ്പോൾ പീടികകൾ പൊളിച്ചെടുത്ത വഴിയിലൂടെ മൺലോറികൾ ചീറിപ്പാഞ്ഞു. ഏതോ കുന്നിടിച്ചുനിരത്തിക്കയറ്റിയ ചെമ്മൺ നിറച്ചവണ്ടികൾ പണ്ടു കൃഷിയിടമായിരുന്ന തണ്ടാംവയൽ മണ്ണിട്ടുമൂടിയുയർത്തി.


കാരണവർ ജീവിച്ചിരുന്ന കാലത്ത് നല്ലനിലയിൽ മൂന്നുപൂവ്വൽ കൃഷി നടത്തിയ തണ്ടാംവയൽ. കാളിയമ്പത്ത് തറവാട്ടുകാരുടെ ജന്മംവയൽ പാട്ടത്തിന്ന് വാങ്ങി നടത്തിയ കൃഷി. കൊല്ലത്തിലൊരിക്കൽ പാട്ടനെല്ല് നിറച്ച ചാക്കുകൾ മൂരിവണ്ടിയിൽ പന്തലായിനിയിലെ കാളിയമ്പത്തേക്ക് ഒരു ഘോഷയാത്രപോലെ നീങ്ങിയതോർമ്മയുണ്ട്. മൂരിവണ്ടിക്ക് മുമ്പിൽ കാര്യസ്ഥൻ കുഞ്ഞിക്കണാരൻ നായർ. ജന്മിയ്ക്ക് കാഴ്ചയുമായി പോകുന്ന ആ യാത്രയിൽ കാരണവരുടെ പകരക്കാരനായി കുഞ്ഞിക്കണാരൻ നായരുടെയൊപ്പം ഇവനും! തണ്ടാംവയലിലെ അന്നത്തെ കൃഷിരംഗങ്ങൾ. തറവാട്ടുമുറ്റത്ത് കൂട്ടിയിട്ട കറ്റചവുട്ടി മെതിക്കുന്ന പണിക്കാർ. വയൽവെള്ളത്തിൽ, കൊയ്തുകഴിഞ്ഞ പാടത്തിൽ, താപ്പുടി ക്കറ്റകൾ അരിഞ്ഞെടുക്കുന്ന ഞങ്ങൾ കുട്ടികൾ.

ആ വയൽ നികത്തിയേടത്ത് പുതിയ കെട്ടിടങ്ങളും വാഹനതിരക്കിന്റെ മുഴക്കവും മുരൾച്ചയും. പണ്ടത്തെ വയൽ നിന്നേടത്ത് പൊങ്ങിപ്പൊന്തിവരുന്ന പുതിയപുതിയ പലനിലകെട്ടിടങ്ങൾ. മുനിസിപ്പാലിറ്റി അതിവേഗം വളരുകയാണ്.

പഴയ ബസ്റ്റാന്റിലും പുതിയ വലിയ ബസ്സ്റ്റാന്റിലും വാഹനങ്ങളും ജനങ്ങളും ഇരമ്പിമറിയുന്ന നേരത്ത് അരയാൽ ചുവട്ടിൽ വന്ന് നിന്നവൻ കിഴക്കോട്ട് നോക്കി. എന്തോ, അങ്ങിനെയാണ് കണ്ണുകളും മനസ്സും ചില നേരങ്ങളിൽ. എനിക്കു കാണുവാനുള്ള കുഞ്ഞിരാമേട്ടന്റെ പ്രസ്സ് നിന്ന കെട്ടിടം. അതിന്നപ്പുറത്ത് സഖാവ് കുഞ്ഞാത്തുവിന്റെ സൈക്കിൾ പീടിക. അരുണോദയം പ്രസ്സ് നടത്തിയിരുന്ന ചാത്തുകുട്ടിയും കൃഷ്ണനും ഈ നഗരബഹളത്തിൽ എവിടെയാണാവോ മുങ്ങിത്താണുപോയത്-

മഴുവെട്ടേൽക്കാതെ പച്ചപിടിച്ചു നിൽക്കുന്ന ആ അരയാലിന്റെ ചുവട്ടിൽ നിൽക്കേ എന്റെ മനസ്സിലെ തണൽമരങ്ങളെ ഞാനോർത്തെടുക്കുകയാണല്ലോ! മനസ്സിൽ എഴുത്തിന്റെയും രചനയുടെയും വർണ്ണപൂമ്പൊടികൾ വാരിവിതറിയ ഇന്നലത്തേ ആ മരപ്പച്ചപ്പുകൾ-കുഞ്ഞിരാമേട്ടൻ, വേലായുധേട്ടൻ- മഴുവെട്ടേല്ക്കാതെ ഇന്നും തഴച്ചുപടർന്ന് നിഴലും കുളിർകാറ്റും തണലും ഏകി ഇവനെ നിലനിർത്തുന്ന നന്മമരങ്ങൾക്ക് മുഴുവെട്ടേല്പിക്കാതെ കാലങ്ങളോളം നിലനിർത്തുകയെന്നതാണല്ലോ എന്റെ ജന്മസാഫല്യം. കർമ്മവിപാകം. നിയോഗം. സ്വസ്തി. ●



മണിഎൻ.മലപ്പുറം

### കഥ ഇതുവരെ

*എട്ടു വീട്ടിൽ സുബൈർ ഹാജിയുടെ മകൾ മൈമൂനയുടെ ഭർത്താവ് തോട്ടുങ്കൽ ജമാൽ മരണപ്പെട്ടു. സുബൈർ ഹാജിയുടെ കടയിലെ വേലക്കാരനായിരുന്നു ജമാൽ. മൈമൂനയും ജമാലും സുബൈർ ഹാജിയേയും ഭാര്യ ആമിനുമ്മയേയും ധിക്കരിച്ച് രജിസ്റ്റർ വിവാഹം ചെയ്തതാണ്. മലപ്പുറം ഗവ: ഹൈസ്ക്കൂളിൽ പഠിക്കുന്ന മൈമൂനക്ക് ഉച്ചക്ക് ചോറു കൊണ്ടു കൊടുക്കാറുള്ളത് സുബൈർ ഹാജിയുടെ മരക്കാർ ട്രെയിഡേഴ്സിലെ വേലക്കാരനായ ജമാലായിരുന്നു. അങ്ങിനെയാണവർ പ്രണയത്തിലായത്. മൈമൂന പ്രീഡിഗ്രിക്ക് പഠിക്കുന്ന സമയത്ത് വേങ്ങരയിൽനിന്ന് ഒരു കല്യാണാലോചന വന്നതാണ്. പക്ഷേ, മൈമൂന സമ്മതിച്ചില്ല. സുബൈർഹാജിയുടെ നിർബന്ധം കൂടിയപ്പോൾ രണ്ടുപേരുംകൂടി ഒളിച്ചോടി രജിസ്റ്റർ വിവാഹം ചെയ്തു. വിവാഹംചെയ്തുവന്ന ജമാലിനെ ബാപ്പ ആലസ്സൻഹാജി വീട്ടിൽ കയറ്റിയില്ല. സുബൈർഹാജി ബന്ധുവായ എസ്.ഐ.യെ വിട്ട് ജമാലിനെ പിടിച്ചുകൊണ്ടുപോയി മർദ്ദിച്ചു. മൈമൂന ആത്മഹത്യക്കു ശ്രമിച്ചു. പിന്നീട് സുബൈർഹാജി കൂടുതൽ എതിർക്കാതെ മൈമൂനയോട് വീട്ടിൽനിന്ന് ഒഴിഞ്ഞ് മറ്റെവിടെയെങ്കിലും പോയി ജീവിച്ചോളാൻ കൽപ്പിച്ചു. മൈമൂനയും ജമാലും മറ്റൊരിടത്തേക്ക് നാടുവിട്ടു.*

ജുമുഅഃ പിരിഞ്ഞുവരുന്നവഴി കടന്നാകുടുങ്ങി റോഡിന്റെ മുഖത്തെത്തിയപ്പോഴുണ്ട് പോസ്റ്റ്മാൻ ഗോപാലൻ കാലൻകുട കുത്തിപ്പിടിച്ചു നില്ക്കുന്നു.

"ഞാൻ ഹാജ്യാരു വരുന്നത് കണ്ട് നിന്നതാണ്. ഒരു കത്തുണ്ട്".

"ആരാണ് ഞമ്മക്ക് കത്തയക്കാൻ".

''നല്ല കട്ടിണ്ട് തൊറന്ന് നോക്കി".

ഗോപാലൻ കുട നിവർത്തി നടന്നു.

കണ്ണട കയ്യിലില്ല വീട്ടിലേക്കു നടക്കുന്നതിനിടയിൽ ഓർത്തു, ഇത്ര വലിയ കത്ത് ആരയച്ചതാകാം.

''ഈ പൊരി വെലത്ത് കൊട ഇടക്കാതെയാണോ ഇങ്ങള് പോയത്".

വീട്ടിലേക്ക് ചെന്നുകയറിയപ്പോൾ ആമിനുമ്മ പരാതിപ്പെട്ടു.

''രാവിലത്തെ ബേജാറിൽ കൊട മറന്നു. നീയ്യെന്റെ കണ്ണട ഒന്നെടുത്താ, വരുന്നവഴി പോസ്റ്റ്മാൻ തന്നതാണ് ഒരു കെട്ട്. എന്താന്ന് നോക്കട്ടെ!!"

"ഇത് കൊറെണ്ടല്ലോ ചോറ് ബൈച്ച്ട്ട് നോക്കാം ബരി"

''ആമി ബെയ്ച്ച്ലെ ഇത്‌വരെ, ഞാമ്പറഞ്ഞിട്ടില്ലെ കാത്തിരിക്കരുത്ന്ന്. വേഗം എടുത്തുവെക്ക്".

"ഇങ്ങളെ അല്ലാണ്ട് പിന്നെ ആരാ ഇച്ച് കാത്തിരിക്കാനുള്ളത്"

ആമിതാത്താന്റെ കണ്ണുകൾ നിറഞ്ഞു.

''വടക്കേമണ്ണയിൽനിന്ന് നമ്മടെ കുട്ടിയെ കൂട്ടിവരായിരുന്നു ഈ ഒറ്റപ്പെടല്ന്ന് ഒരാശ്വാസം, ഞാൻ നോക്കിവളർത്തികൊളാ അതിനെ".

"ഇയ്യ് വിചാരിക്കണപോലെ കൂട്ടിവരാൻ പറ്റൂല അവിട്ന്ന്. അത് വല്യ നൂലാമാലയാണ്".

ചോറ് ബൈച്ച് ഉമ്മറത്തെ ചാരുകസേരയിൽ കിടന്ന് കത്ത് പൊട്ടിച്ചു. കണ്ണട മൂക്കിൽവെച്ച് വായിച്ചുതുടങ്ങി.

"അസ്സലാമു അലൈക്കും.

ഉപ്പ പൊറുക്കണം ഞാൻ അങ്ങനെ വിളിക്കുന്നതിഷ്ടമല്ലെന്നറിയാം എന്നാലും അവസാനമായി വിളിക്കുകയാണ്. ആദ്യവരി വായിച്ച സുബൈർ ഹാജിയിൽ ഒരു നടുക്കം പാഞ്ഞുപോയി. ജമാലിന്റെയാണ് കത്ത് മരിക്കുന്നതിനു മുമ്പ്, എഴുതിപോസ്റ്റുചെയ്തതായിരിക്കണം. 2004ലെ ഡയറിയിൽനിന്ന് കീറിയെടുത്ത പേജുകളിൽ കുനുകുനാ എഴുതിനിറച്ചിരിക്കുകയാണ്.

സുബൈർഹാജി പൊള്ളുന്ന വരികളിലൂടെ ഒഴുകിനീങ്ങി.

''ഉപ്പയോട് ഞാൻ തെറ്റ് ചെയ്തു. പൊറുക്കാൻ കഴിയാത്ത തെറ്റാണെന്നറിയാം. അതുകൊണ്ടുതന്നെ പൊറുക്കണം എന്നപേക്ഷിക്കാനല്ല ഈ കത്ത്. എന്താണ് നടന്നത് എന്ന് ഉപ്പയെങ്കിലും അറിയണം എന്നോർത്താണ്.

ബാപ്പാന്റെ സലൂണിൽ വയസ്സന്മാരുടെ ചൊറിപിടിച്ച തലയും കക്ഷവും വടിച്ചു കൊടുക്കുമ്പോൾ എങ്ങനെയെങ്കിലും രക്ഷപ്പെടണം എന്ന് മാത്രമെ ഉണ്ടായിരുന്നുള്ളൂ. അത് മനസ്സിലാക്കിയ ബാപ്പ ഹാജ്യാരുടെ കടയിൽ വാങ്ങിതന്ന പണി സന്തോഷത്തോടെയാണ് സ്വീകരിച്ചത്. അവിടെ മൈമൂനാക്ക് സ്കൂളിലേക്ക് ചോറുകൊണ്ടുകൊടുക്കുന്ന പണി മാത്രമാണ് എനിക്കിഷ്ടപെടാതുണ്ടായിരുന്നത്.

ഒരുദിവസം സ്കൂളിൽ ചോറുപാത്രം കൊടുക്കുന്നതിനിടയിൽ ഞാൻ ചോദിച്ചു.

"മൈമൂനാക്ക് രാവിലെ വരുമ്പോൾ ചോറുകൊണ്ടെന്നാൽ എന്താ"

"പിന്നെ ഇങ്ങക്ക് എന്താണ് പണി"

"എന്നാലും മൈമൂനാ ഞാൻ മീശ മുളച്ച ഒരാൺകുട്ടിയല്ലേ? ചോറുപാത്രം തൂക്കി പെൺകുട്ടി

കളുടെ ഇടയിലിങ്ങനെ.....”

“എന്നാലിനി മീശക്കാരൻ പാത്രം തൂക്കി ക്ലാസിലോളം വരണ്ട ഞാൻ ഗെയ്റ്റ് വരെ വന്ന് വാങ്ങാം. എന്നാലും എനിക്ക് എന്നും ഇക്കാനെ കാണണം”

മൈമൂന എന്നെ ആദ്യമായി അന്നാണ് 'ഇക്കാ' എന്ന് വിളിച്ചത്. എന്നിലൂടെ ഒരു കുളിര് പാഞ്ഞുകയറി. ഒരു ശനിയാഴ്ച ഞാൻ ഉച്ചക്ക് കടയിൽനിന്ന്, ഉപ്പാക്കുള്ള ചോറുകൊണ്ടുവരുന്നതിനും എനിക്ക് ചോറൂണിനുമായി വീട്ടിലെത്തി.

‘‘അള്ളാ ജമാല് വന്നോ നേരം പോയതറിഞ്ഞില്ല. മൈമൂനാ ഇജ് ജമാലിന് ചോറ് കൊട്ക്ക് ഞാൻ ഉപ്പാക്ക് ചോറാക്കട്ടെ. നെനക്ക് സ്കൂളില്യാത്ത ദിവസം ഇന്റെ ഒരു പണിയും നീങ്ങൂലാ”.

ആമിതാത്ത പാത്രം കഴുകാൻ കൊട്ടത്തളത്തിലേക്ക് പോയി. മൈമൂന ഡൈനിങ്ങ് ഹാളിലെ മേശപ്പുറത്ത് വസിവെച്ച് ചോറുവിളമ്പി തന്നു. വിളമ്പുന്നതിനിടയിൽ ചോദിച്ചു.

‘‘എന്നെ എന്നും ചോറുവിളമ്പിതരാൻ സമ്മതിക്കോ”

“ഞാൻ എന്നും ഇവിടെ വര്ണ്ണ്ടല്ലോ!! മൈമൂന സ്കൂളിൽ പോവാണ്ടെ ഇവടെ നിന്നോ ചോറുവെളമ്പാൻ”

പൊട്ടൻ കളിച്ച എന്നോട് മൈമൂന ദേഷ്യപ്പെട്ടു.

“അതല്ല ഞാൻ പറഞ്ഞത് തെളിച്ച് പറഞ്ഞാലെ മനസ്സിലാവൂ”

“എനിക്കല്ല മനസ്സിലാവാത്തത്. മൈമൂനാക്കാണ്. ഞാൻ പാവപ്പെട്ട ഒസ്സാന്റെ മകനാണ്”.

‘‘അതിനെന്താണ് ഇക്ക ആണല്ലെ. ഇക്കാലത്ത് മുടിമുറിക്കണ ആൾക്ക് ഒസ്സാൻ എന്നല്ല പേര്. ബ്യൂട്ടീഷ്യൻ എന്നാണ്”.

“ഉപ്പാന്റെ സലൂണിൽ ചെന്ന ദിവസം ഒരു തന്ത കൊറ്റന്റെ ചൊറിപിടിച്ച തലയും താടിയും വടിച്ചുകൊടുത്തപ്പോൾ തീർന്നു ബ്യൂട്ടീഷ്യൻ പണിയോടുള്ള പൂതി”.

“പിന്നെ കാലാക്കാലം പീടികയിലിങ്ങനെ നെരങ്ങാനാ പൂതി”.

“മൈമൂനാനെ കെട്ട്യാ ഞാൻ മരക്കാർ ട്രേഡേഴ്സിന്റെ ഓണറാവില്ലേ”.



“പൂതി തരക്കേടില്ല. പക്ഷേ, ഉപ്പ സമ്മതിക്കൂല്ലാ അതുകൊണ്ട് നല്ല പണി എന്തെങ്കിലും കണ്ടുപിടിച്ചോളിൻ”.

അപ്പോഴൊക്കെ ഞാനവളെ നിരുത്സാഹപ്പെടുത്തിയിരുന്നു. പക്ഷേ, മൈമൂന എന്നിൽ പിടിമുറുക്കുകയായിരുന്നു.

എസ്.എസ്.എൽ.സി.ക്കു പഠിക്കുന്ന കാലത്താണല്ലോ അവൾക്ക് ആദ്യമായി ഒരു കല്യാണാലോചന വന്നത്. അതിനടുത്ത വെള്ളി, ജുമാ പിരിഞ്ഞ് ഞാനവൾക്കുള്ള ചോറുപാത്രവുമായി സ്കൂൾ ഗെയ്റ്റിലെത്തി. അപ്പോൾ ബാഗും തൂക്കി മൈമൂന പുറത്തുണ്ട്.

“വേഗം ഇക്ക ഒരോട്ടോ വിളിക്ക്”.

“എന്തിനാണ്”.

“ഒരു പ്രധാനകാര്യം പറയാനുണ്ട്. നമ്മുക്ക് കോട്ടക്കുന്നിൽ പോവാം”.

എന്താണ് കാര്യം എന്നറിയാതെ അമ്പരന്ന ഞാൻ ഓട്ടോ വിളിച്ചു. കോട്ടക്കുന്നിന്റെ കിഴക്കേ ചെരുവിൽ വലിയ ഉരുളൻപാറക്കു പിന്നിൽ നിഴൽ നോക്കിയിരുന്ന് മൈമൂന പറഞ്ഞു.

“എന്നെ പെണ്ണ് ചോദിച്ച് ഒരു മൊശകോടൻ വന്നു ഇളിക്ക്ണ്ണ്ട്. ഇക്ക ഒന്നും അറിയാത്ത പോലെ ചോറുപാത്രവും തൂക്കി വെയിലത്ത് നടക്കുകയാണ്”.

‘‘മൈമൂന പഠിക്കുകയല്ലെ. പിന്നെന്തിനാ ഇപ്പോ നിക്കാഹിനെപ്പറ്റി ചിന്തിക്കുന്നത്”.

“ഞാനല്ല ചിന്തിക്കുന്നത്. ഇക്ക മലപ്പുറത്തല്ലെ! എന്റെ ക്ലാസിൽ പതിനേഴ് കുട്ട്യാൾടെ നിക്കാഹ് കഴിഞ്ഞു. ഷബ്ന പഠിപ്പു നിർത്തി എന്താന്നോ?”

“എന്താ?”

“ഷബ്ന ഗർഭിണിയാണ്”.

## അതിങ്കലെങ്ങാണ്ടൊരിടത്ത് by രാകേഷ്




"ഞാനിപ്പം എന്ത് ചെയ്യണം അത് പറ".

"ഞാൻ എന്തെങ്കിലും പറഞ്ഞ് ഒഴിയും. അഥവാ ഒഴിയാൻ പറ്റിയില്ലെങ്കിൽ ജമാലിക്ക എന്നെ വിളിച്ച് കൊണ്ടോണം".

"മൈമൂന പഠിപ്പ് കഴിഞ്ഞ് മതി നിക്കാഹ് എന്ന് പറ ഉപ്പയോട്. തനി മലപ്പുറം കാക്കയല്ല ഹാജി, എനിക്കറിയാം".

എസ്.എസ്.എൽ.സി. പാസ്സായി മൈമൂന മലപ്പുറം കോളേജിൽ ചേർന്നശേഷം മിക്കവാറും വെള്ളിയാഴ്ച ഞങ്ങൾ കോട്ടക്കുന്നിൽ വെച്ച് കണ്ടിരുന്നു. അങ്ങനെയിരിക്കെയാണ് മീൻകാരൻ ഹംസാക്ക വേങ്ങരയിൽ നിന്നുള്ള ദുബായിക്കാരന്റെ ആലോചന കൊണ്ടുവന്നത്. അപ്പോഴേക്കും ഞങ്ങൾ വേർപ്പിരിയാനാവാത്തവിധം അടുത്തിരുന്നു. അതുകൊണ്ടുന്നെ ആ വെള്ളിയാഴ്ച കോട്ടക്കുന്നിൽവെച്ച് മറ്റൊന്നും ആലോചിക്കാതെ ഞങ്ങൾ രജിസ്റ്റർ വിവാഹത്തിന് തീരുമാനിക്കുകയായിരുന്നു.

മൈമൂനയെ നേരെ എന്റെ വീട്ടിൽ കൊണ്ടുപോണം എന്നാണ് നിനച്ചിരുന്നത്. പക്ഷേ, ഉപ്പ ഞങ്ങളുടെ പ്രതീക്ഷകളെ തകിടംമറിച്ചു. മൂപ്പർ അണുവിട സമ്മതിച്ചില്ല. മാത്രമല്ല നേരെ ഹാജ്യാരുടെ അടുത്ത് വന്ന് കാര്യം പറയുകയും ചെയ്തു. പിന്നെ നടന്നത് ഹാജ്യാർക്കും ഓർമ്മയുണ്ടാവും.

മൈമൂന ആത്മഹത്യക്ക് ശ്രമിച്ച് ആശുപത്രിയിലായശേഷം ഉപ്പാന്റെ മനസ്സിലെങ്കിലും ഞങ്ങൾ എങ്ങനെയെങ്കിലും ജീവിച്ചോട്ടെ എന്നോരു ചിന്ത ഉണ്ടെന്നറിഞ്ഞതാണ് എന്റെ ഉമ്മയും ഉപ്പയും എതിർത്തിട്ടും അവളെകൂട്ടി വാടകവീട്ടിൽ താമസിക്കാൻ കരുത്തായത്. അല്ലെങ്കിൽ അന്ന് ഞങ്ങൾ രണ്ടാളുംകൂടി കോട്ടക്കുന്നിൽ മരിച്ചുകിടന്നേനെ!!

750 രൂപക്ക് ആനക്കയത്ത് ഒരു ലൈൻ ക്വാർട്ടേഴ്സ് വാടകക്കെടുത്ത് അത്യാവശ്യം വീട്ടുപകരണങ്ങൾ വാങ്ങി താമസം തുടങ്ങി.

എന്റെ കയ്യിൽ ഹാജി തന്നതടക്കം 45000 രൂപ ഉണ്ടായിരുന്നു. മൈമൂനായുടെ കയ്യിലും കുറെ പണമുണ്ടായിരുന്നു. ആഭരണം ഒന്നും എടുക്കരുത് എന്ന് ഞാൻ പ്രത്യേകം പറഞ്ഞിരുന്നു. കാരണം ഹാജ്യാരുടെ മൊതല് കണ്ടല്ല ഞാൻ മൈമൂനയെ സ്നേഹിച്ചത്.

പീടികയിലെ ബാവാന്റെ അളിയൻ ആനക്കയത്ത് ഒരു ചെറിയ പലചരക്ക് കട നടത്തിയിരുന്നു. 40000രൂപ കൊടുത്ത് അതിൽ കൂട്ടുകച്ചവടക്കാരനായി ചേർന്നു. കുറേകൂടി ചരക്കെടുത്തു. കച്ചവടം ഒരുവിധം നന്നായി നടന്നു. മജീദും ഞാനും സൗകര്യത്തിനനുസരിച്ച് മാറിമാറി കടയിൽ ഇരുന്നു. പൊതിഞ്ഞുകൊടുക്കാൻ ഒരു പയ്യനെയും നിർത്തി.മുസ്തഫ.

മൈമൂന പഠിത്തം നിർത്തിയിരുന്നില്ല. അവൾ പി.ഡി.സി. പാസ്സായി മലപ്പുറം കോളേജിൽ തന്നെ ഇസ്ലാമിക് ഹിസ്റ്ററി എടുത്ത് ഡിഗ്രിക്ക് ചേർന്നു. പക്ഷേ, അപ്പോഴേക്കും അവൾ ഗർഭിണിയായി. ഞങ്ങൾ ഏറെ സന്തോഷിച്ച ദിവസങ്ങൾ. മഞ്ചേരി ഗവ:ആശുപത്രിയിൽ ഒരു ചാപ്പിള്ളയെയാണ് അവൾ പ്രസവിച്ചത്. ആ ദുഃഖത്തിലേക്കെങ്കിലും സാന്ത്വനമായി ഉപ്പ ഉമ്മയെയും കൂട്ടി വരും എന്ന് ഞാനും മൈമൂനയും കരുതി. ഞങ്ങളെ സാന്ത്വനിപ്പിക്കാൻ. ആരും വന്നില്ല.

(തുടരും)


2nd Wedding Anniversary

HAREESH - RAJITHRA

MADAVOOR



ആശംസകളോടെ കുടുംബാംഗങ്ങൾ


ADHITHYAN
ALUMINIUM FABRICATORS
Methottuthazham, Anantha Bazar,
Calicut -07
Fabricators of Aluminium Doors, Sliding Windows, Showcases, False Ceiling, Sintex Doors, Fiber Doors, Structural Glazing Curtains etc.
K.JIJEESH
Mob: 9946120321
JUNAID
Mob: 9746044885


കോഴിക്കോടൻ ഹല്വ 25ൽ പരം രുചികളിൽ
മൊത്തമായും ചില്ലറയായും
ARAFA SWEETS
New Bus Stand, Calicut
RoomNo.17, 1st Floor
Ph:(Shop) 4013658
K.C.ABDUL BASHEER Mob:9387509658, 0495 3203424


TM
TEMPTATION MOTORS
Specialist in TVS Two wheeler Service
Christian College Cross Road,
Near 7th Day School, Calicut 673011
Rumees T.
Mob:9846061723
Nideesh M.K.
Mob: 9895155119


K.P.Sunilkumar
Mob: 9847390950
Ph: 0495-2702073
Resi: 2352295
Yes Key Electricals & Engineering Works
Puthiyapalam
Calicut


എല്ലാവിധ ഇൻഡസ്ട്രിയൽ
ജോലികൾക്കും സമീപിക്കുക
ശാരദ
ഇൻഡസ്ട്രിയൽസ്
കാളൂർ റോഡ്, മാങ്കാവ്
കോഴിക്കോട് – 673 007
Mob: 9846412070


AMAL
Cell: 9847528837
GLAMOUR
GENTS & BOYS
Naluparambil Complex,
Mankave, Calicut-7
PANTS, JEANS,
SHIRT, T-SHIRTS etc....

നോവലെറ്റ്



ഏ.പി.സുരേഷ്

4

# മിഠായി തെരുവ്

**കഥ ഇതുവരെ**

*ജേർണലിസത്തിൽ ഗോൾഡ് മെഡൽ ജേതാവായ ഋഷി ഒരു പ്രമുഖ പത്രസ്ഥാപനത്തിൽ ജോലികിട്ടി കോഴിക്കോട്ടെത്തി. രാത്രിയിൽ മിഠായി തെരുവിലൂടെ ചിന്തകളിൽ മുഴുകിനടക്കുകയായിരുന്ന ഋഷിയുടെ കൺമുമ്പിൽവെച്ച് ഒരു ഗുണ്ടാസംഘം ഒരു പെൺകുട്ടിയെ തട്ടിക്കൊണ്ടുപോകുവാനിടയായത് കണ്ട് ഋഷി റോഡിൽ ആ നേരത്ത് എന്തുചെയ്യണമെന്നറിയാതെ തരിച്ചുനിന്നു. നാട്ടിൽ ഋഷി ശ്രീക്കുട്ടിയുമായി ആത്മാർത്ഥ പ്രണയത്തിലാണ്. അവളോടു പോലും പറയാതെയാണ് ഋഷി നാട്ടിൽ നിന്നും പോന്നത്. ഋഷി ജോലി ചെയ്യുന്ന പത്രത്തിന്റെ ചീഫ് അവനെ ഒരു ഫീച്ചർ തയ്യാറാക്കാൻ ഏൽപ്പിച്ചു. നഗരത്തിലെ ഗുണ്ടാവിളയാട്ടം തന്നെയാണ് ഋഷി ഫിച്ചറീനായി തെരെഞ്ഞെടുത്ത വിഷയം. ഫീച്ചർ തയ്യാറായും പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. അതിനുശേഷം ഒരുനാൾ നഗരത്തിൽ വെച്ച് ഗുണ്ടകൾ മാരുതിയിൽ ബലമായി പിടിച്ചു കയറ്റി കൊണ്ടുപോയ പെൺകുട്ടി ഋഷിയെകാണാൻ പത്രമാപ്പീസിൽ വന്ന് തന്റെ പേര് ഹെന്നാതോമസാണെന്നും താനൊരു സമ്പന്നരുടെ മാത്രം വേശ്യയാണെന്നും പറഞ്ഞു. ഇടയ്ക്കിടെ ഹെന്നാതോമസ് ഓഫീസിൽവന്ന് ഋഷിയെ കാണാറുണ്ടെന്നുള്ള വാർത്തയറിഞ്ഞു ചീഫ് ഋഷിയോട് ദേഷ്യപ്പെട്ടു. തന്റെ മകനെപോലെയാണ് ഋഷിയെന്നു ഉപദേശിക്കുകയും ചെയ്തു. ഹെന്ന പിന്നീട് ഒരു ദിവസം ഋഷിയെ അത്യാവശ്യമായി കാണണമെന്നും മാനാഞ്ചിറ സ്ക്വയറിനടുത്തുണ്ടാകുമെന്നും ഫോൺ ചെയ്തറിയിച്ച പ്രകാരം ഋഷി ഓഫീസിൽനിന്നിറങ്ങി മാനാഞ്ചിറ സ്ക്വയറിനടുത്തേക്ക് പുറപ്പെട്ടു.*

**ഓ**ട്ടോയിൽ നിന്നിറങ്ങി ബോഗവില്ലകൾ വഴിയൊരുക്കുന്ന കമാനവും കടന്ന് അധികം സന്ദർശകരുടെ ബഹളമൊന്നുമില്ലാത്ത റിസോർട്ടിന്റെ ഓരൊഴിഞ്ഞ മൂലയിലെ സീറ്റിൽ അഭിമുഖമായി അവർ ഇരുന്നു. വെയിറ്റർ മുമ്പിൽ വന്ന് നിന്നപ്പോഴും എന്താണ് ഓർഡർ കൊടുക്കേണ്ടത് എന്ന് ഹെന്ന സംശയിച്ചു.

-ഋഷി പറയൂ. എന്താ ഓർഡർ ചെയ്യേണ്ടത്-

- ഓരോ കോഫി ആകട്ടെ-

- അതാദ്യം. കനമുള്ളതെന്തു വേണം-

അവന് സംശയമായി. ഇവിടെ ഭക്ഷണത്തിന് ഓർഡർ കൊടുത്ത് അത്രയും സമയം ഇവൾക്കെന്താണ് താനുമായി പങ്കുവെക്കാനുള്ളത്. അവന്റെ മനോഗതം അറിഞ്ഞെന്ന വണ്ണം അവൾ ചിരിച്ചു കൊണ്ട് പറഞ്ഞു.

-ഋഷി ഭയപ്പെടുകയൊന്നും വേണ്ട. ഒരു ഡിന്നർ കഴിക്കുന്ന സമയം കൊണ്ട് നമുക്ക് കുറച്ചു നേരം സംസാരിക്കാം എന്നേ താൻ ഉദ്ദേശിച്ചുള്ളു.

വെയിറ്റർക്ക് ഭക്ഷണത്തിന് ഓർഡർ കൊടുത്തു ഹെന്ന സംസാരത്തിന് തുടക്കമിട്ടു.

തെക്കൻ തിരുവിതാംകൂറിലെ ഒരു പുരാതന ക്രിസ്ത്യൻ കുടുംബത്തിൽ ജനനം, ബഹളങ്ങളൊന്നുമില്ലാത്ത ബാല്യം, വിദ്യാഭ്യാസം. അപ്പച്ചന്റേയും അമ്മച്ചിയുടേയും തന്നോടുള്ള അറ്റാച്ച് മെന്റ്. കൂട്ടുകാരാരും ഇല്ലാത്ത കോളേജ് പഠനം. തന്നിലേയ്ക്ക് തന്നെ ചുരുങ്ങികൂടിയ ജീവിതം. എല്ലാമെല്ലാം ഹെന്ന ഋഷിയുമായി പങ്കിട്ടു. കേൾക്കുകയല്ലാതെ മറുപടിയായി ഒന്നും ചോദിയ്ക്കയോ പറയുകയോ അവൻ ചെയ്തില്ല. ഒടുവിൽ ഒരു എസ്റ്റേറ്റ് പ്ലാനറുമായുള്ള തന്റെ വിവാഹത്തിന്റെ കഥയും ഹെന്ന പറഞ്ഞു.

-നല്ല ആളായിരുന്നു. സ്നേഹമുള്ളവൻ. പറഞ്ഞിട്ടെന്താ ധൂർത്തനുമായിരുന്നു. എന്നെ വിറ്റുവരെ പണമുണ്ടാക്കി. മരിയ്ക്കാൻ സമയമൊന്നുമായില്ലായിരുന്നു. അറ്റാക്ക് കൊണ്ടുപോയി വളരെ ചെറുപ്പത്തിലേ. അതിന് മുമ്പേ ഒരുൾവിളിപോലെ കുറെ സ്വത്തുക്കൾ എന്റെ പേരിൽ രജിസ്റ്ററാക്കിയിരുന്നു. മരിയ്ക്കുമെന്ന് മുൻകൂട്ടി അറിഞ്ഞപോലെ. അതാണ് ഇപ്പോൾ എന്റെ നാശം. പുള്ളിയേക്കാൾ ധൂർത്തനും തെമ്മാടിയും ഗുണ്ടയുമായിരുന്നു ഒരനിയൻ. എന്റെ സ്വത്തുക്കൾ മുഴുവൻ ഇപ്പോൾ പുള്ളിയ്ക്ക് കിട്ടണം. കാണുന്നിടത്തുവെച്ച്, അത് പകലെ

ന്നില്ല രാത്രിയെന്നില്ല എന്നെ ഉപദ്ര വിക്കുക പുള്ളിയുടെ ഹോബിയാ ണ്-

ഹെന്ന പറഞ്ഞുനിർത്തിയടത്ത് നിന്നും ഋഷി തുടങ്ങി.

-അതിനായിരുന്നോ അന്ന് രാത്രി.....

-അതെ ഞാൻ കരഞ്ഞപേക്ഷി ച്ചാലും അന്ന് രാത്രി അന്നേരം ഋഷി യ്ക്കെന്നെ രക്ഷിയ്ക്കാൻ കഴിയില്ലാ യിരുന്നു. അവരെന്നെ കൊണ്ട്പോയി കുറേ ഉപദ്രവിച്ചു. ചില പ്രമാണങ്ങൾ കാണിച്ച് അതിൽ സൈൻ ചെയ്യാൻ നിർബ്ബ ന്ധിച്ചു. ഞാൻ വഴങ്ങിയില്ല. ജേഷ്ഠന്റെ ഭാര്യ എന്ന ചെറിയൊരു പരിഗണന അവൻ വെച്ചതാവും. അന്നെന്നെ വെറുതെ വിട്ടു. എന്നും ഏതുനേരവും അവനെന്റെ പിറകെ ഉണ്ടെന്ന് എനിയ്ക്കറിയാം- മന സ്സിന്റെ ഭാരമൊന്ന് കുറ ഞ്ഞതുപോലെ ഹെന്ന ഒന്നാശ്വസിച്ചു,

* * *

-തനിയ്ക്കൊരു ഗസ്റ്റുണ്ട്-

ഋഷിയൊന്ന് ഭയന്നു. ഹെന്ന വീണ്ടും തിരക്കി എത്തിയോ സംശ യത്തോടെ തന്നെയാണ് അവൻ വെയിറ്റിംഗ് റൂമിലെത്തിയത്.

പ്രതീക്ഷിച്ച ആളൊന്നുമല്ല. തീരെ പ്രതീക്ഷിക്കാത്തൊരാൾ! അച്ഛൻ!


തെല്ലുനേരം ഇരുവരും അന്യോന്യം ഇമവെട്ടാതെ നോക്കി നിന്നുപോയി. അവരുടെ കണ്ണുക ളിൽ നീർപൊടിഞ്ഞു. അച്ഛനാകെ തളർന്ന മട്ടുണ്ട്.

-അച്ഛനിരിയ്ക്ക്-

ഋഷിയുടെ ശബ്ദമൊന്ന് ചിലമ്പിപ്പോയി. വളരെ നാളുകൾക്ക് ശേഷം ഇരുവരും കാണുകയാണ്. വികാരപ്രക്ഷുബ്ധമായ കുറേ നിമി ഷങ്ങൾ കടന്നുപോകവെ അച്ഛൻ പതുക്കെ ആ മുറിയിലെ സോഫ യിൽ അമർന്നു. എന്ത് പറയണമെന്ന് ഋഷിയ്ക്കറിയില്ലായിരുന്നു. കുറ്റ ബോധം കൊണ്ട് മനസ്സ് തളർന്ന് പോയിരുന്നു.

-നിനക്ക് തിരക്കുണ്ടോ. എനിയ്ക്ക് കുറച്ച് സംസാരിച്ചാൽ കൊള്ളാമെന്നുണ്ട്. നമുക്കൊന്ന് പുറത്തേയ്ക്കിറങ്ങാം-

അച്ഛനെ പരിചയപ്പെടുത്തി കൊടു ത്തപ്പോൾ വിശേഷങ്ങൾ തിരക്കിയ ചീഫിനോട് കുറച്ചുസമയം അച്ഛ നായി നീക്കി വെയ്ക്കാൻ അനു



വാദം കിട്ടി.

സംസാരത്തിന് തുടക്കമിട്ടതും അച്ഛൻ.

-നീ ഈ നഗരത്തിൽ ഈ പത്ര ത്തിൽ ജോലിചെയ്യുന്ന കാര്യം ആദ്യം സംശയം പറഞ്ഞത് ശ്രീക്കു ട്ടിയായിരുന്നു. നിന്റെ ഭാഷ ഏറെക്കുറേ അറിയാവുന്നതും അവൾക്കാണല്ലോ. ഓരോ പത്ര വാർത്ത വായിക്കുമ്പോഴും ശ്രീക്കുട്ടി പറയുമായിരുന്നു, അത് നിന്റെ ഭാഷ യാണെന്ന്. അപ്പോ പിന്നെ ഒന്നന്വേ ഷിയ്ക്കാമെന്ന് വെച്ചു. അമ്മ കിടത്തി പൊറുപ്പിച്ചിട്ടില്ല നീ പോന്ന തിൽ പിന്നെ. ഞാനാണല്ലോ എല്ലാ വർക്കും ശത്രു അച്ഛന്റെ ശബ്ദ ത്തിന് പഴയ കനമൊന്നുമില്ല. തളർന്ന മട്ട്.

-അച്ഛാ, ഞാൻ.

-നീ ഒന്നും പറയണ്ട. നിന്റെ ഈ പ്രായത്തെ ഞാനറിഞ്ഞില്ല-ത ലയ്ക്ക് മുകളിൽ സൂര്യന്റെ ചൂട് വന്ന് പൊള്ളിക്കുന്നുണ്ടായിരുന്നു. പിന്നീട് അച്ഛൻ പറഞ്ഞതെല്ലാം പലവട്ടം പലഘട്ടങ്ങളിൽ കേട്ടത് തന്നെ.

നാലുക്കെട്ടും നടുമുറ്റവുമുള്ള ഒരു കുടുംബത്തിലെ ഒറ്റപ്പെടൽ. നോക്കെത്താത്ത അത്രയും പാട ങ്ങളും പറമ്പുകളും. അതിലെ അദ്ധ്വാനം. അച്ഛനില്ലാത്ത കുട്ടിയ്ക്ക് അമ്മാവന്മാരുടെ ശകാരത്തിന് പഞ്ഞമില്ലായിരുന്നു. നിരാംലംബ യായ ഒരമ്മയുടെ കണ്ണീര് കണ്ട് വളർന്നൊരു കുട്ടി.

അച്ഛന്റെ കുട്ടിക്കാലം അതൊക്കെ യായിരുന്നു.

വളർന്ന് തുടങ്ങുമ്പോൾ അച്ഛന് വാശിയായി, പഴയ ഒറ്റപ്പെടലിനേയും ശകാരങ്ങളേയും തച്ചുടയ്ക്കാനും ജീവിയ്ക്കാനുള്ളത് നേടാനും.

അമ്മാവന്മാരെ ആശ്രയിക്കാതെ യുള്ള സ്വഛമായൊരു ജീവതം നേടാനുള്ള അശ്രാന്ത പരിശ്രമം. അതിൽ വിജയം നേടി അച്ഛൻ പുതി യൊരു ജീവിതം കരുപിടിപ്പിച്ചു. കുടുംബമായി മക്കളായി. അവരെ അരുമയോടെ അച്ചടക്കത്തോടെ വളർത്താൻ നേടിയതെല്ലാം അവർക്കായി കാത്തു വെച്ചു.

അകലെ ഗ്രാമത്തിൽ നല്ല നിലയിൽ തന്നെ ജീവിച്ചു. എവിടെയാണ് പക്ഷേ അച്ഛന് തെറ്റിയത്. അറിയി ല്ല. സ്വന്തം മക്കളോട് കാണിച്ച അമി തസ്നേഹം, സ്നേഹമില്ലായ്മയായി താനടക്കമുള്ള മക്കൾ തെറ്റിദ്ധരി ച്ചുവോ എന്ന് ഇപ്പോൾ തോന്നുന്നു. പോകാൻ തുനിയവേ അച്ഛൻ പറ ഞ്ഞതിങ്ങനെ:

-നിന്നെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. ഞാൻ നിന്നെ ഓർത്ത് കണ്ട സ്വപ്ന ങ്ങളുടെ നിലയും വിലയും നിനക്ക് മനസ്സിലാകും, നിന്റെ മനസ്സും പ്രായവും എന്നോളമാവുമ്പോ....

ഇത്രയും കൂടി അച്ഛൻ പറഞ്ഞു.

-അമ്മയോടും മറ്റും ഞാനെന്തു പറയണം. നിന്നെ കാണാൻ തിടുക്ക മുണ്ട് എല്ലാവർക്കും.....

*(ശേഷം പേജ് 33)*

# ജീവചരിത്രം

സത്യചന്ദ്രൻ
പൊയിൽക്കാവ്

അന്നവൾ വളരെ സന്തോഷവതിയായിരുന്നു. അച്ഛന് മരുന്ന് കൊടുക്കുമ്പോൾ അവൾ പതിവില്ലാതെ ഒരുപാട് സംസാരിച്ചു. അടുക്കളയിൽ അവളുടെ മൂളിപ്പാട്ടുകേട്ട് അനുജൻ മനു അവളെ കളിയാക്കി. എല്ലാറ്റിനും കാരണം ജയകിഷൻ തന്നെയായിരുന്നു. അവളൊരിക്കലും പ്രതീക്ഷിച്ച വിധത്തിലുള്ള ഒരാളായിരുന്നില്ല അയാൾ. ''ഒരു ദിവസം ഒരു പെണ്ണ്'' അതാണ് മോളെ ജയകിഷൻ. അങ്ങിനെയുള്ള ഒരാളുടെ ജീവചരിത്രമെഴുതാനാണോ നിന്നെ ആ ദുഷ്ടൻ പത്രാധിപൻ വിടുന്നത്. പച്ചയുടെ ഉടമയായ പ്രകാശൻ താഴത്തിനെക്കുറിച്ചായിരുന്നു കൂട്ടുകാരിയായ ലിബിഷാ ബാലകൃഷ്ണൻ അങ്ങിനെ ചോദിച്ചത്. സത്യത്തിൽ തനിക്കും വലിയ പേടിയായിരുന്നു. വീർത്തുകെട്ടിയതുപോലുള്ള മുഖവുമായി അയാൾക്കരികിൽനിന്ന പി.എ. യുടെ മുഖം പിമ്പിന്റേതാണെന്ന് തോന്നി.

ഇവരൊക്കെകൂടിയാണ് മോളെ ആ പാവത്തിനെ വഷളാക്കുന്നത്. ഹാസ്യതാരമായ സെബാസ്റ്റ്യൻ കോടഞ്ചേരിയുടെതായിരുന്നു ആ വാക്കുകൾ. യമുന തുടങ്ങിക്കോളൂ.... പച്ച വരയുള്ള മുണ്ടും ചെക്ക് ഷർട്ടുമിട്ട് മൂകാംബികാദേവിയുടെ ഭസ്മവും തൊട്ട് സുസ്മേരവദനനായി സോഫയിൽ വന്നിരുന്ന ജയ്കിഷൻ എന്ന അഭിമാനമായ പ്രശസ്ത നടൻ അവളോട് പറയുകയായിരുന്നു. ഒരു നിമിഷം ഏതോ സ്വപ്നലോകത്തിലാണ് താനെന്നവൾക്ക് തോന്നി. അതിനിടയിൽ വന്ന കൂൾ ഡ്രിംഗ്സിലേക്ക് അവൾ സംശയരൂപത്തിൽ നോക്കിയപ്പോൾ പേടിക്കേണ്ടെന്ന അർത്ഥത്തിൽ പ്രവീൺ കണ്ണു ചിമ്മി. അവന്റെ അരയിൽ കഴിഞ്ഞ ദിവസം പാളയം റോഡിൽനിന്നും വാങ്ങിയ മലപ്പുറം കത്തി ഭദ്രമായുണ്ടെന്ന ചിന്ത തനിക്കും ധൈര്യം പകർന്നു. അഞ്ചു വർഷം കരാട്ടെ പഠിച്ചിട്ടുണ്ട്. രണ്ടുപേരോട് അവൻ മതി. ചിരിച്ചുകൊണ്ട് പ്രകാശൻ താഴത്ത് എന്ന പബ്ലിക്കേഷൻ മുതലാളി അവളോട് പറഞ്ഞതാണ്. പക്ഷെ ബോധം പോയാൽ എന്ത് കരാട്ടെ അവളോർത്തു. തർക്കിക്കാൻ നിന്നാൽ പ്രകാശൻ താഴത്ത് ഒരു പുലിയാകും. ഏതു വരേയും പോകും എന്നറിയുന്നതുകൊണ്ട് അവൾ ഒന്നും പറഞ്ഞിരു



ന്നില്ല. സഹനടിയെ പ്രണയിച്ച് വിവാഹം കഴിച്ച് നാടക രംഗത്തു നിന്നും തെറ്റിദ്ധരിക്കപ്പെട്ട് ആരുമല്ലാതെ തെരുവിൽക്കഴിഞ്ഞ ഒരു പൂർവ്വകാലത്തെക്കുറിച്ചും അവിടെ നിന്നും ഉയർച്ചയുടെയും ഭാഗ്യത്തിന്റെയും ഇന്നത്തെ വഴിയിലെത്തിപ്പെട്ട ജയകിഷൻ എന്ന ഭാഗ്യവാന്റേയും കഥ കേട്ടപ്പോൾ അവൾക്കത്ഭുതം തോന്നി. അയാളുടെ ഉയർച്ചയുടെ നേരെ അസൂയാലുക്കൾ പടുത്തുയർത്തിയ അപവാദങ്ങളുടെ കഥയുടെ മറുവശത്തായിരുന്നു ജയകിഷൻ എന്നറിഞ്ഞ അവൾക്ക് ആ മനുഷ്യനോട് ആദരവ് തോന്നി. എന്തിനാണ് സമൂഹം വേട്ടയാടുന്നതെന്ന് അവൾ വേദനയോടെയും അമർഷത്തോടെയും ചിന്തിച്ചു. മടക്കയാത്രയിൽ ലിബിഷാബാലകൃഷ്ണനോട് പറയാൻ അവിശ്വസനീയമായ ഒരുപാട് മുഹൂർത്തങ്ങൾ അവളുടെ മനസ്സിലുണ്ടായിരുന്നു. കോഫി ഹൗസിൽ മസാല ദോശയ്ക്ക് കാത്തിരിക്കവെ അവൾ ലിബിഷയോട് എല്ലാം വിശദീകരിക്കുകയായിരുന്നു.

എടീ നീ പാർവ്വതിയമ്മയാകുമോ. ലിബിഷ ചിരിയോടെ ചോദിച്ചു. പാർവ്വതിയമ്മയോ? അതാരാ?....എൻടിയാറിന്റെ ജീവചരിത്രമെഴുതാൻ പോയ കക്ഷി അവരിപ്പോൾ എൻടിയാറിന്റെ പൊണ്ടാട്ടിയാ.... ലിബിഷ പൊട്ടിച്ചിരിച്ചു. അവളുടെ കവിളുകൾ തുടുത്തു. മൊബൈൽ ശബ്ദിച്ചു. ശ്ശ്...... അവൾ ലിബിഷയോട് മിണ്ടരുതെന്ന് ആംഗ്യം കാണിച്ചു. മറുവത്ത് പ്രകാശൻ താഴത്തായിരുന്നു. ഇന്നത്തെ പത്രത്തിൽ ഒരു ബാഡ് ന്യൂസുണ്ട് യമുനാ. പ്രകാശൻ താഴത്ത് പറഞ്ഞു. എന്താണ് സാർ. നിന്റെ ജയ്കിഷൻ ഹോസ്പിറ്റലിലാണ്. ബ്ലഡ് ശർദിച്ചെന്നോ മറ്റോ പറയുന്നതുകേട്ടു. അവൾക്ക് വല്ലായ്മ തോന്നി എന്തായാലും ഡീറ്റെയിൽസ് അറിയണം. പ്രകാശൻ താഴത്ത് പറഞ്ഞു. ശരി സാർ..... അവൾ ക്ഷീണത്തോടെ പറഞ്ഞു സന്ധ്യക്ക് ഗുരുവായൂരപ്പന്റെ ഫോട്ടോയ്ക്ക് മുന്നിൽ നിന്നവൾ മനമുരുകി പ്രാർത്ഥിച്ചു. അദ്ദേഹത്തിന് ഒന്നും വരുത്തരുതേ ഭഗവാനേയെന്ന്. ●

**SPICE HUT**
**RESTAURANT FOR FAMILY**
Bye-Pass Junction, Thondayad,
Calicut - 673 017 Ph: 0495-2351443

**P.V. ENTERPRISES**
**Dealers in Electrical & Plumbing Materials**
17/1894/A6, Abba Arcade Building, East Kottaparamba,
G.H.Road, Kozhikode -1. Ph: 2723262, Mob: 9387338100

**OUR DRESS MAKERS**
***Gents, Ladies & Childrens***
Room No.12, Mofussil Bus Stand Building,
Mavoor Road, Kozhikode -4 Ph: 0495-723899

**OUR LADIES PARK**
**The Dress Designers and Makers**
Room No.14, 1st Floor, Mofussil Bus Stand Building,
Mavoor Road, Calicut-4. Ph: 0495-3201361

**PHOTO SQUARE**
PHOTOGRAPHY - VIDEOGRAPHY
M.C.College Cross Road, Kozhikode - 673 011
Ph: Res: 0495 2373752
Sandeep Damodar : 9447425777, 9349414141

**UNIVERSAL COLLEGE**
Mankave, Calicut -7
**Classes for: Spoken English, Computer & Accountancy**
Contact No: 9387524341, 9895647906

**ജ്യോത്സ്യൻ**
**രജീഷ് കെ. പണിക്കർ**
S/o. കരിമ്പയിൽ രാമകൃഷ്ണൻ പണിക്കർ, മേത്തോട്ടുതാഴം
സിറ്റിസൺ കോംപ്ലക്സ്, ബൈ-പാസ് റോഡ്, മാങ്കാവ്.
Mob: 9447541820, Resi: 0495-2355177

**SURYA MOTORS**
**REPAIRS OF TWO WHEELERS**
**Pottamma Junction, Calicut -17.**
**Ph:9387285948**

**STAR ENTERPRISES**
Salim M. Ph: 9847271161, Room No. 24/955B-2,
Kaloor Road, Mankave, Calicut-7.
Ph: 0495-2332397, 3243733, 9388891928.
Email: starenterprises2007@rediffmail.com

**RAJ MARKETING**
Bldg.No.1546, C&D, Indo Annexe, Puthiyapalam
Chalappuram, Calicut - 673 002.
Tel: 0495 3245775. Mob: 9387655008
***Wholesaler:* JK Paper Ltd. & *Super Stockist:* Kangaro Industries Ltd.**

**HIGHNESS COOL REFRIGERATION & AIR CONDITIONS**
Near Post Office, Mankave, Clt.7
*(Service for Airconditioner, Refrigerator, Washing Machine, Spray Painting, etc.* Mob: 9349810003

**INSTYLE CREATION**
Mob: 9961730820
*Carpet, Blinds & All interior works.*
Opp: Cornation Theatre, Pavamani Road,
Calicut-4. Ph: 0495-4021166

**SREE VINAYAKA ELECTRICALS**
***Class B Electrical Contractor.*** D.No.18/577,
Thali, Calicut - 673 002, Ph: 2701228, 9846386990
*Engineers & Contractors*

**DOSTH AUTOMOBILE**
**ENGINEERING WORKS**
Moolampally Road, Civil Station, Calicut-20
(Pro) Rajan Mob: 9847711625

DUKE **DRESSES**
**JIJEESH BUILDING,**
**NEAR K.S.E.B PATERI, CALICUT 16**
**Roopesh Kumar** 9847554907

916 സ്വർണ്ണാഭരണങ്ങൾക്ക്
**പൊൻകുടം**
**ജ്വല്ലറി**
പന്തീരാങ്കാവ് & 3295793

**SHINE MOTORS**
**REPAIRING & PAINTING**
Kunnathupalam, Kozhikode -14. Phone: 9349147644
ബുള്ളറ്റുകളുടേയും മറ്റു ഇരുചക്രവാഹനങ്ങളുടേയും
വർക്ക്ഷോപ്പ് പണികളും പെയിന്റിംഗും ഉത്തരവാദിത്വത്തോടെ
കൃത്യസമയത്ത് ചെയ്തുകൊടുക്കുന്നു.

**METRO AGENCIES**
24/1280, Near Gramin Bank, By-Pass Junction,
Mankave, Calicut - 673 007.
Ph: **K.P.SALIH** Mob: 9447076116, Off: 3299495, Res: 2321471.
Dealers in : CEMENT, STEEL, etc.

**KIMONO DRESSES**
Mayin Bazar, Kommeri.
Ph: 9288558964

**JEEVA SALES & SERVICE**
6/253, Y.M.C.A. Cross Road, Calicut.
Ph: K.Dileep Kumar 0495-2768441, 3202346,
Mob: 9447844474, Res: 2368612

കവിത

**അരുൺ. ജി.എം.**

# മതിൽ

**മു**റ്റത്തുയർന്ന മതിലിന്നപ്പുറം
ഒന്നിച്ചു മിടിച്ച ഹൃദയങ്ങളും
ഒരുവീടും ഉണ്ടായിരുന്നെന്ന്
പൂപ്പൽ പടർന്ന കല്ലാണ്
ഓർമ്മിപ്പിച്ചത്.

കൊത്തം കല്ലും
മഞ്ചാടികുരുവും
കൈകുടന്ന നിറയാൻ
തൊടിവരമ്പുകൾ കടന്നലഞ്ഞ
ഇന്നലകളെ ഉണർത്തിയത്
അതിരു തിരിച്ച പറമ്പിലെ
ചിതൽ കവർന്ന
കാരമുൾ മരമായിരുന്നു.

മേട പകലിലും
ചാടിതിമിർത്ത
കുളം കൺമുമ്പിൽ
മരിച്ചെന്ന് ഓർമ്മപ്പെടുത്തിയത്
പാടം മുടിച്ചുയർന്ന
കോൺക്രീറ്റ് ചൂടാണ്

പ്രണയവും
വിരഹവും
നടന്നു നീങ്ങിയ
ഇടവഴിയാത്രയുടെ
ഓർമ്മ നിറച്ചത്
കരിങ്കൽ ചീളുതറച്ച്
മൺഗന്ധം എന്നേ മറഞ്ഞ
ഈ വഴിതാരയാണ്.
ആദ്യ ചുവടു വെക്കാൻ
കൈപിടിച്ച അച്ഛനും
നെഞ്ചകത്തെ ചൂട് തന്നുറക്കിയ
അമ്മയും ഉണ്ടെന്ന്
മനസുണർത്തിയത്
വൃദ്ധ സദനത്തിന്റെ
പരസ്യമായിരുന്നു.

എന്നോ ഇരിക്കപിണ്ഡം
വെച്ച ഓർമ്മകളെ
ബലിചോറുണ്ണാൻ
വിളിക്കരുതെന്ന്
ഓർമ്മ പെടുത്തുന്നതും
ഈ ഓർമ്മകൾ തന്നെയാണ്

കവിത

**പ്രശാന്ത് വളയനാട്**



# ആദ്യാനുരാഗം

**മ**നസ്സിൽ പൂവിട്ടു നിൽക്കും ഓമനേ,
പ്രാണനിൽ മോഹചെപ്പു തുറന്നുവോ,
എന്തെ വന്നില്ല നീയെൻ അരികത്തു-
തന്നീല ആത്മാനുരാഗം തന്തി
ഓർത്തോർത്തു മോഹന ഗംഗയിൽ മുത്തുവാൻ
കടാക്ഷിച്ചതില്ല നിൻ മിഴികളെന്നെ,
എന്നും കൊതിച്ച നിൻ പാദസ്വര നാദം
എന്തെ കളകളം ചൊല്ലിയില്ല.
മൗനത്തിലൂറും നിൻ ചെഞ്ചുണ്ടിൽ എന്നും
പുഞ്ചിരി എന്തെ വിടർന്നതില്ല.
വർണ്ണ പ്രഭാമയം ആത്മാവിനുള്ളിലാ-
ചിത്ര നിഴൽകൂട് തീർത്തുവല്ലോ
ആദ്യാനുരാഗം ചൊരിയും തിങ്കളായ്.
പോരുമോ മാനസം കുളിർ മൂടുവാൻ നീ
നിന്റെ യാ ഗോപുര വീഥിയിൽ നിന്നെയും
തഴുകി നടക്കാം പൂതെന്നലായ് ഞാൻ
മാമാങ്ക സ്വപ്നങ്ങൾ കോർത്തിണക്കി
കാതോർത്തിരിക്കുകയാണ് ഓമനേ ഞാൻ
തരികില്ലെ നീ അനുരാഗ തന്തി
വരുകില്ലെ നീയെൻ പടികടന്ന്.

## അച്ചടി മാധ്യമങ്ങളും ദൃശ്യമാധ്യമങ്ങളും *(പേജ് 3 തുടർച്ച)*

വൽസല ടീച്ചർ, കെ.ബി. ശ്രീദേവി, യു.കെ. കുമാരൻ, വൈശാഖൻ, രാജൻ ചിന്നങ്ങത്ത്, മലയത്ത് അപ്പുണ്ണി, കെ.പി. രാമനുണ്ണി, സുകുമാർ കൂർക്കഞ്ചേരി, എം.സ്. കുമാർ, കെ.വി. പ്രഭാകരൻ, കെ. വിഷ്ണു നാരായണൻ, ഭാസി മലാപ്പറമ്പ്, കുഞ്ഞിക്കണ്ണൻ വാണിമേൽ, പൂനൂർ കെ. കരുണാകരൻ, മണിയൂർ ഇ. ബാലൻ, വിജയൻ അത്തിപ്പറ്റ, മുണ്ട്യാടി ദാമോദരൻ, മണി എൻ. മലപ്പുറം, ടി.പി.ശിവദാസൻ നെന്മാറ, എ.പി.സുരേഷ്, മറ്റക്കര സുകുമാരൻ നായർ, സുരേന്ദ്രൻ വടക്കിനാലിൽ, റഹീം പൂവ്വാട്ടുപറമ്പ്, കടത്തനാട് കുഞ്ഞനന്തൻ നായർ, അഷിത ശിവദാസ്, കെ. സബിത, ബാബുരാജ് ഭക്തപ്രിയം- കവി:- മേലൂർ വാസുദേവൻ, ശിവദാസ് പുറമേരി, പി.എൻ. ചന്ദ്രൻ, ശ്രീധരനുണ്ണി, കാക്കൂർ സി. ബാലൻ, കടത്തനാട് മധു, ഗ്രേസി ടീച്ചർ, എ.എം. ബഷീർ കണ്ണമംഗലം, മറ്റു പുതുമുഖ എഴുത്തുകാർ, വിദ്യാർത്ഥികൾ, കാർട്ടൂണിസ്റ്റ് രാകേഷ്, ഗിരീഷ് മൂഴിപ്പാടം, സെഡാർ ഡി.ടി.പി, വിക്ടറി ഡി.ടി.പി, ഗീതാഞ്ജലി ഓഫ്സെറ്റ് പ്രിന്റ്സ്, പരസ്യം തന്ന് സഹായിച്ച സ്ഥാപനങ്ങളുടെ ഉടമസ്ഥർ - അവിടുത്തെ സ്റ്റാഫ് സുഹൃത്തുക്കൾ, അഭ്യുദയകാംക്ഷികൾ, ഉപദേശങ്ങളും നിർദേശങ്ങളും തരുന്ന വായനക്കാരും സുഹൃത്തുക്കളും. വിശിഷ്യാ മാസികാപ്രകാശന ചടങ്ങിൽ പങ്കെടുത്ത് വേണ്ട ഉപദേശങ്ങളും നിർദേശങ്ങളും തന്ന മേയർ സ: എം. ഭാസ്കരൻ, സ: ടി.വി. ബാലൻ (സി.പി.ഐ. ജില്ലാ സെക്രട്ടറി), കലാസാഹിത്യ മണ്ഡലങ്ങളിലെ സുഹൃത്തുക്കൾ, ഇവരോടെല്ലാമുള്ള നന്ദിയും കടപ്പാടും ഏപ്രിൽ മാസം ലക്കത്തിലെ എഡിറ്റോറിയലിലൂടെ ഒന്നുകൂടി ഓർമ്മിക്കുകയും തുടർന്നും ഇവരെല്ലാം നക്ഷത്ര രാജ്യം മാസിക വാങ്ങിയും പരസ്യങ്ങൾ തന്നും രചനകൾ തന്നും പതിന്മടങ്ങ് സഹായിക്കുവാനുള്ള സന്മനസ്സുണ്ടാകാൻ ഈശ്വരനോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ചീഫ് എഡിറ്റർ**

ചലച്ചിത്രാസ്വാദനം

ബാബുരാജ് ഭക്തപ്രിയം

# മലയാളികളുടെ ഭാഗ്യദേവത 'സത്യന്റേയും'

"സ്ത്രീധനം തെറ്റായ കാര്യമല്ലെന്നും അത് ഇന്നും സമൂഹത്തിൽ ശക്തമായി നിലനിൽക്കുന്നുണ്ടെന്നു"മുള്ള വാദത്തെ തന്റെ പുതിയ ചിത്രമായ 'ഭാഗ്യദേവത'യിലെ കഥാപാത്രത്തെ കൊണ്ട് പറയിപ്പിക്കുകയും, സമൂഹത്തിൽ അത് സൃഷ്ടിക്കുന്ന ദുരിതക്കാഴ്ചകളിലേക്ക് പ്രേക്ഷകനെ കൈപിടിച്ച് കാണിക്കുകയും ചെയ്യുന്നതിലൂടെ ചലച്ചിത്രങ്ങൾ സാമൂഹിക യാഥാർത്ഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്നതായിരിക്കണം എന്ന തന്റെ ദൃഢനിലപാടിനെ സംവിധായകൻ സത്യൻ അന്തിക്കാട് ഒരിക്കൽകൂടി പ്രേക്ഷകസമക്ഷം ബോധ്യപ്പെടുത്തുന്നു.

'എങ്ങനെയും പണക്കാരനാവണം' എന്ന പൊതു മലയാളി മനസ്സിനെ നന്നായി പ്രഹരിക്കുന്ന സമീപനമാണ് ഭാഗ്യദേവത കൈക്കൊള്ളുന്നത്. തരക്കേടില്ലാത്ത ജീവിതസാഹചര്യങ്ങളുള്ള ഒരു കുട്ടനാടൻ യുവാവ് (ജയറാമിന്റെ യുവത്വം വായനക്കാർക്കറിവുള്ളതാണല്ലോ) 'സ്വപ്നങ്ങളെ' മനസ്സിൽ താലോലിക്കുകയും പണക്കാരനാകാൻ വിവാഹവും സ്ത്രീധനവും അതിന്നൊരു മാർഗ്ഗമായി സ്വീകരിക്കുകയും ഒടുവിൽ പ്രതീക്ഷക്ക് വിരുദ്ധമായത് സംഭവിക്കുമ്പോൾ തന്നിലുള്ള മനുഷ്യത്വത്തെ കീഴ്പ്പെടുത്തി ധനമോഹം അതിന്റെ ക്രൂരത പ്രകടിപ്പിക്കുകയും ദാമ്പത്യത്തെയും യഥാർത്ഥ സ്നേഹത്തേയും നിഷ്കരുണം തള്ളിപ്പറയുകയും ചെയ്യുന്ന സന്ദർഭങ്ങളിലൂടെ സിനിമ സഞ്ചരിക്കുമ്പോൾ ചലച്ചിത്രകാരൻ, (സത്സ്വഭാവിയും നന്മയും ത്യാഗവും മാത്രം കൈമുതലായുള്ള) നിലവിലുള്ള കുടുംബചിത്ര നായകസങ്കല്പങ്ങളെ നന്നായി വെല്ലുവിളിക്കുന്നുണ്ട്.



താൻ തള്ളിപ്പറഞ്ഞ ഭാര്യ പൊടുന്നനെ പണക്കാരിയാവുമ്പോൾ നായകനുണ്ടാവുന്ന ജാള്യതയും പരവേശവും തുടർന്നവളെ സ്വീകരിക്കാൻ കാട്ടിക്കൂട്ടുന്ന കോപ്രായങ്ങളും പ്രേക്ഷകരിൽ ചിരി ഉയർത്തുന്നു.



പാവപ്പെട്ടവന് ലോൺ അനുവദിക്കാൻ കണക്കില്ലാത്ത തടസ്സങ്ങൾ ഉയർത്തുന്ന സഹകരണബാങ്ക് അധികൃതർ, പണക്കാർക്ക് ലോണിന് യാതൊരു തടസ്സവും സൃഷ്ടിക്കാതെയിരിക്കുന്ന സന്ദർഭങ്ങൾ നമ്മുടെ ബാങ്കുകളുടെ സാധാരണ ജനതയോടുള്ള സമീപനത്തെ വെളിവാക്കുന്നുണ്ട്. കഥാപാത്രസൃഷ്ടിയിലും കഥാസന്ദർഭങ്ങളിലും സൂക്ഷ്മതയും ശ്രദ്ധയും യുക്തിബോധവും തികഞ്ഞ കയ്യടക്കം തിരക്കഥ തയ്യാറാക്കുമ്പോൾ സംവിധായകൻ പുലർത്തിയിട്ടുണ്ട്. ('ഇന്നത്തെ ചിന്താവിഷയ'ത്തിൽ ഈ ഘടകങ്ങൾ അല്പം പിന്നിലായിരുന്നുവെന്നത് ഓർക്കുക).

വീടുകളിലേക്കും ഗ്രാമങ്ങളിലേക്കും മനുഷ്യജീവിതത്തിലേക്കും ശ്രദ്ധതിരിച്ച കഥാകൃത്ത് രാജേഷ് ജയരാമനും സംവിധായകനും പ്രേക്ഷകരുടെ അഭിനന്ദനം ഉണ്ടായിരിക്കും. വിഷയസ്വീകരണത്തിലെ ആവർത്തനവിരസത കൊണ്ട് പരാജയമായിപ്പോയ ചലചിത്രങ്ങളിലുപരിയായുള്ള പ്രമേയ

## ലളിതഗാനം

വിദ്യാർത്ഥികൾക്ക് മത്സരങ്ങളിൽ ചൊല്ലിനോക്കാം



ശ്രീധരനുണ്ണി

# എങ്കിൽ.....

ശാകുന്തളം നോക്കി ഞാനിരുന്നു-എന്റെ
ചാരത്തു നീ വന്നൂ
മോഹമായ് വണ്ടുകൾ മൂളുന്ന ഗാനത്തിൽ
കാതരേ ഞാനലിഞ്ഞൂ.
(ശാകുന്ത....)

നീയെന്നെവല്ലരി ചുറ്റിപ്പടരുവാൻ
തേൻ മാവായ് മാറിയെങ്കിൽ,
കാണാത്ത ഭാവത്തിൽ നീൾമിഴിക്കോണിനാൽ
നീയെന്നെ പുൽകിയെങ്കിൽ- ഓമനേ
മാധവം വന്നുവെങ്കിൽ....
(ശാകുന്ത...)

ആശ്രമവാടിയിൽ മേയുവാൻ മാനസം
മാൻപേടയാകുമെങ്കിൽ,
ആ മണിച്ചുണ്ടിലെ പിഞ്ചിളം ദർഭയായ്
ഞാനാകെ മാറിയെങ്കിൽ- രാഗിണീ
തേൻകുളിർ തൂകിയെങ്കിൽ.
(ശാകുന്ത...)



ത്തിലെ സത്യസന്ധതയും ലാളിത്യവും കൈമുതലായുള്ള 'ഭാഗ്യദേവതയെ' നല്ല സിനിമയെ സ്നേഹിക്കുന്നെന്ന് അവകാശവാദമുള്ള മലയാളി 'പ്രേക്ഷകർ' വിജയിപ്പിക്കുമെന്ന് പ്രത്യാശിക്കാം.

മികച്ച സംഗീതവിഭാഗവും അഭിനേതാക്കളുടെ ഉജ്ജ്വലപ്രകടനവുമാണ് ഭാഗ്യദേവതയിലൂടെ അതാത് കലാകാരന്മാർ നമുക്ക് സമ്മാനിക്കുന്നത്.

നമ്മുടെ ചിത്രങ്ങളിലെ പഴഞ്ചൻ ശൈലിയും പുതുമയില്ലാത്ത പശ്ചാത്തലവുമൊക്കെയാവർത്തിച്ച്; സാമാന്യ പ്രേക്ഷകരെ മൊഴിമാറ്റ ചിത്രങ്ങളിലെ ദുർമ്മേദസ്സാർന്ന കാഴ്ച സമൃദ്ധികൾക്ക് മുന്നിലേക്ക് പറഞ്ഞയച്ചതിന്റെ പശ്ചാത്താപ ഭാരം തീർക്കാനും നമ്മുടെ സംവിധായകർക്ക് വീണ്ടുവിചാരം നടത്താനുമൊക്കെ സത്യൻ അന്തിക്കാടിന്റെ ഈ ലളിതസുന്ദരചിത്രം പ്രചോദനമാവുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. ●

## കവിത

ഗ്രേസി ടീച്ചർ







# മരിക്കാത്ത സ്മരണകൾ

ഒരിക്കലാ പുഞ്ചിരിയുള്ളിൽ തളിർപ്പിച്ച
പൂക്കാലമത്രെ? പുളകമെത്ര? .........(2)
അരുണാഭ തിങ്ങിത്തുടുത്തുനിന്ന, വെൺ-
കപോലങ്ങൾ വാടി വിളർത്തതെന്തേ?
കളരിയിലന്നു ഗുരു തന്ന ഗണനങ്ങൾ-
ക്കുത്തരം കാണാനറിയാതെ നിന്ന നാൾ
ഒരു നൂറ് കള്ളത്തരങ്ങൾ മെനഞ്ഞെന്നെ
ഒന്നാമനാക്കി നീ ഓർമ്മയില്ലേ?
'ഇമ്മിണി' വലുതാമൊരൊന്നിനെ ചൂണ്ടി
യന്നെല്ലാരുമെന്നെ പരിഹസിച്ചാർത്തനാൾ
ചെറുതായ് ചുരുങ്ങിയെന്നുൾത്താരിലന്ന് നീ
അലിവിന്റെ ബാണം അയച്ചതില്ലേ?
കാർമ്മികൻ തീർത്തൊരാചാര മുറിവിന്റെ
തീവ്രനോവേറ്റ് പിടഞ്ഞ് പുളഞ്ഞനാൾ
ഒരു കുഞ്ഞു തെന്നലിന്നലകൾ പോലെന്നെന്നെ
തഴുകിത്തലോടിയീ ശോഷിച്ച പാണികൾ
കരളിന്റെ യാഴത്തിൽ കാമന്റെയമ്പായ്
തറഞ്ഞ നിൻ നയനങ്ങളെന്തേ വിളർത്തുപോയ്
കുറ്റിച്ചു തേഞ്ഞൊരീ നഖരങ്ങളല്ലേ
യന്നിറ്റിച്ചു ചെന്നിണപ്പാടെൻ കരങ്ങളിൽ
ജീവിതത്താവുകൾ താണ്ടിത്തളർന്ന് നിൻ
തനുവും മനവും തളർന്ന് വീഴേ
കാലം കരിമഷി വാരി വിതറിയെൻ
'രാജകുമാരി' തൻ മെയ്യിലാകെ... (2)
ജനിമൃതിയെന്ന രണ്ടഗ്രബിന്ദുക്കൾ
തന്നിടയിൽ പിടഞ്ഞിടും ശാപബിന്ദുക്കൾ നാം.

# മഹേശ്വരി ബാങ്കേഴ്സ്

പൊക്കുന്ന്, കോഴിക്കോട് – 14

Mob: 9447218656
Resi: 2331454




Mujeeb 9746 776721
9388 918910

**MARAFAH** CURTAIN CENTRE
RAUMI BABY GIFT

Near Kallai Bridge, Calicut

# രാധ പൂജാ സ്റ്റോർ
# &
# രാധ ഫ്ളവർ സ്റ്റാൾ

തളി റോഡ്, പാളയം, കോഴിക്കോട് – 673 002
Mob: 9846122895, 9747008001

വിവിധതരം പൂജാസാധനങ്ങൾക്കും, പൂമാല, ബൊക്ക, റീത്ത്, മണിപ്പന്തൽ എന്നിവയ്ക്കും സമീപിക്കുക.

പ്രൊ: എം. വി. മാധവൻ
(Document Writer, Mankavu)

*NB: ഓർഡർ പ്രകാരം സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നതാണ്.*



Phone:9847446995

# Wrangler
## Men's Wear

MANKAVE, CALICUT-7

Prestige SMART KITCHEN
A World of Ideas

**NAJEEB PARMAL**
Managing Partner

Phone: 0495 – 4040321
Mob: 9349111321

Prestige KitchEn Boutique


Door No. 8/27B, Convent Road,
Near Tagore Hall, Calicut 673 032
E-mail: complikitch@gmail.com


**TOTAL SOLUTION FOR KITCHEN**

kerala BAKERY

# കേരള ബേക്കറി

മാങ്കാവ്, കോഴിക്കോട് – 7
ഫോൺ: 2331692



## സുദീപ് തെക്കേപ്പാട്ട്

**രാ**ജ്യത്ത് സ്ത്രീ പുരുഷാനുപാതം അമ്പരപ്പിക്കും വിധം അസന്തുലിതമായി തീർന്നപ്പോഴാണു ഭരണവർഗം ചില ഉറച്ച തീരുമാനങ്ങളെടുക്കുന്നതും സ്ത്രീശാക്തീകരണത്തിന്റെ ആൾരൂപമായ ആൻസി ജോസഫിന് കേന്ദ്ര സർക്കാരിൽ സീനിയർ പ്രൊജക്റ്റ് ഓഫീസറായി ഉദ്യോഗം കിട്ടുന്നതും.

ആൺകുട്ടികൾ ജനിക്കുന്നിടത്ത് പെൺകൊളുന്ത ഒന്ന്. കാര്യം നിസ്സാരമല്ല! റിപ്പോർട്ടുകളും കമ്മീഷനുകളും സർവ്വേകളും ചർച്ചകളും ചേർത്തു വായിക്കപ്പെടുമ്പോൾ ഇങ്ങനെ: കാട്ടുജാതികൾ പെൺപൈതങ്ങളെ കാളിക്ക് കുരുതി കൊടുക്കുന്നു. വറുതിച്ചിന്തയിൽ കുശവക്കൂട്ടങ്ങൾ ബാലികമാരെ അറുവാണിച്ചന്തയിലെ പരദേശികൾക്കു വിൽക്കുന്നു. നഗരപരിഷ്കാരം പെൺഭ്രൂണത്തെ ഗർഭപാത്രത്തിൽ കശാപ്പു ചെയ്യുന്നു.

കേന്ദ്ര - സംസ്ഥാന സർക്കാറുകളുടെ മികച്ച വനിതാ സാമൂഹിക പ്രവർത്തകയ്ക്കുള്ള അവാർഡ് രണ്ടു തവണ കരസ്ഥമാക്കിയ ഡോക്ടർ ജോസഫിന്റെ പ്രിയപത്നി ആൻസി തനിക്ക് വിവാഹവാർഷികത്തിൽ അതിമധുരമായി കിട്ടിയ ഉദ്യോഗത്തിൽ അഭിമാനം പൂണ്ടു. പിറക്കുന്നതും പിറക്കാനിരിക്കുന്നതും പിറക്കാതെ പോവുന്നതുമായ പെൺമനസ്സുകളെ പ്രപഞ്ചത്തിലേക്കു കൊണ്ടു വരിക; മാതൃത്വത്തെ അതിലേക്കായി തയ്യാറാക്കുക.

കാടുകയറി വീടുകയറി അവൾ സ്ത്രീത്വത്തിന്റെ വക്താവായി. ആണും പെണ്ണും ഒരേ നാണയത്തിന്റെ രണ്ടു ഭാഗമാണെന്നവൾ സമർത്ഥിച്ചു.

പുതിയ ജോലിയിൽ അഭിമാനം പൂണ്ടിരിക്കെ ഒരു സായന്തനത്തിൽ ഗർഭഛർദ്ദിയുമായി ആൻസി കുളിമുറിയിലേക്കോടി. വെപ്രാളപ്പരവശതയിൽ ഗൈനക്കോളജിസ്റ്റ് ജോസഫ് തന്റെ സ്കാനിങ്ങ് സെന്ററിലിരുന്ന് പിറവിയുടെ പെൺരൂപം കണ്ട് ആൻസിയോട് പറഞ്ഞു.

“ ഇപ്പോഴത്തെ ജോലിക്ക് കുഞ്ഞൊരു പ്രയാസമാവും. പ്രത്യേകിച്ചൊരു പെൺകുഞ്ഞ്. കണക്കുകൂട്ടലുകളാകെ പിഴയ്ക്കും.... ഒടുവിൽ സ്ത്രീധനക്കാര്യം! ഓർക്കുമ്പോഴേ തലപെരുക്കുകയാണ് ആൻസീ..”

പറഞ്ഞുതീരും മുമ്പെ ആൻസി സ്കാനിങ്ങ് സെന്ററിൽ നിന്നിറങ്ങി ഡോക്ടർ ജോസഫിന്റെ കൺസൾട്ടിങ്ങ് റൂമിലെ അബോർഷൻ ടേബിളിൽ കയറിക്കിടന്ന് കണ്ണുകളടച്ചു. ●

## മീരായി തെരുവ്

*(പേജ് 26 തുടർച്ച)*

കണ്ണിൽ നിന്നും മറയുംവരെ നിറമിഴികളുമായി അച്ഛനെ ഋഷി നോക്കി നിന്നു. മുറിയിലെത്തും വരെ അവന്റെ മനസ്സ് ഭാരം കൊണ്ട് കനത്തിരുന്നു.

ബന്ധങ്ങളെല്ലാം മറന്ന് താൻ ഇത്രയും കാലം എങ്ങിനെ ഈ നഗരത്തിൽ ജീവിച്ചു!

ഊട്ടി വളർത്തിയ സ്നേഹവും വാത്സല്യവും മറന്ന് ഈ നഗരത്തിൽ ആരുമില്ലാത്തവനെ പോലെ, നന്ദികെട്ടവനെ പോലെ തനിയ്ക്കെങ്ങിനെ ജീവിയ്ക്കാൻ കഴിഞ്ഞു!

ഇപ്പോൾ ആ മനസ്സിൽ ഈ നഗരത്തിലെ ആരുമില്ല. നഗരം പോലുമില്ല.

തറവാടും അമ്മയും മുത്തശ്ശിയും ഏടത്തിയും ശ്രീക്കുട്ടിയും മാത്രം. മനസ്സിന്റെ ഭിത്തികളിൽ ചോര കനക്കുന്നു. വീർപ്പുമുട്ടിയ്ക്കുന്ന ശോകഭാരം കാരണം അസ്വസ്ഥത മുരളുന്നു. പിറ്റേന്ന് ചീഫിന്റെ മുമ്പിൽ “ലീവ് അപ്ലിക്കേഷൻ” നീട്ടി.

-ഞാൻ പറയാൻ ഉദ്ദേശിച്ചതാണ്. താൻ വീട് വരെയൊന്ന് പോയിവാ....

ഗ്രാമത്തിന്റെ മുനമ്പിൽ ബസ്സിറങ്ങുമ്പോൾ ഗ്രാമം അപരിചിതനെ പോലെ അവനെ നോക്കി.

ഇത്രനാളും താൻ എവിടെയായിരുന്നു!

അവൻ പക്ഷേ ഒന്നും പറയാതെ, ആരേയും ശ്രദ്ധിക്കാതെ നടന്നു. വീടിന്റെ പടിപ്പുര കയറുമ്പോൾ മുറ്റത്ത് അമ്മയുടെ നിറം കണ്ടു. അമ്മയുടെ ഗന്ധം മൂക്കിലേയ്ക്കോടിയെത്തി. നീളൻ മുറ്റത്ത് ഉണക്കാനിട്ട നെല്ല് ചിക്കിയൊതുക്കുകയാണ് അമ്മ. ആ നിഴലിന്റെ പിമ്പിൽ നിന്നും വളരെ പതുക്കേ വിളിച്ചു. അമ്മേ...... മകന്റെ ഗന്ധം അമ്മയും തിരിച്ചറിഞ്ഞിരുന്നു. മോനെ..........

(തുടരും)

# BACK PAIN CLINIC
*SREE CHAKRA CVN AYURVEDA HOSPITAL*
Thondayad, Kozhikode. Ph: 6572557
Email: kalari@kalarikerala.com
www.kalarikerala.com

# S.M.AUTO GARAGE
Puthiyapalam, Mooriyad Road, Calicut.
*New Body Building, Pach Works, Spray Painting*
Mob: 9947411868, 9947339446

# THILAK PHOTOS
**DIGITAL STUDIO**
Kovoor, Calicut - 673 008
Ph: 2355561, Mob: 9745305561

# AMMU DISTRIBUTORS
5/2592/B, Opp: Muthappankavu,
Balan K.Nair Road, Calicut - 673 006
*'Balco' PVC Pipes, Conduits & Solvent Cement*
Ph: 6521076, Mob: 9447722358

# KAIRALI ENTERPRISES
**Maniyoth Complex, Ram Mohan Road,**
**Chinthavalappu, Kozhikode -4**
**Ph: (O) 0495 - 2720432, 4017005, Fax: 0495 - 2720432**
**Mob: 9447951153.** E-mail: kairaliclt@yahoo.com

# SREELAKSHMI ENTERPRISES
Mankave, Calicut.
***Dealers of Johnson & Johnson, Dabur India Ltd.***
***Bramins Marketing***
Ph: 9847005566, 9847140046

# MANAF STORES
HIRE GOODS & CATERING
Opp: M.I.M.L.P.School, Puthiyapalam, P.O.Chalappuram, Calicut-2.
Ph: 9895408054, 9747408054, Shop: 3293597, 3013099 Res:2300662.
**PANTHAL - STAGE - DECORATION - LIGHT & SOUNDS**

# Hi - TOCKEY
**STEEL INDUSTRIES**
**safety and security strengthed by steel**
Kommeri, Mankave P.O., Calicut -07 Mob: 9847222493
**നിർമ്മാതാക്കൾ: സ്റ്റീൽ അലമാര, കബോഡ് മേശ. സ്റ്റീൽഫർണിച്ചറുകൾ കമ്പനി വിലയ്ക്ക്.**

# MANAMKULAM ENTERPRISES
Chalappuram P.O, Calicut-673 002, Kerala
Ph: Off:2302884, Res:2301916 Mohammed Ashraf 9847755130
**ANCHOR PLYWOOD**
***Dealers:*** Plywoods, Laminated Sheets, Black Boards, Aluminium Items, Hardware, Timbers etc.

# PHOTO GALLERY
Majestic Building, Palazhi Road,
Pottammal, Calicut. Mob: 9847540578
Digital Wedding Album, Digital Video Coverage, Old photo recopy work, Photo Lamination, Passport size photo etc.






**മഹാലക്ഷ്മി പൂജാമഠം ദേവി-ദേവ ശക്തി**
**മഹാമാന്ത്രിക ഏലസ്സ്**


# മഹാലക്ഷ്മി ജ്യോതിഷാലയം & പൂജാമഠം

**മാങ്കാവ്, കോഴിക്കോട് 673007**

**ഉത്തര കേരളത്തിലെ ഏക പൂജാമഠം**

Reg No.2427/07
**Ph:0495-2330309, 2330305, 9846774060, 9947897690, 9387751411**
www.mahalakshmijyothishalayam.com
E-mail:mahalakshmipoojamatham@gmail.com

കഥ



# സ്വദേശികളുടെ ചരമപത്രം- കൂട്ടം തെറ്റിയവരുടേയും

ഇ.രാധാകൃഷ്ണൻ

**ചി**ങ്ങമാസത്തിലെ മൂടികെട്ടിയ ആകാശത്തിനുകീഴെ ചിണുങ്ങിക്കൊണ്ടു പെയ്യുന്ന മഴയിൽ നഗരസായാഹ്നം വിറങ്ങലിച്ചുകിടന്നു. ഓണാഘോഷത്തിന് വൈദ്യുതദീപങ്ങൾ കൊണ്ടലങ്കരിച്ച്, നഗരം മാവേലി തമ്പുരാന്റെ പാദസ്പർശം കാതോർത്തിരിക്കുന്നനേരത്താണ് കാശി പിന്നേയും നഗരത്തിലേക്ക് വന്നത്.

ഏതോ ഹോട്ടലിന്റെ അടുക്കളയിൽ നിന്ന് പൊരിച്ച കോഴിയിറച്ചിയുടെ ഗന്ധം മൂക്കിലേക്ക് അരിച്ചു കയറി. രണ്ടു ദിവസമായി എന്തെങ്കിലും കഴിച്ചിട്ട്, വിശപ്പ് സഹിച്ച് സഹിച്ച് ആമാശയത്തിന്റെ ജോലികൂടി കണ്ണ് ഏറ്റെടുത്തെന്ന് തോന്നുന്നു. കണ്ണ് കാണുന്നില്ല. കാശി അപ്പോഴാണ് വിശപ്പിനെ കുറിച്ചോർത്തത്.

മൂന്നുനാലു ദിവസമായി നഗരത്തിൽ നിന്ന് പോലീസുകാരാട്ടിയോടിക്കുന്നു. ഏതോ മന്ത്രി വന്നു നാടിനെ സുഭിക്ഷ സംസ്ഥാനമായി പ്രഖ്യാപിക്കാൻ പോകുന്നെന്ന് ആരോ പറയുന്നുതുകേട്ടു. അതുകൊണ്ടാണത്രെ



യാചകരെയും കടതിണ്ണയിലുറങ്ങുന്നവരെയും പോലീസുകാരാട്ടിയോടിക്കുന്നത്.

സായാഹ്ന സൂര്യൻ ചെഞ്ചായം തേച്ച ആകാശത്തിലപ്പോൾ അങ്ങിങ്ങായി വാർദ്ധ്യകത്തിന്റെ വെള്ളിനരകൾ പ്രത്യക്ഷപ്പെടാൻ തുടങ്ങി. മരകൊമ്പുകളിലെ വിടെയോ പക്ഷികൾ കൂട്ടത്തോടെ ചേക്കേറുന്ന കലപില ശബ്ദത്തിൽ, ഉള്ളിന്റെ ഉള്ളിൽ വിഷസർപ്പങ്ങളുടെ ചീറ്റൽ ഞെരിഞ്ഞമരുകയാണ്.

കാശി ഹോട്ടലിനടുത്തേക്ക് നടന്നു. മുന്നിൽ നല്ല പതുപതുത്ത കോഴിയിറച്ചി കൂട്ടികലർത്തിയ ചമ്പാവരി ചോറിന്റെ കൂമ്പാരം. അവന്റെ മനസ്സൊന്നു പിടഞ്ഞു.

ഈ സ്റ്റാർ ഹോട്ടലിൽ വന്ന് ദിവസവും ഭക്ഷണം കഴിക്കുന്നവർ എത്ര ഭാഗ്യവാന്മാർ. അവൻ കുപ്പതൊട്ടിയിൽ നിന്ന് ഒരുപിടി വാരി വായിലേക്കിട്ടു. ഹോട്ടലിൽ നിന്ന് ഒഴുകിയെത്തുന്ന കാറ്റിനുപോലും രൂക്ഷമായ മദ്യത്തിന്റെ മത്ത്. അതിദ്രുതം വാരിതിന്നുന്ന അവനെ നോക്കി അകലെ നിന്ന് പട്ടികൾ അസ്വസ്ഥതയോടെ മുരണ്ടു. അവർക്കുള്ളതാണല്ലോ അവൻ തിന്നുന്നത്.

അകാലത്തിൽ മരണത്തിന്റെ കാലൊച്ച കേട്ടുകിടക്കുന്ന യുവതിയുടെ നിസ്സംഗ ഭാവത്തോടെ കോട മഞ്ഞ് നഗരത്തെ പ്രദിക്ഷണം വെക്കാൻ തുടങ്ങി. പടിഞ്ഞാറെ ആകാശത്തിലേക്ക് കരിമേഘങ്ങൾ ഒഴുകിയെത്തി ആകാശത്തിനെ ഭീമത്സകമാക്കി നിലകൊണ്ടു. കാശിയുടെ ചിന്താമണ്ഡലത്തിലേക്ക് ഇടിവാൾ പോലെ ഓർമ്മകൾ നുരഞ്ഞുപൊങ്ങി. അവനെ കാണുന്നില്ലല്ലോ? ഗീവർഗ്ഗീസ്സ് അതാണവന്റെ പേര്. പോലീസുകാരോടിക്കുന്നതിനിടയിൽ കൂട്ടം തെറ്റി ഓടിയതാണവൻ.

തന്നെപോലെ ഏതോ തെരുവിന്റെ മൂലയിൽ അവനും വിശപ്പ് സഹിച്ച് ഇരിക്കുന്നുണ്ടാവും ഇപ്പോഴെങ്കിലും ഇവിടേക്ക് വരാൻ തോന്നിയത് തന്റെ ഭാഗ്യം. പാവം ഗീവർഗീസ്സ്.

**മി**നിഞ്ഞാന്നത്തെ സംഭവം ഓടിയെത്തി കാശിയുടെ മനസ്സിലേക്ക്. വടക്കുനിന്നും മദ്രാസ് മെയിൽ ഓടി ഇരച്ചു കൊണ്ട് സ്റ്റേഷനിൽ വന്നുനിന്നനേരം ആളുകൾ കൂട്ടത്തോടെ ഇറങ്ങുന്നതും കയറുന്നതും നോക്കിക്കൊണ്ടു ഗീവർഗ്ഗീസിനോടൊത്ത് റെയിൽവേ സ്റ്റേഷനിലെ മരബഞ്ചിൽ ഇരിക്കുകയായിരുന്നു. വല്ല ചുമടും കിട്ടിയാൽ ഇന്നത്തേക്ക് വിശപ്പടക്കാനുള്ള വഴിയായല്ലോ എന്നു കരുതിയതാണ്.

കാശി നമുക്കൊന്നു പോയിനോക്കാം. ഇവിടെ ഇരുന്നാൽ ഇന്ന് പള്ളപട്ടിണിയാകുമെന്നാണ് തോന്നുന്നത്. വല്ലവരുടേയും ചുമട് നമുക്ക് കയറി പിടിച്ചുവാങ്ങാം. കാശിയുടെ മനസ്സ് വിശപ്പിന്റെ മൂടുപടമണിഞ്ഞു.

അവനെ സമാധാനിപ്പിക്കാൻ വേണ്ടി പറഞ്ഞു.

വേണ്ടടാ. റെയിൽവേ പാസ്സുള്ള പോർട്ടർമാർ എടുക്കുന്ന ജോലിയാണത്. യൂണിയൻകാർ നമ്മൾ ചുമടെടുക്കുന്നതു കണ്ടാൽ തല്ലിയോടിക്കും. പൊല്ലാപ്പിനൊന്നും പോകണ്ട.

പുറത്ത് ആകാശത്തിൽ കൂട്ടത്തോടെ നക്ഷത്രങ്ങൾ അപ്പോഴേക്കും കണ്ണുതുറന്നു. ഇരുട്ട് ഒരു കറുത്ത കരിമ്പടം പുതച്ച് ഭൂതത്താൻ മലയിലേക്ക് ഊർന്നിറങ്ങുന്നതും നോക്കിയിരിക്കുമ്പോഴാണ് ആ കാഴ്ച കാണുന്നത്.

അകലെ നാല്പത്തഞ്ചോളം വയസ്സു മതിക്കുന്ന ഒരു സ്ത്രീ വണ്ടിയിൽനിന്നും പ്ലാറ്റ്ഫോമിലേക്കിറങ്ങി. കൂടെ തന്റെ പ്രായം തോന്നിക്കുന്ന ഒരു കുട്ടിയും. തന്നെക്കാൾ പുഷ്ടിയുള്ള ശരീരം. വെളുത്തുചുകന്ന മുഖം. തനിയ്ക്കും പത്തുവയസ്സായെങ്കിലും അവനെ പോലെ കുങ്കുമത്തിന്റെ നിറമോ പുഷ്ടിയുള്ള ശരീരമോ ഇല്ലല്ലോ? കാശി സ്വന്തം ശരീരത്തിലേക്കുനോക്കി. പൃഷ്ടം തേമ്പി മാംസം ഒട്ടി കുഴിയിലേക്കാണ്ടുപോയ ഓജസ്സില്ലാത്ത കണ്ണുകൾ. അവന്റെ അമ്മയുടെ കൈയിൽ തൂങ്ങി കുട്ടി വണ്ടിയിൽ നിന്നിറങ്ങുന്നതു കണ്ടപ്പോൾ കാശിയുടെ കണ്ണുകളിൽ നനവൂറി.

അവനോർത്തു.

തനിക്കും ഒരമ്മയുണ്ടായിരുന്നെങ്കിൽ. ഏതോ തെരുവിന്റെ മൂലയിൽ അന്തികൂട്ടിന് പണവുമായി വരുന്ന, ഏതോ ഒരു അച്ഛന്റെ മകനായി ഗവൺമെന്റ് ആശുപത്രിയിൽ താനും ജനിച്ചു. തന്റെ ജനനത്തോടെ തള്ള പക്ഷി സ്വന്തം ലാവണത്തിലേക്ക് പിൻവാങ്ങി.

ഏതെങ്കിലും തെരുവിന്റെ മൂലയിൽ അടച്ചിട്ട പീടികതിണ്ണയിൽ തണുത്തു വിറങ്ങലിച്ചുകിടന്ന രാവുകൾ, കട്ടികൂടിയ ഇരുട്ടിൽ ഒച്ചിനെപോലെ ഭയം ഇരച്ചുകയറി ഉറക്കം വരാതെ കിടന്ന രാവുകളിലേക്ക് കാശിയുടെ മനസ്സ് മെല്ലെ ചെക്കേറി.

ഋതുക്കൾ ഒന്നൊന്നായി മാറി. അതിനൊപ്പം ജീവിക്കുവാനുള്ള ആവേശവും. അപ്പോഴേക്കും കാലത്തിന്റെ താളുകളിൽ തന്തയില്ലാത്ത തള്ളയില്ലാത്ത കാശി തെരുവിന്റെ മകനായി മാറിയിരുന്നു.

പാവം ഗീവർഗ്ഗീസ്സ്, തന്നെപ്പോലെതന്നെ ഏതോ ഒരു രാത്രിയിൽ ഈ തെരുവിലേക്ക് വന്നു. ഗീവർഗ്ഗീസ് ബസ്സ് സ്റ്റാന്റിൽ വന്ന ദിവസം കാശിയുടെ മനസ്സിലേക്ക് ഇരച്ചുകയറി.

**അ**ന്ന് ഒരു ഞായറാഴ്ചയായിരുന്നു. ബസ്സ് സ്റ്റാന്റിലെ മാടക്കടയിൽ കാപ്പിയും കുടിച്ചു കൊണ്ടു നിൽക്കുമ്പോഴാണ് കണ്ടത്. തന്റെ പ്രായത്തിലുള്ള ഒരു കുട്ടിയുടെ പിന്നാലെ ഒരാൾ കൂട്ടം ഓടുന്നത് കണ്ട് നോക്കിയതാണ്?

മുന്നിൽ ഓടുന്ന കുട്ടി കൈയിൽ ഒരു കടലാസ്സുപൊതി പൊക്കിപിടിച്ചിട്ടുണ്ട്. അവൻ ഇടയ്ക്കിടെ തന്റെ പിന്നിലുള്ള വരെ ഭയത്തോടെ തിരിഞ്ഞു നോക്കുന്നു.

ആൾകൂട്ടത്തിന് മുന്നിലോടുന്ന മീശകാരൻ ചെറുക്കനെ തടുത്തു നിർത്തുന്നതു കണ്ടു.

അപ്പോഴേക്കും മീശക്കാരന്റെ ബലിഷ്ടമായ കരങ്ങളിൽ കുട്ടി മുകളിലേക്ക് ഉയർന്നു കഴിഞ്ഞിരുന്നു.

ചുറ്റും കൂടിനിൽക്കുന്നവർ എന്തോ രസകരമായ കാഴ്ചകാണുമ്പോഴുണ്ടാകുന്ന സന്തോഷത്തിലാണ്.

ആൾകൂട്ടത്തിനിടയിൽ, തോളിലൊരു സഞ്ചിയും തൂക്കി മുഖം വടിക്കാതെ, കുളിക്കാത്ത ഒരു കണ്ണടക്കാരൻ- കണ്ടാൽ ഒരു ബുദ്ധി ജീവിയാണെന്നുതോന്നും. അയാളുടെ കമന്റ് കേട്ട് ജനകൂട്ടം നിർത്താതെ ഇളകി ചിരിക്കുന്നുണ്ട്.

മീശക്കാരന്റെ ചോരനിറമുള്ള കണ്ണുകളിലേക്ക് നോക്കി കുട്ടി ഉറക്കെ കരഞ്ഞു പറഞ്ഞു.

എന്നെ ഒന്നും ചെയ്യല്ലെ സാറേ, വിശന്നിട്ടാണ് ഞാനത് തട്ടി പറിച്ചത്. ഒന്നു ചെയ്യല്ലെ.

മീശക്കാരന്റെ മുഖം കൂടുതൽ രൗദ്രമാകുന്നതുകണ്ട കുട്ടിയുടെ കരച്ചിൽ ഭയത്തോടു കൂടിയ ഒരു തേങ്ങലായി തൊണ്ടയിൽ കുടുങ്ങി.

അതിനിടയിൽ ആൾകൂട്ടത്തിൽ നിന്നാരോ പറയുന്നതുകേട്ടു. തെണ്ടിയാണ്. ചിലപ്പോൾ ഏതെങ്കിലും പോക്കറ്റടി സംഘത്തിൽ പെട്ടവനായിരിക്കും. പോലീസിനെ ഏൽപ്പിക്കുന്നതാണ് നല്ലത്.

അതും കൂടി കേട്ടതോടെ മീശക്കാരന്റെ കൈക്കുള്ളിൽ ഞെരിയുന്ന കുട്ടി വലിയ വായിലെ നിലവിളിക്കാൻ തുടങ്ങി.

ശബ്ദം അസഹ്യമായി തോന്നിയതു കൊണ്ടോ എന്തോ മീശക്കാരൻ കുട്ടിയെ വായുവിൽ നിന്നും താഴേക്കിറക്കി നിറുത്തുന്നതു കണ്ടു.

പാവം ഇരതേടി ഇറങ്ങിയ സിംഹ കൂട്ടത്തിന് നടുവിൽ കുടുങ്ങിയ മുയലിനെ പോലെ ആൾകൂട്ടത്തിന് നടുവിൽ കുട്ടി വിറച്ചുകൊണ്ടു നില്ക്കുമ്പോഴാണ് അത് സംഭവിച്ചത്.

അവൻ അടുത്തു നിൽക്കുന്ന മീശക്കാരന്റെ ബൽറ്റിന്റെ ഉറയിലുള്ള കത്തിയെടുത്ത് അയാളെ കുത്തിയശേഷം ആൾ കൂട്ടത്തിനുനേരെ തിരിഞ്ഞു.

ചോരപുരണ്ട കത്തിയുമായി നിൽക്കുന്ന അവനെ കണ്ട് ഭയപ്പെട്ട് ആളുകൾ ഒന്നൊന്നായി ഒഴിഞ്ഞു പോകുന്നതു കണ്ടു. അവൻ അതിവേഗം ബസ്സസ്റ്റാന്റിന് പുറത്തേക്ക് ഓടി.

**ഹൃ**ദയത്തിലെവിടെയോ, ഒരു സൂചി കുത്തിയിറക്കുന്നതുപോലെ തോന്നി കാശിക്ക്. തന്നെപോലെ തന്നെ മറ്റൊരാൾ. അവനറിയാതെ അവന്റെ കൈ കവിൾതടത്തിലേക്കുയർന്നു. മൂന്നു വർഷങ്ങൾക്കുമുമ്പ് മകരമാസത്തിലെ കൊടും തണിപ്പിൽ വിറങ്ങലിച്ച ഒരു രാത്രി. അതായിരുന്നുന്നവന്റെ മനസ്സിലപ്പോൾ.

അന്ന് പകൽ മുഴുവൻ ചുമടൊന്നും കിട്ടാതെ തളർന്നു വന്ന് അടച്ചിട്ട തുണികടയുടെ വരാന്തയിലേക്ക് രാത്രി ചാക്ക് വിരിച്ച് കിടന്നു. ഉള്ളിൽ കത്തുന്ന വിശപ്പ്. വിശപ്പിന്റേയും കുളിരിന്റേയും ആലസ്യത്തിലെപ്പോഴാണ് ഉറങ്ങിപോയതെന്നറിയില്ല. തൊട്ടുമുമ്പിൽ രാത്രി കാലങ്ങളിൽ നടത്തുന്ന തട്ടുകടയിൽ സ്റ്റൗ കത്തുന്നതിന്റെ ശബ്ദം കേട്ടുകൊണ്ടാണ് അന്ന് ഞെട്ടി ഉണർന്നത്.

കാശി എഴുന്നേറ്റ് തട്ടുകടയുടെ മുന്നിലേക്ക് നടന്നു. ചുറ്റുഭാഗവും കൂടിനിന്ന് ദോശ തിന്നുന്ന രാത്രി ഡ്യൂട്ടികാരായ കമ്പിനി തൊഴിലാളികളുടെ ഇടയിലൂടെ

നുഴഞ്ഞു തട്ടുകടക്കാരന്റെ മുന്നിലെത്തി.

ഇനിയും ഒന്നും കഴിക്കാതിരുന്നാൽ തലകറങ്ങി വീഴു മെന്ന് തോന്നി കാശിക്ക്.

അവൻ കടകാരനോടു ചോദിച്ചു ഒരുഗ്ലാസ് വെള്ളം തരോ?

കടക്കാരൻ ദോശ മറിച്ചിടുന്നതിനിടയിൽ ഒരു വലിയ പാത്രത്തിൽ വെള്ളമെടുത്ത് അവന്റെ കൈയിലേക്ക് കൊടുത്തു.

കാശി ആർത്തിയോടെ ആ വലിയ പാത്രത്തിലെ വെള്ളം മുഴുവൻ കുടിച്ചു.

അപ്പോഴേക്കും തട്ടുകടക്കാരൻ രണ്ടുദോശയെടുത്ത് പ്ലെയിറ്റിലാക്കി മുന്നിൽ നിൽക്കുന്നയാൾക്ക് കൊടുക്കു ന്നുണ്ടായിരുന്നു. പെട്ടെന്ന് ആർത്തിയോടെ കാശി പ്ലെയി റ്റിലുള്ള ദോശ കടക്കാരന്റെ കൈയിൽ നിന്ന് തട്ടിയെ ടുത്ത് വായിലേക്കിട്ടു.

കടക്കാരന്റെ മുഖം ഇരുണ്ട് ഇരുണ്ട് വന്നു. ഞരമ്പു കൾ വലിഞ്ഞു മുറുകി. രണ്ടു തീപ്പന്തങ്ങൾ പോലെ അയാളുടെ കണ്ണുകൾ കാശിയുടെ മുഖത്തേക്ക് നീണ്ടു.

ഹമ്മേ.... പച്ചമാംസം കരിയുന്ന മണം ചുറ്റുഭാഗവും. കാശി സ്വന്തം കവിൾതടം തടവി. അന്ന് തട്ടുകടകാരന്റെ ചട്ടകം കരിച്ച പാട് ജീവിതാന്ത്യം വരെ കൊണ്ടു നടക്കണ്ട താൻ.

കാശി ചോരപുരണ്ടകത്തിയുമായി ബസ്സ് സ്റ്റാന്റിന കത്ത്നിന്നും പുറത്തേക്ക് ഓടി പോകുന്ന സ്വന്തം നിഴ ലിനെ നോക്കി നെടുവീർപ്പിട്ടു.

**രാ**ത്രിസമയം. പുറത്തെ കൃസ്ത്യൻ സെമിത്തേരി യിലെവിടെയോ കുറുക്കൻ ഓളിയിടുന്ന ഭയാനകമായ ശബ്ദം. തണുപ്പ് ഉറുമ്പിനെപോലെ ശരീരത്തിലേക്ക് അരിച്ചു കയറി. അകലെ പാതിരാക്ക് പോകുന്ന തീവ ണ്ടിയുടെ ശബ്ദം അകന്നകന്നു പോകുന്നതറിഞ്ഞു. കാശി ഇറുകെ കണ്ണടച്ച് പീടികതിണ്ണയിൽ വിലങ്ങനെ വിരിച്ച ചാക്ക് കഷ്ണത്തിൽ ഉറക്കം വരാതെ കിടന്നു.

പുറത്ത് എന്തോ ശബ്ദം കേട്ട് തിരിഞ്ഞു നോക്കിയ താണ്. ഒരു നിഴൽ അടുത്തടുത്തു വരുന്നു. ഭയം കൊണ്ട് കണ്ണുകൾ ഇറുകെയടച്ചു. സ്വാസോഛ്വാസം നിലച്ചതു പോലെ തോന്നി അവന്.

ശരീരത്തിലെവിടെയോ ഒരു നനുത്ത കരസ്പർശം. ഭയത്തോടുകൂടിമെല്ലെ കണ്ണു തുറന്നുനോക്കി. നിലാ വിന്റെ വെട്ടത്തിലാണവനെ കണ്ടത്. പകൽ സമയം മീശ കാരനെ കുത്തിക്കൊണ്ട് ഓടിയ അവനെ.

കാശിമെല്ലെ എഴുന്നേറ്റിരുന്നു. അവനെ പിടിച്ച് തന്റെ കീറചാക്കിലേക്കിരുത്തി. അന്നു തുടങ്ങിയ സ്നേഹ ബന്ധം മിനിഞ്ഞാന്ന് പോലീസുകാരോടിക്കുന്നതിനിട യിലാണ് നഷ്ടപ്പെട്ടത്. പാവം ഗീവർഗ്ഗീസ്സ്. അവനി ല്ലാതെ ഞാനില്ലല്ലോ? ഈ നഗരവുമില്ല. കാശിയുടെ കണ്ണുകളിൽ നീർനിറഞ്ഞു.

പെട്ടെന്ന് അവന്റെ മനസ്സിലേക്ക് ഭയം ഇരച്ചു കയറി. ഒരു പക്ഷേ അവനെ പോലീസുകാര് പിടിച്ചു കൊണ്ടു പോയികാണുമോ?.

കാശിയുടെ മനസ്സ് വീണ്ടും മിനിഞ്ഞാന്നത്തെ സന്ധ്യയിലേക്ക് പോയി.

**വ**ണ്ടിയിൽ നിന്നും പ്ലാറ്റ്ഫോമിലേക്കിറങ്ങിയ സ്ത്രീയേയും മകനെയും നോക്കി കൊണ്ട് വെറുതെ പ്ലാറ്റ്ഫോമിലൂടെ നടന്നു. രണ്ടു കനം കൂടിയ പെട്ടികൾ അവർ വണ്ടിയിൽ നിന്നും പ്ലേറ്റ്ഫോമിലേക്കിറക്കുന്നതു കണ്ടു കൊണ്ടാണ് അവരുടെയടുത്തേക്ക് നടന്നത്. സ്ത്രീ അരക്കൊപ്പമെത്തുന്ന അവരുടെ മുടിയിൽ കുളിച്ച് തുളസിയില ചൂടിയിരുന്നു. അവരുടുത്ത വെള്ളമുണ്ടും വേഷ്ടിയും അവർക്ക് നന്നായി ചേരുന്നുണ്ടെന്ന് തോന്നി. ആകെ കൂടി നോക്കിയാൽ നല്ല തറവാടിത്തം. കാശിയുടെ ഹൃദയത്തിലെവിടെയോ ഒരു തേങ്ങൽ.........

ഗീവർഗ്ഗീസ്സ് അതിവേഗത്തിൽ നടന്ന് അവരുടെയടു ത്തെത്തി. കൊച്ചമ്മ ഈ പെട്ടികൾ ഞങ്ങൾ പുറത്തേ ക്കെടുക്കട്ടെ?. അവന്റെ സഹജമായ ചിരിയോടെ അവ രുടെ അടുത്തേക്ക് നീങ്ങി ഒരു പെട്ടിയെടുത്ത് അവൻ തലയിലേക്ക് വച്ചു. മറ്റൊരു പെട്ടിയെടുത്ത് അവർ എന്റെ തലയിലും വച്ചു.

എടുക്കാവുന്നതിൽ കൂടുതൽ ഭാരം പേറി നടക്കുന്ന ഗീവർഗ്ഗീസിനെ നോക്കി പിന്നാലെ നടന്നു. സ്റ്റേഷന്റെ ഗൈറ്റ് കടന്ന് പെട്ടികൾ ഒരു കാറിൽ കയറ്റിവച്ചശേഷം ഞങ്ങൾ അവരുടെ മുഖത്തേക്ക് നോക്കിനിന്നു.

സംപൃപ്തമായ ഭാവത്തോടെ അവർ അവരുടെ പേഴ്സിൽ നിന്ന് ഒരു പത്തു രൂപനോട്ടെടുത്ത് നീട്ടി കൊണ്ട് പറഞ്ഞു. ഇതുവച്ചോ... സന്തോഷത്തോടുകൂടി അവനാനോട്ടു വാങ്ങി കീശയിലിട്ടു കൊണ്ട് അകന്നു പോകുന്ന കാറിനെ നോക്കി നിന്നു.

വാടാ. നമുക്കിന്നൊന്നു കുശാലായി ഉണ്ണണം. ഗീവർഗ്ഗീസ് നേരെ ഹോട്ടലിലേക്കാണ് നടന്നത്.

**രാ**ത്രി സമയം പുറത്തെ ഹാസ്ബറ്റോസ് ഷീറ്റിൽ കഠി നമായ മഞ്ഞു പെയ്യുന്നതിന്റെ ശബ്ദം കേൾക്കുന്നുണ്ട്. കുളിർ ഒരു തേരട്ടയെപോലെ അരിച്ചു കയറി ഉറക്കം വരാതെ കിടക്കുമ്പോഴാണത് കാണുന്നത്. ഒരു പോലീസ് ജീപ്പ് അതിവേഗത്തിൽ ഞങ്ങൾ കിടക്കുന്ന തിന്റെ മുന്നിലെവിടെയോ ബ്രേക്ക് ചവുട്ടി ഉരയുന്നതിന്റെ ശബ്ദവും-പൊടിപടലങ്ങളും നിറഞ്ഞ അന്തരീക്ഷ ത്തിൽ പുറത്തേക്കിറങ്ങുന്ന പോലീസുകാരുടെ ബൂട്ടിന്റെ ശബ്ദത്തോടൊപ്പം, അങ്ങിങ്ങായ് വരാന്തകളിൽ കിട ക്കുന്നവർ കരഞ്ഞുകൊണ്ട് എഴുന്നേറ്റ് ഓടുന്നതും.

ഞങ്ങൾ കിടക്കുന്നതിനടുത്തെത്തിയ പോലീസു കാർ പീടികതിണ്ണയിൽ നിന്ന് അവനെ പിടിച്ച് വെളിയി ലെക്കെറിഞ്ഞു. എവിടെയൊക്കെയോ ചൂരലിന്റെ നീറ്റൽ വൈദ്യുതാഘാതം പോലെ തലച്ചോറിലേക്ക് അരിച്ചു കയറുന്നതറിഞ്ഞു. കണ്ണുതുറന്നപ്പോൾ അവനില്ല. പാവം ഗീവർഗ്ഗീസ് എവിടെയെങ്കിലും ജീവിച്ചിരുന്നാൽ മതിയാ യിരുന്നു.

കാശിയുടെ ഹൃദയത്തിനകത്ത് നിന്ന ഒരു നെടുവീർപ്പ് പുറത്തേക്ക് വന്ന് തൊണ്ടയിലെവിടെയോ തടഞ്ഞു.

●

CLASSIFIED

നക്ഷത്രരാജ്യം മാസികയിലെ
"കുട്ടികളുടെകിന്നാരം" പംക്തിയിൽ
ഫോട്ടോ പ്രസിദ്ധീകരിക്കുവാൻ ബന്ധപ്പെടുക.

**NAKSHATHRA RAJYAM**
**24/1704 A, Raj Building, Byepass Road,**
**Mankave, Kozhikode -07, Kerala, India**
**Mob: 9847649567, 9744233997**




*(പേജ് 17 തുടർച്ച)*

അമ്പിളികുന്നത്താണേ
നമ്മുടെ പെമ്പിളവീട്
അവ്ടെച്ചെന്നാൽ
സൗഖ്യം തന്നെ ചേട്ടന്മാരേ!
(അമ്പിളി)

കാലത്തമ്മ കാപ്പി തരും
കടുകട്ടൻ കാപ്പി
അതിച്ചക്കരവേണേ
ച്ചന്തേപ്പോണം ചേട്ടന്മാരേ!
(അമ്പി...)

ഉച്ചയ്ക്കമ്മ കഞ്ഞിതരും
കുട്ടകത്തിൽ; അതിൽ
മുങ്ങിത്തപ്പ്യാലൊ-
ന്നോ രണ്ടോ വറ്റും കാണും
(അമ്പിളി...)

സ്വന്തം അവകാശങ്ങളെ ജോലി ചെയ്യുന്ന തറവാട്ടിലെ കാരണവരോട് (ജന്മിയോട്-മുതലാളിയോട്) ബോധ്യപ്പെടുത്താൻ കഴിയാതെ ശ്വാസം മുട്ടുന്ന അക്കാലത്തെ തൊഴിലാളികളുടെ മനസ്സിലും ചില പാട്ടുകളുണ്ടയിട്ടുണ്ട്.

കാരണവർ തെങ്ങിൻതോപ്പിലൂടെ പോകുമ്പോൾ അവിടെ പണിയെടുക്കുന്ന തൊഴിലാളി ചെന്തെങ്ങിനെ നോക്കി കാണാത്ത മട്ടിൽ പാടിയ വരികളെ ശ്രദ്ധയിൽപ്പെടുത്തട്ടെ.

വല്ലാണ്ടെ കളിച്ചണ്ട ചെന്തെങ്ങേ..
വല്ലാണ്ടെ കളിച്ചാന്റെ പട്ട ഞാം
വെട്ടും.

കാരണവർ വരുന്ന വഴിയിൽ ചൂണ്ടലിട്ടു മത്സ്യം പിടിക്കാൻ ശ്രമിക്കുന്ന തൊഴിലാളിയുടെ മനസ്സിലെ അമർഷം പുറത്തു ചാടിയതിങ്ങനെ:

കല്ലിന്റിടുമ്പിലെ നെജ്ജും മീനേ
ഇജ്ജ്ന്നോട് കളിച്ചണ്ട.
ഇജ്ജ്ന്നോട് കളിച്ചാലേ
ചൂണ്ടലിട്ടു പിടിച്ചും ഞാനേ....

ഇങ്ങനെ വായിൽത്തോന്നുന്നതെന്തും കോതയ്ക്കു പാട്ടെന്ന രീതിയിലുണ്ടായതാണ് നാടൻ പാട്ടുകൾ. അതേ മനോഭാവമുള്ളവർ കേട്ടു പഠിക്കുകയും പിന്നീടെപ്പോഴോ പാടാൻ ശ്രമിച്ചപ്പോൾ കിട്ടാതെ പോയ വാക്കുകൾക്കും വരികൾക്കും പകരം മനോധർമ്മമനുസരിച്ച് കൂട്ടിച്ചേർക്കപ്പെട്ടവയുമാണ് ഇന്ന് നാം കേൾക്കുന്ന നാടൻ പാടുകൾ.

ഗ്രാമീണ ജീവിതത്തിന്റെ ചാരുതയും നിഷ്കളങ്കതയും ഇഴചേർന്നു നിൽക്കുന്ന നാടൻപാട്ടുകൾ നമ്മുടെ നാടിന്റെ സംസ്കൃതിയേയും സഭ്യതയേയും വിളിച്ചോതുന്ന അമൂല്യമായ സാംസ്കാരിക സമ്പത്താണ്. ആയതിനാൽ ഇത്തരം നാട്ടൻപാട്ടുകളെ നമുക്കു ശേഖരിക്കേണ്ടതുണ്ട്. ശേഖരിച്ചാൽ മാത്രം പോര; ഉറക്കെ പാടുകയും വേണം.

പ്രത്യേകിച്ച്; കവിതയെഴുതുവാനും കഥയെഴുതുവാനും താല്പര്യമുള്ള കൂട്ടുകാർക്ക് ഇതു വളരെ പ്രയോജനപ്പെടുമെന്നു പറയാതെ അറിയാമല്ലോ!

●


കവിത






**എം.സുധീഷ്,**
**കൊയിലാണ്ടി**

**അ**ന്ന്,
ആഴ്ചപതിപ്പിലെ വരികൾക്ക് വേണ്ടി
കാത്തിരിപ്പായിരുന്നു.
കാണുമ്പോൾ പറയുമായിരുന്നു
തോമാച്ചന്റേയും അന്നക്കുട്ടിയു
ടെയും പ്രണയാക്ഷരങ്ങൾ
ഇന്നലെ,
ചാനലുകളിലെ സീരിയലിന്
വേണ്ടി
കാത്തിരിപ്പായിരുന്നു.
കാണുമ്പോൾ പറയുമായിരുന്നു
'അമ്മ മനസ്സും' മാനസപുത്രിയും'
ബാക്കിവെച്ച വേദനകൾ
ഇന്ന്,
റിയാലിറ്റിഷോയിലെ ഗന്ധർവ്വ
ന്മാർക്ക് വേണ്ടി
കാത്തിരിക്കുകയാണ്
കണ്ടപ്പോൾ പറഞ്ഞത്
മുടിനീട്ടിയ കുട്ടൻ ആടിപ്പാടിയ
ഗാനങ്ങൾ
നാളെ,
പച്ച ജീവിത സങ്കട
തൊണ്ടകൾക്കായി
കാത്തിരിക്കുകയും,
കാണുമ്പോൾ പറയുന്നത്
എലിമിനേഷൻ റൗണ്ടിൽ പുറ
ത്തായവരുടെ
ആത്മഹത്യകളെ പറ്റിയാവും.










**കെ.സബിത**

വലിയമ്മ മുറ്റത്ത് വഴുതിവീണ് കാലിന് പരിക്ക് പറ്റി കിടപ്പിലാണെന്ന വിവരം പ്രദീപ് അറിഞ്ഞത് രാത്രി അമ്മയ്ക്ക് ഫോൺ ചെയ്തപ്പോഴാണ്. മൂന്നാല് ദിവസമായത്രെ. അമ്മയ്ക്ക് ഇക്കാര്യം ഒന്നു വിളിച്ചുപറയാൻ തോന്നിയില്ലല്ലോ എന്ന് ഈർഷ്യതോന്നി. പ്രദീപിന് വലിയമ്മയോടുള്ള പ്രിയം അമ്മയെ ചിലപ്പോൾ ശുണ്ഠി പിടിപ്പിക്കാറുണ്ടെന്ന് പ്രദീപ് ഓർത്തു. എന്നാലും ചില നേരങ്ങളിൽ അമ്മയുടെ പെരുമാറ്റം കുറച്ച് കടുപ്പം തന്നെ. ഈയിടെയായി അമ്മയ്ക്ക് മുഷിച്ചിലുണ്ടാവാൻ വേറൊരു കാരണം കൂടിയുണ്ട്. കല്ല്യാണത്തിന് ജാതകപ്പൊരുത്തം നോക്കേണ്ടെന്ന് കർശനമായി പറഞ്ഞത് അമ്മക്ക് ഒട്ടും ഇഷ്ടമായില്ല. ബാക്കി എല്ലാം കൊണ്ടും പ്രദീപ് കണ്ടുപിടിച്ച പെൺകുട്ടിയുടെ കാര്യത്തിൽ അമ്മയ്ക്ക് സമ്മതം തന്നെ.

ശനിയാഴ്ച ഉച്ചതിരിഞ്ഞ് വീട്ടിലെത്തിയ ഉടനെ പ്രദീപ് പത്മിനി വലിയമ്മയെ കണ്ടിട്ട് വരാം എന്ന്പറഞ്ഞ് ഇറങ്ങിയപ്പോൾ അമ്മയുടെ മുഖത്ത് നീരസം.

"ഈ നട്ടുച്ച പൊരിവെയിലത്ത് തന്നെ ഓടണോ- അത്യാസന്ന നിലയിൽ കെടക്കൊന്നും അല്ലല്ലൊ. കാലിനൊര് ഉളുക്ക് പറ്റീന്നേയുള്ളൂ അതിനിത്തിരി വെയിലാറിയിട്ട് പോയാലും മതി-"

"ഞാനിന്ന് വരുംന്ന് വലിയമ്മയ്ക്കറിയാം അത്കൊണ്ട് കാത്തിരിക്കും. പോയിട്ട് വേഗം വരാം വല്യമ്മേനെ കണ്ടിട്ട് കൊറേ ദിവസായി- പെണങ്ങാനത് മതി വല്യമ്മയ്ക്ക്-"

അമ്മ എന്തോ പിറുപിറുത്ത് മനഃപൂർവ്വം അവഗണിച്ചു- "അല്ലെങ്കിലും അവന് പെറ്റതള്ളെടെ അടുത്തിരിക്കാൻ നേരല്ല-" എന്നായിരിക്കും എന്നൂഹിച്ചു. ഉള്ളിൽ ചിരി വന്നു പ്രദീപിന്.


അധികം ദൂരമൊന്നുമില്ല വലിയമ്മയുടെ വീട്ടിലേയ്ക്ക്. മെയിൻ റോഡിലൂടെ ഒരു പതിനഞ്ച് മിനുട്ട് നടന്ന് റെയിൽ ക്രോസ് ചെയ്ത് ചെറിയ ഇടവഴിയിലൂടെ അല്പം പോയാൽ ആ പഴയരീതിയിലുള്ള മാളിക വീട്ടിലെത്താം. തൊടിയിലെ നന്നായ് കായ്ക്കുന്ന ചാമ്പമരവും മാവുമൊക്കെ ചെറുപ്പത്തിലേ വലിയൊരു ആകർഷണമായിരുന്നു. കാഞ്ഞങ്ങാട്ടേക്ക് ട്രാൻസ്ഫറായി പോയതിനു ശേഷം ഇടയ്ക്കുള്ള സന്ദർശനത്തിന് ഇടവേളകൾ കൂടി. വലിയ സന്തോഷമാണ് പ്രദീപ് ചെല്ലുന്നത്. ഇഷ്ടമുള്ള പലഹാരങ്ങൾ ഉണ്ടാക്കി കഴിപ്പിക്കാൻ വലിയ ഉത്സാഹമാണ്. വർത്തമാനം പറഞ്ഞിരിക്കുമ്പോൾ സമയം പോകുന്നതറിയില്ല. എന്തൊക്കെ വിഷമങ്ങളുണ്ടെങ്കിലും മുഖത്ത് സദാപ്രസന്നഭാവം. ഒന്നിനെപ്പറ്റിയും ഒരു പരാതി പറഞ്ഞുകേട്ടിട്ടില്ല ഇതുവരെ.

ഒരേ ഒരു മകളായ വനജ ഭർത്താവിന്റെ ജോലിസ്ഥലത്ത് നിന്ന് നാട്ടിൽ സന്ദർശനത്തിന് എത്തിയത് കൊണ്ട് വലിയമ്മയ്ക്ക് കൂട്ടായി. അതുവരെ അനുജന്റെ മകളായ തങ്കച്ചേച്ചിയായിരുന്നു കൂടെ. അവർ അവിവാഹിതയായത്കൊണ്ട് അധികവും വലിയമ്മയ്ക്ക് കൂട്ടിനെത്താൻ വിഷമമില്ല,

മുറ്റത്തിന് അതിരിൽ വലിയമ്മ നട്ടുപിടിപ്പിച്ച പൂച്ചെടികൾ വളർന്നുനിൽക്കുന്നു. സ്വീകരണമുറിയുടെ വാതിൽക്കലെത്തിയപ്പോൾ ടിവി കണ്ടുകൊണ്ടിരുന്ന വനജ പിടഞ്ഞെണീറ്റു.

"പ്രദീപേട്ടനോ! കാഞ്ഞങ്ങാട് നിന്ന് എപ്പഴാ എത്തിയത്? ഇന്നു വരുന്നുണ്ടാകുംന്ന് അമ്മ രാവിലേ പറയാൻ തുടങ്ങിയതാ- ഇപ്പോ ഒന്നു മയങ്ങിപ്പോയി എന്നു തോന്നുന്നു."

വനജയുടെ കൂടെ വലിയമ്മയുടെ മുറിയിലേക്ക് നടന്നു. കാൽപെരുമാറ്റം കേട്ട അവർ കണ്ണു തുറന്ന് പ്രദീപിനെ നോക്കി ചിരിച്ചു.



"നിന്നെ കാണാൻ കൊതിച്ചിരിക്കായിരുന്നു. ഇന്നെന്തായാലും വരുംന്ന് ഒറപ്പായിരുന്നു. വല്യമ്മയ്ക്ക് തിന്നാൻ എന്താ കൊണ്ടന്നത്ന്ന് നോക്കട്ടെ-" പ്രദീപിന്റെ കൈയിൽനിന്ന് പലഹാരപ്പൊതി അവർ പിടിച്ചു വാങ്ങി.

''ഈ അമ്മേടെ ഒരുകാര്യം! ചെറിയ കുട്ട്യേളെപ്പോലെയാ കൊതി.'' പ്രദീപിന് ഇരിക്കാൻ കസേര നീക്കിയിടുന്നതിനിടയിൽ വനജ പിറുപിറുത്തു.

''എനിക്കെന്താ ഇഷ്ടം ന്നൊക്കെ മോനറിയാം-നീയിവിടെ എന്റട്ത്ത് ഇരിക്ക്. നിന്നെ കണ്ടിട്ട് എത്ര ദെവസായി- കാഞ്ഞങ്ങാട്ടേക്ക് പോയെന് ശേഷം നീയങ്ങ് മെലിഞ്ഞ് പോയീട്ടോ- അട്ത്തൊന്നും ഇങ്ങട്ടേക്ക് മാറ്റം കിട്ടില്ലെ-"

''നോക്ക്ന്ന്ണ്ട് വല്യമ്മെ, സർക്കാർ കാര്യമല്ലെ- വീട്ട്ന്റട്ത്ത് തന്നെ കിട്ടണം വിചാരിച്ചാ ഒക്ക്വാ!"

കട്ടിലിന്റെ സൈഡിലിരുന്നു പ്രദീപ് വലിയമ്മയുടെ നെറ്റിയിൽ പാറിക്കിടക്കുന്ന മുടിയിഴകൾ ഒതുക്കി. അനങ്ങാതെ വെറുതെ കിടക്കുന്നത് കൊണ്ടാവാം വലിയമ്മയുടെ പ്രസരിപ്പ് കുറഞ്ഞത് പോലെ.

''കാലിന് വേദനയൊന്നും ല്ലല്ലോ-"

''ഉണ്ടായിരുന്നു നല്ലോണം. ഇപ്പൊ കുറവുണ്ട്- അല്ലെങ്കിലും വേദനേക്കാളും കടുപ്പം വനജേടെ വർത്താനല്ലെ. ഞാൻ ശ്രദ്ധല്ലാതെ നടന്ന് ഓരോന്ന് വർത്തിക്കൂട്ടാണ് എന്നാ പരാതി. നിന്റെ അമ്മ വന്നപ്പളും അതന്നെ പറച്ചില്ല്-"

"അമ്മ എന്തൊക്കെയാ പറഞ്ഞ് പിടിപ്പിക്ക്ന്നത്. പ്രദീപേട്ടനെ കണ്ടാപ്പിന്നെ അമ്മയ്ക്ക് ഇങ്ങനെയാ-"

ചായ കൊണ്ടുവയ്ക്കുന്നതിനിടയിൽ വനജ ചിരിയോടെ പറഞ്ഞു.

''പ്രദീപേട്ടൻ കുറച്ച്നേരം ണ്ടാവൂലെ ഞാനൊന്ന് സൂപ്പർ മാർക്കറ്റ് വരെ പോയി പെട്ടെന്ന് വരാം. അത്യാവശ്യം കുറച്ച് സാധനങ്ങള് വാങ്ങാൻണ്ട്-"

"ഞാനുണ്ടാകും- വനജ പോയി വന്നോളൂ" പ്രദീപ് ചായ കുടിക്കുന്നതും നോക്കി മിണ്ടാതെ കിടന്നു വലിയമ്മ.

''ബിസ്ക്കറ്റ് തിന്ന് മോനെ. കാലിന് വയ്യാതെ കെടപ്പായിപ്പോ യതോണ്ട് നിനക്ക് ഇഷ്ടള്ള തൊന്നും ഉണ്ടാക്കിത്തരാൻ പറ്റീല. ആട്ടെ രണ്ട് രണ്ടര മാസല്ലെള്ളൂ കല്യാണത്തിന് കത്തടിക്കാനൊക്കെ കൊടുത്തൊ"

"അടുത്താഴ്ചയാവട്ടെ."

ജാതകം നോക്കണ്ടാന്ന് പറഞ്ഞതിന് അമ്മയ്ക്ക് വല്യ ദേഷ്യണ്ട്. ഞാനവളെ പറഞ്ഞ് മനസ്സിലാക്കാൻ കൊറേനോക്കി. തൃപ്തയായ മട്ടില്ല. അവൾക്കിതിലൊക്കെ വിശ്വാസം കുറച്ച് കൂടീട്ടും പോയി. മനഃപ്പൊരുത്തത്തിലും വലുത് ഒന്നൂല്യ മോനെ- വല്യമ്മടെ അനുഭവത്തിൽന്ന് മനസ്സിലായതാന്ന് കൂട്ടിക്കോളു."

അച്ഛന്റെ സഹോദരി യശോദ മൂത്തമ്മ പറഞ്ഞിട്ടാണ് വലിയമ്മയുടെ യൗവ്വന കാലത്തെപറ്റി പ്രദീപ് കുറെയൊക്കെ അറിയുന്നത്. അകന്ന ബന്ധത്തിൽപെട്ട പത്മിനിയെ അച്ഛന് വേണ്ടി ആലോചിച്ചിരുന്നതാണ്. ജാതകപ്പൊരുത്തമില്ലെന്ന് പറഞ്ഞ് അച്ഛമ്മ കടുംപിടുത്തം പിടിച്ചത് കൊണ്ട് നടന്നില്ല. പിന്നെയും മൂന്ന്കൊല്ലം കഴിഞ്ഞ് അവർ വലിയച്ഛന്റെ രണ്ടാം ഭാര്യയായി തറവാട്ടിലേക്ക് വന്നത് നിയോഗം. അതും ജാതകപ്പൊരുത്തം ഉറപ്പിച്ചതിനുശേഷം. വലിയച്ഛന്റെ ആദ്യഭാര്യ കാൻസർ വന്ന് മരിച്ച് രണ്ട് കൊല്ലമായിരുന്നു. എന്നിട്ടോ വനജയെ പ്രസവിച്ച് കൊല്ലം രണ്ടാകുന്നതിന് മുമ്പേ വിധവയുമായി. ഒരു സിനിമാക്കഥ കേൾക്കുന്ന കൗതുകത്തോടെയാണ് കുട്ടിക്കാലത്ത് ഈ കഥകളൊക്കെ കേട്ടത്.

"കാര്യം നിന്റെ അമ്മക്ക് നല്ല ശീലൊക്കെ തന്നെ. എന്നാലും ചെലസമയങ്ങളില് ഒരു എടുത്ത് ചാട്ടക്കാരിയാ- പഴേ സമ്പ്രദായത്തിലെ കൂട്ടുകുടുംബാവുമ്പോ ചെറിയ പ്രശ്നങ്ങളൊക്കെ ണ്ടാവും അതൊക്കെ അങ്ങട് കണ്ടില്ല കേട്ടില്ലാന്ന് വയ്ക്കേ വേണ്ടൂ."

യശോദ മൂത്തമ്മ പറഞ്ഞ് നിർത്തിയതിന്റെ പൊരുൾ പ്രദീപ് ഊഹിച്ചു. വലിയമ്മയെ സ്വന്തം വീട്ടിലേയ്ക്ക് തിരികെ അയ്ക്കാൻ അമ്മയ്ക്കായിരുന്നു വലിയ താൽപര്യം എന്നു കേട്ടിട്ടുണ്ട്. ഭാഗത്തിൽ വലിയച്ഛന്റെ ഓഹരി കിട്ടിയത് കൊണ്ട് അമ്മയും മോളും ഞെരക്കമില്ലാതെ കഴിഞ്ഞെന്നു മാത്രം. തറവാട്ടിലെന്ത് കാര്യത്തിലും വലിയമ്മ മുന്നിലുണ്ടാകും എന്നും.

"നീയെന്താ മോനെ ആലോചിക്കുന്നത്-"

''ഓ അല്ല, വല്യമ്മയ്ക്ക് എന്നേക്ക് നടക്കാനാകുംന്ന് ഡോക്ടറെ കണ്ടൊന്ന് ചോദിക്കണം. കല്യാണത്തിന് എല്ലാത്തിനും വല്യമ്മ വേണം മേൽനോട്ടത്തിന്"

''ഞാനും അത് തന്നെയാ കാത്തിരിക്കണത്. നിയ്യൊര് പെൺകുട്ടിയെ കൈപിടിച്ച് കൊണ്ടുവരുന്നതിനെ പറ്റി ഞാനെത്ര വട്ടം സ്വപ്നം കണ്ടിട്ട്ണ്ട്ന്നോ- നിന്നെ ഞാൻ പെറ്റതല്ലാന്നേള്ളൂ. നിനക്ക്ണ്ടാവണ കുട്ടിയെ മടീലെടുത്ത് കൊഞ്ചിച്ചിട്ടേ എനിക്കെന്തെങ്കിലും വര്ത്താവു എന്നാ എന്റെ പ്രാർത്ഥന. ജാതകത്തിന്റെ ഓലയിൽ കുറിച്ചത് പോല്യാന്നും അല്ല എന്റെ അനുഭവങ്ങള്. ഓലകളിൽ വരച്ചിട്ടത് ഒന്ന്, ജീവിതത്തില് വന്ന് പെടുന്നത് വേറെ മാതിരി- അത്രേ ഉള്ളു എല്ലാം.

വലിയമ്മയുടെ കൺ കോണുകളിൽ നീർത്തുള്ളികൾ ഉരുണ്ടുകൂടി.

പ്രദീപിന് ഉള്ളിൽ ഒരു നീറ്റൽ തോന്നി.

"ഒക്കെ സാധിക്കും വല്യമ്മെ. ഈ പ്രായത്തില് ഇത്രേം ആരോ



ജന്മദിനാശംസകൾ

1st Happy Birthday

SREE DARSH SANOOSH

(12-04-2009)

'Akshaya', Koyilandy

മിനിക്കഥ

# ദേവുവിന്റെ ചക്കരമാവ്



**ആതിര എം.**
(IVth Std, അച്ചുതൻ ഗേൾസ് ഹൈസ്കൂൾ ചാലപ്പുറം)

നങ്ങേലി മുത്തശ്ശിയുടെ പേരക്കുട്ടിയാണ് ദേവു. അവളുടെ അച്ഛനും അമ്മയും അവൾക്ക് രണ്ട് വയസ്സായപ്പോഴേക്കും മരിച്ചുപോയി. നങ്ങേലി മുത്തശ്ശിയാണ് പിന്നെയവളെ എടുത്തുവളർത്തിയത്. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ നങ്ങേലി മുത്തശ്ശിയും മരിച്ചു. അങ്ങനെ ദേവു ഒറ്റക്കായി. അവൾക്ക് അവളുടെ സങ്കടങ്ങളും സന്തോഷങ്ങളും പറയാൻ തൊട്ടപ്പുറത്തെ തൊടിയിലെ ചക്കരമാവ് മാത്രമായിരുന്നു ഉണ്ടായിരുന്നത്. അങ്ങനെ ഇരുവരും ചങ്ങാതിമാരായി. ചക്കരമാവ് എപ്പോഴും ദേവുവിന് മാമ്പഴങ്ങൾ സമ്മാനിക്കും. നല്ല തേനൂറും മധുരമുള്ള ചക്കരമാമ്പഴങ്ങൾ. അങ്ങനെ ഒരിക്കൽ ചക്കരമാവിനെ വെട്ടാൻ ഒരു മരം വെട്ടുകാരൻ വന്നു. അയാൾ കോടാലി എടുത്ത് ചക്കരമാവിനെ വെട്ടുവാൻ നോക്കി. പക്ഷേ അപ്പോഴേയ്ക്കും ദേവു എത്തി. അവൾ അവരോട് പറഞ്ഞു. " ഈ ചക്കരമാവിനെ നിങ്ങൾ വെട്ടരുത് നിങ്ങൾക്ക് ഞാനെന്തുവേണമെങ്കിലും നൽകാം. ഈ ചക്കരമാവിനെ നിങ്ങൾ വെട്ടരുത്." പക്ഷേ ദേവുവിന്റെ വാക്കുകൾ അയാൾ



ചെവികൊണ്ടില്ല. അയാൾ കോടാലി എടുത്ത് ചക്കരമാവിനെ വെട്ടാൻ നോക്കി. പക്ഷേ ചക്കരമാവിന്റെ തടിയുടെ ഉറപ്പ് കൊണ്ട് കോടാലി ഊരി വീണു. ഈ തക്കം നോക്കി ദേവു അവളുടെ കൂട്ടുകാരെ വിളിച്ചു. അവരെല്ലാവരും കൂടി കൈകൾ കോർത്ത് പിടിച്ച് ചക്കരമാവിനെ വളഞ്ഞു. മരം വെട്ടുകാരൻ കുറേ നേരം കാത്തിരുന്നു. പക്ഷേ ഫലമുണ്ടായില്ല. അങ്ങനെ മരം വെട്ടുകാരൻ നാണിച്ച് സ്ഥലം വിട്ടു. ദേവുവാകട്ടെ, തന്റെ ചക്കരമാവിനെ രക്ഷിച്ച കൂട്ടുകാർക്ക് ചക്കരമാവിന്റെ കൊമ്പിൽ നിന്ന് ധാരാളം മാമ്പഴങ്ങൾ പറിച്ചുകൊടുത്തു. തന്റെ ജീവൻ രക്ഷിച്ച കൂട്ടുകാരോട് ചക്കരമാവ് നന്ദിയും പറഞ്ഞു. ●

---

ഗ്യമുള്ള പെണ്ണ്ങ്ങള് ആരാള്ളത്. അമ്മയ്ക്കാണെങ്കില് എപ്പഴും എന്തെങ്കിലും അസുഖങ്ങളൊക്കെയാ–.

''അവള് പാവം വേറെ ഒരു തരക്കാരിയാ. എപ്പഴും ഒരു ആധിയാ അവൾക്ക്. അച്ഛൻ പോയേപ്പിന്നെ ചെറകറ്റ പോലെയായി. ഒറ്റയ്ക്കായപ്പൊ എന്നെപ്പോലെ പിടിച്ച് നിൽക്കാൻ പറ്റ്ണ്ണ്ടാവില്ല പാവത്തിന്".

"നിന്റെ പെണ്ണിന്റെ ഫോട്ടോ കണ്ടപ്പോതന്നെ എനിക്കിഷ്ടായി. പഠിപ്പും ഉദ്യോഗവുമുണ്ട്. ഒരു കൊല്ലായി നിങ്ങള് തമ്മില് പരിചയമായിട്ട് അല്ലെ- മനസ്സുകള് തമ്മിലുള്ള ചേർച്ചയാ വലുത് മോനെ. സ്വത്ത്, തറവാട്, ജാതകപ്പൊരുത്തം ഒക്കെ നോക്കി കാരണവൻമാർ നടത്തണ കല്യാണത്തിൽ എത്രയാൾക്ക്ണ്ട് ഉള്ളഴിഞ്ഞ സ്നേഹവും മനഃപ്പൊരുത്തവും ഒക്കെ?. പിന്നെ ഒക്കെ സഹിച്ച് ഒരു കഴിഞ്ഞ്കൂടല് തന്നെ."


പ്രദീപ് വലിയമ്മയുടെ കവിളത്ത് കൈത്തലം അമർത്തി.

''വലിയമ്മേടെ ഈ മനസ്സ് മറ്റാർക്ക്ണ്ട്! എന്നും ഞാനുണ്ടാകും വലിയമ്മേടെ മോനായിട്ട് തന്നെ–"


നീയ് പറയാതെ തന്നെ എനിക്ക് അത് പണ്ടേ ബോധ്യാണ് മോനെ".

പ്രദീപിന്റെ മുഖം പിടിച്ചു താഴ്ത്തി തന്റെ നെഞ്ചോട് ചേർത്തു വലിയമ്മ ശബ്ദമില്ലാതെ കരഞ്ഞു. കാലാകാലങ്ങളായി അമർത്തി വച്ച വ്യഥകളുടെ പെരുവെള്ളപ്പാച്ചിൽ ശ്രവിച്ചുകൊണ്ട് അവൻ വലിയമ്മയുടെ കരവലയത്തിൽ ഒതുങ്ങിക്കിടന്നു. ●

## നക്ഷത്രരാജ്യം കോമിക്സ് *ജോബി - ഷാലി*



*Edited, Printed Published by E. Radhakrishnan Kommeri on behalf of Nakshathra Rajyam Monthly.*
*Printed at Geethanjali Offset Prints, Kundayithode, Kozhikode.*




# അമ്മാൾ മെറ്റൽസ്

Door No. 22/1982A

**വെസ്റ്റ് മാങ്കാവ്, കോഴിക്കോട്**

ഫോൺ: **9388429688, 9447010727**





**എല്ലാതരത്തിലുള്ള സ്റ്റെയിൻലസ്സ് സ്റ്റീൽ ഫർണിച്ചറുകൾ ഇവിടെ ലഭിക്കുന്നതാണ്**

Reg.No:2008/11/2718/D/
P.R.No:KL/CT/192/2008-10
NAKSHATHRA RAJYAM MONTHLY
2009 April 30 – May 29
Rs.5.00


# 7th year of Excellence in Health Care

## ക്ലിനിക്കൽ അസ്സോസിയേറ്റ്സ്
## മെഡിക്കൽ ലബോറട്ടറി

ഗ്രൗണ്ട് ഫ്ളോർ, ദേവിക ബിൽഡിംഗ്, ചാലപ്പുറം പോസ്റ്റ്
ഓഫീസിന് സമീപം, കോഴിക്കോട്-2. ഫോൺ: 2300654

**Facilities with us**

- Fully computerised Medical Laboratory
- Fully computerised six channel E.C.G.
- Undertake all laboratory investigation (Biochemistry, Microbiology, Haematology, Pathology & Serology)
- Residence Service Available.
- Free Tests for poor patients
- Executive health checkup available.
- Various schemes available.

  Lipid profile, Diabetic profile, Cardiac profile, Pregnancy profile, Arthritis profile, Viral markers, Fever profile.
- Free B.P. Check up.

**Working hours 8.00 am to 8.00 p.m.**

| | | | | | |
|---|---|---|---|---|---|
| LIPID PROFILE | RS.150/- | | | | |
| LIVER FUNCTION | RS.150/- | | | | |
| DIABETIC PROFILE | RS.250/- | | | | |
| LFT/LPT/ KIDNEY FUNCTION | RS.350/- | | | | |

Conditions: For 1 year for 4 Times, Cannot be Clubbed with Referral Tests

**Home Collection Facility Available - Call 9961 002 002**

ഈ കൂപ്പണുമായി വരുന്നവർക്ക് ഒരു വർഷത്തേക്ക്
ഈ സ്കീമിൽ ചെയ്യാവുന്നതാണ്.

*Committed To Serve For Health Care*

Cedar Clt.